Annual subscription Rs. 60/-

## രക്ഷയുടെ വില

ഇന്ത്യയിൽ കടലോരഗ്രാമത്തിൽ സുവിശേഷപ്രവർത്തനം നടത്തിയിരുന്ന മിഷനറിയെ, ഗ്രാമത്തിലെ മൂപ്പന് ഏറെ ബഹുമാനവും സ്നേഹവുമായിരുന്നു. എന്നാൽ തന്റെ പാപത്തിനു വേണ്ടി ദൈവപുത്രൻ മരിച്ചതു വിശ്വാസത്താൽ സ്വീകരിച്ച രക്ഷ സൗജന്യമായി കൈക്കൊള്ളാൻ മിഷനറി പലവട്ടം ആവശ്യപ്പെട്ടെങ്കിലും മൂപ്പന് അതു സ്വീകാര്യമായിരുന്നില്ല. വിലതീരാത്ത രക്ഷ സൗജന്യമായി കൈക്കൊള്ളുകയോ? മൂപ്പന് അത് അംഗീകരിക്കാൻ കഴിഞ്ഞില്ല.

അങ്ങനെയിരിക്കെ മിഷനറി തന്റെ പ്രവർത്തനം അവസാനിപ്പിച്ച് സ്വദേശത്തേക്കു മടങ്ങുന്ന ദിവസം വന്നു. മൂപ്പനോട് അദ്ദേഹം യാത്ര പറയാൻ വന്നപ്പോൾ മൂപ്പൻ അദ്ദേഹത്തിന് ഒരു മുത്തു സമ്മാനമായി നൽകി (കടലിൽ മുങ്ങി മുത്തു വാരുന്നതായിരുന്നു ആ ഗ്രാമവാസികളുടെ തൊഴിൽ).

മിഷനറി ആ മുത്തിന്റെ വില എത്രയാണെന്ന് അന്വേഷിച്ചു. ആ ചോദ്യത്തിന് മൂപ്പൻ ഒരു സങ്കടകഥയുടെ കെട്ടഴിച്ചു:

മൂപ്പന് ഒരേയൊരു മകനാണുണ്ടായിരുന്നത്. അവൻ മുത്തിനായി ഒരിക്കൽ കടലിൽ മുങ്ങി. പക്ഷേ ഏറെ സമയം കഴിഞ്ഞിട്ടും അവൻ പൊങ്ങിവന്നില്ല. അവനെ അന്വേഷിച്ച് കടലിൽ തിരച്ചിൽ നടത്തിയവർ ആ സത്യം കണ്ടെത്തി. അവന്റെ തല കടലിന് അടിത്തട്ടിലെ ഒരു പാറയിടുക്കിൽ കുടുങ്ങിയതിനാലാണ് അവനു പൊന്തിവരാൻ കഴിയാതിരുന്നത്. അവർ അവന്റെ ജഡം കരയിൽ കൊണ്ടുവന്നു. ആ മൃതദേഹത്തിന്റെ ചുരുട്ടിപ്പിടിച്ച കയ്യിൽ ഒരു മുത്തുണ്ടായിരുന്നു.

"ആ മുത്താണിത്" മൂപ്പൻ പറഞ്ഞു: "എന്റെ മകന്റെ ജീവന്റെ വിലയാണിത്. അതുകൊണ്ടുതന്നെ ഈ മുത്ത് ലോകത്തിലേറ്റവും വിലയുള്ളതാണ്. ഈ വലിയ വില താങ്കൾക്കു തരാൻ കഴിയുകയില്ല, അതുകൊണ്ട് ഞാനിതു താങ്കൾക്കു സൗജന്യമായി തരികയാണ്".

പെട്ടെന്നു മിഷനറി പറഞ്ഞു:"ഇതു തന്നെയാണു ദൈവവും ചെയ്തത്. തന്റെ പുത്രന്റെ ജീവന്റെ വിലയാണു രക്ഷ. അതേറ്റവും വിലയുള്ളതായതിനാൽ മനുഷ്യന് അതിന്റെ വില കൊടുത്തുതീർക്കാനാവില്ല. അതുകൊണ്ട് ദൈവം അതു സൗജന്യമായി നൽകി. രക്ഷ സൗജന്യം. അതിനു കാരണം, അതു വില തീരാത്തത്".

മൂപ്പനു കാര്യം മനസ്സിലായി. അദ്ദേഹം ദൈവത്തിന്റെ സൗജന്യരക്ഷ സന്തോഷത്തോടെ സ്വീകരിച്ചു.

'സൗജന്യമാണീ സൗഭാഗ്യമാകയാൽ
സൗകര്യമാണിപ്പോൾ മനം തിരിവീൻ'.

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

# ജീവമൊഴികൾ

വാല്യം 10 – ലക്കം 10 ഒക്ടോബർ 2012



**എഡിറ്റോറിയൽ**

# നുറുക്കത്തിന്റെ പരിമള വഴികൾ



“ജീവിതത്തിൽ നുറുക്കം അറിയാത്ത ഒരുവൻ അങ്ങേയറ്റം അപകടകാരിയാണ്” – സാൽവേഷൻ ആർമിയുടെ സ്ഥാപകനും ദൈവഭൃത്യനുമായിരുന്ന വില്യം ബൂത്തിന്റേതാണ് ഈ വാക്കുകൾ. അദ്ദേഹം സാമുവൽ ലോഗൻ ബ്രൻഡൽ എന്ന യുവാവിനെഴുതിയ കത്തിൽ നിന്നാണ് ഈ വരി.

വില്യം ബ്രുത്ത് രക്ഷാസൈന്യത്തിന്റെ പ്രവർത്തനങ്ങളുമായി ഇംഗ്ലണ്ടിൽ പ്രസിദ്ധനായി കഴിയുന്ന കാലം. ഇതേ കാലഘട്ടത്തിൽ സാമുവൽ ലോഗൻ ബ്രൻഡൻ യുഎസിലും ശക്തനായ  പ്രസംഗകൻ എന്ന നിലയിൽ പ്രശസ്തനായിരുന്നു. അങ്ങനെയിരിക്കെ രക്ഷാസൈന്യത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു പഠിച്ച ബ്രൻഡൽ, വില്യം ബൂത്തിനോടു ചേർന്നു പ്രവർത്തിക്കാൻ ആഗ്രഹിച്ചു.തന്റെ തീരുമാനം അറിയിച്ചുകൊണ്ടു യുവാവായ ബ്രൻഡൽ, മുതിർന്ന ദൈവഭൃത്യനായ ബൂത്തിനു കത്തെഴുതി.

മടക്കത്തപാലിൽ തന്നെ ബൂത്തിന്റെ മറുപടി വന്നു: ‘ഞാൻ മനസ്സിലാക്കിയിടത്തോളം താങ്കൾ ഇതുവരെ ആർക്കും കീഴടങ്ങിയിരുന്നു ജീവിതത്തിൽ നുറുക്കം അറിഞ്ഞിട്ടില്ലാത്ത ഒരു യുവാവാണ്. ജീവിതത്തിൽ നുറുക്കം അറിയാത്ത ഒരുവൻ അങ്ങേയറ്റം അപകടകാരിയാണ്. അത്തരം ഒരാളെ എന്റെ പ്രസ്ഥാനത്തിൽ സ്വീകരിച്ച് അപകടം ക്ഷണിച്ചു വരുത്താൻ എനിക്കു താത്പര്യമില്ല. ഇവിടെ ഒരു പ്രസംഗകനെ ആവശ്യമില്ല. പിന്നെ, താങ്കൾക്ക് ഇവിടെ പ്രവർത്തിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടെങ്കിൽ ഇവിടെ പ്രവർത്തകരുടെ ഷൂസു പോളീഷ് ചെയ്യാനൊരു ഒഴിവുണ്ട്.വളരെ ആലോചിച്ച് അതിനു സമ്മതം ഉണ്ടെങ്കിൽ മാത്രം ഇങ്ങോട്ടു വന്നാൽ മതി.’

ഓരോ വരിയിലും തീ ആളുന്ന തീക്ഷ്ണമായ ഒരു കത്ത്!ആ വാക്കുകളിലെ കാഠിന്യം ബ്രൻഡലിനെ പൊള്ളിച്ചെങ്കിലും ഒടുവിൽ അദ്ദേഹം ക്ഷണം സ്വീകരിക്കാൻ തന്നെ തീരുമാനിച്ചു.

ബ്രൻഡൽ ഇംഗ്ലണ്ടിലെത്തി വില്യം ബൂത്തിനെ കണ്ടു. രക്ഷാസൈന്യത്തിൽ ചേർന്നു പ്രവർത്തനം ആരംഭിച്ചു. ഷൂസ് പോളീഷു ചെയ്യുന്നതാണു ജോലി. രണ്ടു വർഷം ഇതേപോലെ കടന്നുപോയി. ഇംഗ്ലണ്ടിൽ വന്നതിന്റെ രണ്ടാം വാർഷിക ദിവസം ബ്രൻഡൽ ഏറെ നേരം ദൈവസന്നിധിയിൽ കരഞ്ഞു – ‘ദൈവമേ, എന്റെ ശുശ്രൂഷ. അവിടുന്ന് എനിക്കു തന്ന വരങ്ങൾ. എല്ലാം  പാഴായിപൊയ്ക്കോട്ടെ എന്നോ?’

അന്നു രാത്രി ബ്രൻഡൽ ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ, യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നു!

ബ്രൻഡലിനു സന്തോഷമായി. പിറ്റേന്നു രാവിലെ മുതൽ ഏറെ ഉത്സാഹത്തോടെ മറ്റെല്ലാം മറന്ന് അദ്ദേഹം ഷൂസുകൾ പോളീഷ് ചെയ്യാൻ തുടങ്ങി. ‘അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ’ എന്ന ദൈവവചനം പോലെയാണു തുടർന്നു കാര്യങ്ങൾ നടന്നത്. ശ്രദ്ധേയമായ ഒരു ശുശ്രൂഷയിലേക്കു ദൈവം അദ്ദേഹത്തെ നടത്തി. യൂറോപ്പിലെ നാല്പതിൽപരം രാജ്യങ്ങളിൽ രക്ഷാസൈന്യത്തിന്റെ പ്രവർത്തനങ്ങൾക്കു രണ്ടാമനായി അദ്ദേഹം നേതൃത്വം നൽകി. അതിലുപരി നുറുക്കത്തെക്കുറിച്ചു ദൈവം ബ്രൻഡലിനു നൽകിയ അനുഭവങ്ങൾ ഇന്നും യഥാർത്ഥ ദൈവവഴിയിൽ പോകാനാഗ്രഹിക്കുന്നവർക്കു വെല്ലുവിളിയാണ്.

നുറുക്കത്തിന്റെ വഴി അറിയാത്ത ഒരാളെ, ദൈവം തന്നെത്തന്നെ വിശ്വസിച്ചേൽപ്പിക്കുക്കയില്ല എന്നതിന് പഴയനിയമത്തിലെ ആദ്യത്തെ ശ്രദ്ധേയമായ ഉദാഹരണം യാക്കോബിന്റേതാണ്.ഇരുപതുവർഷത്തെ ശിക്ഷണത്തിനുശേഷവും യാബോക്ക് കടവിൽ ദൈവത്തിന് അക്ഷരാർത്ഥത്തിൽ തന്നെ യാക്കോബിന്റെ സ്വയശക്തിയെ തകർക്കേണ്ടിവന്നു (ഉല്പത്തി 32:25).അവിടം മുതലാണ് കാര്യങ്ങൾ മാറുന്നത്. തുടർന്നു ദൈവം തന്നെത്തന്നെ യാക്കോബിന് ഏൽപിച്ചുകൊടുക്കുകയും യാക്കോബിന്റെ ദൈവം (ഉൽപ. 49:24, പ്രവൃ. 7:46) എന്നറിയപ്പെടുന്നതിൽ ലജ്ജിക്കാതിരിക്കുകയും (എബ്രാ. 11:16) ചെയ്യുന്നു!

യാക്കോബിന്റെ പൂർണമായ നുറുക്കത്തിന്റെ പ്രതീകം അവന്റെ കയ്യിൽ യാബോക്ക് കടവു മുതൽ എന്നും ഉണ്ടായിരുന്ന വടിയാണ്. എബ്രായലേഖനകാരൻ വേണ്ട സമയത്ത് ഈ പ്രതീകത്തെ ഉയർത്തിക്കാട്ടുന്നുണ്ട് — ‘വിശ്വാസത്താൽ യാക്കോബ് മരണകാലത്തിങ്കൽ യോസേഫിന്റെ മക്കളെ ഇരുവരെയും അനുഗ്രഹിക്കുകയും വടിയുടെ അറ്റത്തു ചാരിക്കൊണ്ടു നമസ്ക്കരിക്കുകയും ചെയ്തു’. (11:21) തൊട്ടുതാഴെയുള്ള വാക്യത്തിൽ എബ്രായ ലേഖനകാരൻ യാക്കോബിന്റെ മകനായ യോസഫിനെക്കുറിച്ചു പറയുന്നു (11:22). അതിനടുത്ത് വാക്യം മുതൽ ദൈവകരങ്ങളിൽ നുറുങ്ങപ്പെട്ട മോശെയെക്കുറിച്ചു പറഞ്ഞു പോകുകയാണ്.

മോശെയ്ക്കും യാക്കോബിനും ഇടയിൽ പരാമർശിക്കപ്പെടുന്ന യോസേഫിനെ പലപ്പോഴും നുറുക്കത്തിന് ഉദാഹരണമായി പലരും കാണാറില്ല.എന്നാൽ നുറുക്കത്തിന്റെ ഒട്ടേറെ പാഠങ്ങൾ യോസേഫിൽ നിന്നും നമുക്കു പഠിക്കുവാൻ കഴിയും.

യാക്കോബിന്റെ പ്രയാണ പഥത്തിൽ നിർണായകമായ രംഗങ്ങളിൽ ‘സൂര്യൻ അസ്തമിച്ചു’, ‘സൂര്യൻ ഉദിച്ചു’ എന്നിങ്ങനെ പരാമർശിക്കുകയും സൂര്യൻ ഒരു പ്രതീകം പോലെ ആവർത്തിച്ചു വരികയും ചെയ്യുന്നതുപോലെ യോസേഫിന്റെ ചരിത്രത്തിൽ അവന്റെ ‘വസ്ത്രം’ ദൈവിക ഇടപെടലുകളുടെ ഒരു പ്രതീകമായി മാറുന്നതു കാണാം.

പതിനേഴാം വയസ്സിൽ യോസേഫിനു പിതാവു നൽകിയ ‘അങ്കി’യായിരുന്നു സഹോദരന്മാർക്ക് അവനോട് അസൂയ തോന്നുവാനുണ്ടായ കാരണങ്ങളിലൊന്ന് (ഉൽപ. 37:3,4). എന്നാൽ ആ നിലയങ്കി അവനു പിന്നീടു നഷ്ടമായി. അത് അഴിച്ചു മാറ്റിയശേഷമാണല്ലോ അവനെ പൊട്ടക്കിണറ്റിൽ ഇട്ടതും യിശ്മായേല്യ കച്ചവടക്കാർക്കു വിറ്റതും (37:23, 31, 32). തുടർന്നു പൊത്തിഫെറിന്റെ വീട്ടിലെ സംഭവവികാസങ്ങൾക്കിടയിലും അവനു തന്റെ വസ്ത്രം നഷ്ടമായി. അതായിരുന്നല്ലോ അവനെതിരെ പൊത്തിഫെറിന്റെ ഭാര്യ ഹാജരാക്കിയ തൊണ്ടി സാധനം (39:11 –18).

തുടർന്നു യോസേഫ് കാരാഗൃഹത്തിലാവുകയാണ്. ബൈബിളിൽ പരാമർശിക്കപ്പെടുന്ന ആദ്യത്തെ ജയിൽപുള്ളി മറ്റാരുമല്ല യോസേഫാണെന്നതു ശ്രദ്ധിച്ചിട്ടുണ്ടോ? ജയിലിലെ ഈ യാതന പത്തോ പന്ത്രണ്ടോ വർഷം നീണ്ടു നിന്നു. ഒടുവിൽ പാനപാത്ര വാഹകരുടെ പ്രമാണിക്കു വൈകിവന്ന ഓർമ്മ യോസേഫിന്റെ മോചനത്തിനു വഴി തെളിച്ചു.

നേരത്തെ രണ്ടു വട്ടം യോസേഫിനു വസ്ത്രം



*ശേഷം പേജ് 20 ൽ*

സന്ദേശം


### തിരഞ്ഞെടുക്കപ്പെട്ടവർ, അനുഗൃഹീതർ, ശിക്ഷണം നേടിയവർ-II

# യാക്കോബ്:നുറുക്കത്തിന് ഉത്തമോദാഹരണം

വാച്ച്മാൻ നീ

**നാം** നമ്മെത്തന്നെ മരിച്ചവരായി എണ്ണുവാൻ ദൈവം കല്പിച്ചിരിക്കുന്നു (റോമർ 6:6, 11). ഇതു നാം യഥാർത്ഥത്തിൽ മരിച്ചവരാകയാലാണ്.മരണം എന്നുള്ളത് നാം അപ്രകാരം കണക്കാക്കുന്നതിന് എത്രയോമുൻപേ നടന്നിരിക്കുന്നു. അല്ലാതെ മറിച്ചല്ല. എന്റെ മടിശ്ശീലയിൽ അല്പം പണമുണ്ട് എങ്കിൽ ഞാനത് അംഗീകരിച്ചാലും ഇല്ലെങ്കിലും അത് അവിടെത്തന്നെയുണ്ട്. അപ്രകാരം തന്നെ ഞാൻ അംഗീകരിച്ചാലും ഇല്ലെങ്കിലും ഞാൻ ക്രിസ്തുവിനോടു കൂടി മരിച്ചിരിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു. ക്രിസ്തുവിന്റെ മരണത്തിൽ ദൈവം എന്നെയും പങ്കാളിയാക്കിത്തീർത്തിരിക്കുന്നു. നമ്മുടെ പാപങ്ങൾ ക്രിസ്തുവിന്മേൽ ചുമത്തിയിരിക്കുന്നു എന്നുള്ള സത്യത്തെ കാണുവാനായി ഒരിക്കൽ ദൈവം നമ്മുടെ കണ്ണുകളെ തുറന്നതുപോലെ തന്നെ, ക്രിസ്തുവിന്റെ മരണം നമ്മുടേതുമാണെന്നുള്ള സത്യത്തെക്കാണുവാനായി നമ്മുടെ കണ്ണുകൾ തുറക്കപ്പെടേണ്ടതുണ്ട്. നമ്മുടെ ജീവനായി ക്രിസ്തുവിനെ

*വിലയേറിയകല്ല് (മുത്തുകൾ) ഭൂമിക്കടിയിൽ വലിയ സമ്മർദ്ദത്തിന്റെ ഫലമായി ഉണ്ടാകുന്നവയാണ്. പിന്നീട് അവയെ ശരിയായിട്ട് മുറിക്കുന്നു. ഇത് പരിശുദ്ധാത്മാവിനാലുള്ള ശിക്ഷണത്തിന്റെ ചിത്രമാണ്. കഠിനമായ ശോധനയിലൂടെയും ദു:ഖവും സമ്മർദ്ദവും നിറഞ്ഞ സാഹചര്യങ്ങളിലൂടെയും നാം വിലയേറിയ കല്ലുകളായി രൂപാന്തരപ്പെടുന്നു.*



നാം ക്രിസ്തുവിന്റെ പൂർണ്ണതയെ അറിയുന്നവരായിക്കണം.അതുപോലെ തന്നെ നമ്മുടെ കളങ്കപ്പെട്ട അവസ്ഥ യെക്കുറിച്ചും ബോധ്യമുള്ളവ രായിരിക്കുകതന്നെ വേണം. ചിലർ തങ്ങളുടെ ബലഹീനതകളെ കാണു ന്നുവെങ്കിലും ക്രിസ്തുവിന്റെ ശക്തി യെക്കുറിച്ച് അജ്ഞരായിരിക്കുന്നു. ദൈവത്തെക്കുറിച്ച് ഒരു പൂർണ്ണബോധ്യം നമുക്ക് ലഭിക്കണമെ ങ്കിൽ നാം ദൈവത്തെ മൂന്ന് നിലക ളിലും കാണണം-അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബി ന്റെയും ദൈവമായി.

നാം കാണുന്ന ദിവസം, നമ്മുടെ ജീവിതം സമ്പൂർണ്ണമായും മാറ്റപ്പെടും (കൊലൊ. 3:4).

ക്രിസ്തുവിനെ ദൈവം നമുക്ക് നൽകി ത്തന്നിരിക്കുന്നതിനെക്കുറിച്ച് യിസ്ഹാക്ക് വെളിപ്പെടുത്തുമ്പോൾ, പരിശുദ്ധാത്മാവി ലൂടെയുള്ള ശിക്ഷണത്തിന്റെ പാഠശാല യെക്കുറിച്ചാണ് യാക്കോബ് പ്രസ്താവി ക്കുന്നത്. 'യിസ്ഹാക്ക്' ക്രിസ്തുവിലുള്ള നമ്മുടെ വിജയത്തെ സാക്ഷീകരിക്കു മ്പോൾ, 'യാക്കോബ്' നമ്മുടെ ബലഹീ നതകളെയും അയോഗ്യതകളെയുമാണ് വ്യക്തമാക്കുന്നത്.

ഇവർ രണ്ടുപേരും- യിസ്ഹാക്ക് ക്രിസ്തുവിലുള്ള തന്റെ ധൈര്യത്തിലൂടെ യും, യാക്കോബ് തന്റെ സ്വയശോധനയിലൂടെയും -ഒരു ക്രിസ്ത്യാനിയുടെ അനുദിന ജീവിതത്തെ യാണ് ചൂണ്ടിക്കാണിക്കുന്നത്.

ഇവയിൽ ഒന്നിൽ മാത്രം ശ്രദ്ധയുള്ള വരായിത്തീരുന്നു എന്നുള്ളതാണ് നമ്മുടെ ഏറ്റവും വലിയ പ്രശ്നം.ജയകരമായ ക്രിസ്തീയജീവിതത്തെക്കുറിച്ച് പ്രസംഗി ക്കുന്നവരുടെ ഇടയിലും പരാജിതർ ഉള്ള തിന്റെ ഒരു കാരണം ഇവയിൽ ഒന്നു മാത്രം നാം കാണുന്നതുകൊണ്ടാണ്. നാം ക്രിസ്തുവിന്റെ പൂർണ്ണതയെ അറിയുന്ന വരായിക്കണം. അതുപോലെ തന്നെ നമ്മുടെ കളങ്കപ്പെട്ട അവസ്ഥയെക്കുറിച്ചും ബോധ്യമുള്ളവരായിരിക്കുകതന്നെ വേണം. ചിലർ തങ്ങളുടെ ബലഹീനത കളെ കാണുന്നുവെങ്കിലും ക്രിസ്തുവിന്റെ ശക്തിയെക്കുറിച്ച് അജ്ഞരായിരിക്കുന്നു. ദൈവത്തെക്കുറിച്ച് ഒരു പൂർണ്ണബോധ്യം നമുക്ക് ലഭിക്കണമെങ്കിൽ നാം ദൈവത്തെ മൂന്ന് നിലകളിലും കാണണം -അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായി.

**യാക്കോബ്: പരിശുദ്ധാത്മാവാകുന്ന ദൈവത്താൽ ശിക്ഷണം പ്രാപിച്ചവൻ.**

തന്റെ മക്കളിൽ ദൈവം നടത്തുന്ന ഇട പാടുകളുമായി ബന്ധപ്പെട്ട മറ്റൊരു സുപ്ര ധാന തത്വമാണ് യാക്കോബിന്റെ ജീവിതം വെളിപ്പെടുത്തുന്നത്. ദൈവമാണ് സർവ്വ ത്തിന്റെയും ഉറവിടമെന്നുനമ്മിൽ പലരും മനസ്സിലാക്കിയിരിക്കാം. ദൈവത്തിൽ നിന്ന് സകലവും നാം സ്വീകരിക്കേണ്ടതു ണ്ടെന്നും നമുക്ക് അറിയാം. എന്നാൽ എന്തുകൊണ്ടാണ് പലരും ആ സൗജന്യദാനം സ്വീകരിക്കുവാൻ തയ്യാറാ വാതെ പലതിനായും അത്യധ്വാനം ചെയ്തുകൊണ്ടിരിക്കുന്നത്? നമ്മുടെ സ്വാഭാവികശക്തി നമ്മെ നിയന്ത്രിച്ചുകൊ ണ്ടിരിക്കുന്നതാണ് ഇതിന് കാരണം. ദൈവിക നന്മകൾ സ്വയപരിശ്രമത്താൽ നേടുവാനാകുമെന്ന് നാം ഉറച്ച് വിശ്വസി ക്കുന്നു.

നമ്മുടെ സ്വാഭാവിക ശക്തിയെ കൈകാര്യം ചെയ്യുവാൻ ശ്രമിക്കാത്ത പഠി പ്പിക്കലുകൾ ഒന്നും-അത് പാപത്തിന്റെ മേലുള്ള ജയവും വിശുദ്ധീകരണവുമാ യൊക്കെ ബന്ധപ്പെട്ടതായാലും-പൂർണ്ണത യുള്ളതാവില്ല എന്നതു സുപ്രധാനമായ ഒന്നാണ്.





യാക്കോബ് വളരെ ശക്തിയും കഴിവു മുള്ള ഒരു വ്യക്തിയായിരുന്നു.അവനു ചെയ്യുവാൻ കഴിയാത്തതായി ഒന്നുമില്ലാ യിരുന്നു.അവൻ തന്റെ സഹോദരനെ വഞ്ചിച്ചു,പിതാവിനെ കബളിപ്പിച്ചു, അമ്മാവന്റെ സ്വത്തുക്കൾ തട്ടിയെടുത്തു. എന്നാൽ അവന്റെ ജീവിതത്തെക്കുറി ച്ചുള്ള ദൈവിക പദ്ധതിയിൽ തന്റെ ബുദ്ധി ശക്തിക്കോ ഉയർച്ചപ്രാപിക്കുവാനുള്ള കഴിവുകൾക്കോ യാതൊരു സ്ഥാനവുമി ല്ലായിരുന്നു.യാക്കോബിന്റെ അനുഭവങ്ങൾ ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരി ശുദ്ധാത്മാവ് നടത്തുന്ന ശിക്ഷണപ്രവൃ ത്തികളെ വെളിപ്പെടുത്തുന്നു.

ജനനം മുതൽ തന്നെ, യാക്കോബ് കൈവെച്ച മേഖലകളിലെല്ലാം പരാജയ മാണ് ഉണ്ടായത്. ജ്യേഷ്ഠന്റെ കുതികാൽ പിടിച്ചുകൊണ്ടാണ് യാക്കോബ് ജനിച്ചത്. അതിനാൽ അവന് മൂത്തമകനാകുവാൻ കഴിഞ്ഞില്ല. വഞ്ചനാപരമായി ജ്യേഷ്ഠാവ കാശം സ്വന്തമാക്കിയെങ്കിലും തനിക്ക് വിടുവിട്ട് പോകേണ്ടിവന്നു. റാഹേലിനെ വിവാഹം കഴിക്കുവാൻ ആഗ്രഹിച്ചുവെ ങ്കിലും ലേയായെയാണ് ലഭിച്ചത്. തന്ത്ര പൂർവ്വം ബഹുസമ്പത്തുമായി അമ്മാ വന്റെ ഭവനം വിട്ട് ഓടിപ്പോന്നെങ്കിലും, അവയെല്ലാം ജീവന് പകരമായി ഏശാ വിന്റെ മുന്നിൽ അടിയറവയ്ക്കേണ്ട അവ സ്ഥയിലേക്ക് താനെത്തി.തന്റെ ബുദ്ധി കൂർമ്മതയിൽ അവൻ ആശ്രയം വച്ചതി നാൽ, ദൈവത്തിന്റെ കരം തന്റെ പ്രവൃ ത്തികളിലെല്ലാം അവനെ ന്യായംവിധിച്ചു കൊണ്ടിരുന്നു.

തങ്ങളുടെ മാനുഷബുദ്ധിയാലല്ല മറിച്ച് ദൈവത്തിന്റെ ശക്തിയാലാണ് ജീവിതം നയിക്കേണ്ടതെന്ന പാഠം, സഹനത്തിന്റെ മാർഗ്ഗത്തിലൂടെയാണെങ്കിലും ബുദ്ധിമാ ന്മാരായ വിശ്വാസികൾ പഠിക്കേണ്ടതുണ്ട്.

ഒരുദിവസം യാക്കോബ് ദൈവത്തെ എതിരിട്ടു.ഫലമോ, താൻ മുടന്തനായി ത്തീർന്നു.അന്നുവരെ അവൻ 'ഉപായി' ആയിരുന്നു. എന്നാൽ അന്നുമുതൽ താൻ ദൈവത്തിന്റെ പ്രഭു, അതായത് 'യിസ്രാ യേൽ' ആയി മാറി.

സ്വാഭാവിക ശക്തിയെ തകർക്കുന്ന നിലയിലുള്ള ശിക്ഷണത്തിന്റെ അവസ്ഥ യിലേക്ക് ഓരോ വിശ്വാസിയും എത്തേ ണ്ടതുണ്ട്. ദൈവത്തെ യഥാർത്ഥമായി അറിഞ്ഞവരുടെ ഒരു പ്രത്യേകത, അവർക്ക് തങ്ങളിലോ തങ്ങളുടെ കഴി വുകളിലോ യാതൊരു വിശ്വാസമോ ആശ്രയവുമോ ഇല്ല എന്നുള്ളതാണ്. 'ദിവ്യജനനം' പ്രാപിച്ചവരെയല്ല ദൈവം അന്വേഷിക്കുന്നത്. എന്നെയും നിങ്ങ ളെയും പോലുള്ള സാധാരണക്കാരെ യാണ് ദൈവത്തിനാവശ്യം; തന്റെ ദാന ങ്ങൾ സ്വീകരിക്കുകയും തന്റെ ശിക്ഷ ണത്തിന് വിധേയപ്പെടുവാൻ മനസ്സുള്ള വരുമായവരെ മാത്രം.

തന്റെ കുശാഗ്രബുദ്ധിയെല്ലാം നീക്കപ്പെ ട്ടു.പിന്നീട് താൻ തന്റെ പുത്രന്മാരാൽ എളുപ്പത്തിൽ കബളിപ്പിക്കപ്പെട്ടു. അവർ യോസേഫിന്റെ കീറിപ്പറിഞ്ഞ അങ്കി യാക്കോബിനെ കാണിച്ച് യോസഫ് മരി ച്ചുപോയതായി ധരിപ്പിച്ചു. ആ പഴയ തന്ത്രശാലിയായ യാക്കോബ് ഇതി ലൊന്നും വീണുപോകയില്ലായിരുന്നു. എന്നാൽ പുതിയ യാക്കോബ് വളരെവേഗം കബളിപ്പിക്കപ്പെട്ടു.അവൻ തന്റെ പുത്ര ന്മാരെ വിശ്വസിച്ചു.

ഇപ്രകാരം സ്വാഭാവിക ശക്തിയെ തകർക്കുന്ന നിലയിലുള്ള ശിക്ഷണ ത്തിന്റെ അവസ്ഥയിലേക്ക് ഓരോ വിശ്വാ സിയും എത്തേണ്ടതുണ്ട്.ദൈവത്തെ യഥാർത്ഥമായി അറിഞ്ഞവരുടെ ഒരു പ്രത്യേകത, അവർക്ക് തങ്ങളിലോ തങ്ങ ളുടെ കഴിവുകളിലോ യാതൊരു വിശ്വാ സമോ ആശ്രയവുമോ ഇല്ല എന്നുള്ളതാ ണ്. 'ദിവ്യജനനം' പ്രാപിച്ചവരെയല്ല ദൈവം അന്വേഷിക്കുന്നത്. അങ്ങനെയു

**സ്വാഭാവികമായി നാം വളരെ ശക്തിയുള്ളവരാണ്. ആലോചിച്ച് പദ്ധതികൾ ആവിഷ്കരിക്കുവാനും അവ നടപ്പിലാക്കുവാനും നമുക്ക് കഴിയും. ദൈവത്തെക്കൂടാതെ ഒന്നും ചിന്തിക്കുവാനും പദ്ധതിതയ്യാറാക്കി നടപ്പിലാക്കുവാനും കഴിയാത്ത നിലയിൽ നമ്മെ ദൈവം ബലഹീനരാക്കുന്നു. പ്രാകൃതമനുഷ്യൻ പടിപടിയായി ബലഹീനനാക്കപ്പെടുന്നു. നമ്മുടെ പ്രാകൃതജീവനെ ക്രമേണ ബലഹീനമാക്കി ഒടുവിൽ ഒരു വലിയ ദൈവികസ്പർശത്താൽ നമ്മുടെ സ്വയത്തിന്റെ സമ്പൂർണ്ണമായ മരണത്തിലേക്ക് എത്തിക്കുകയാണ് ആത്മാവിന്റെ പ്രവൃത്തി.**

ള്ളവരായി ആരുമില്ല എന്ന കാര്യം ദൈവത്തിനറിയാം. എന്നെയും നിങ്ങളെയും പോലുള്ള സാധാരണക്കാരെയാണ് ദൈവത്തിനാവശ്യം; തന്റെ ദാനങ്ങൾ സ്വീകരിക്കുകയും തന്റെ ശിക്ഷണത്തിന് വിധേയപ്പെടുവാൻ മനസ്സുള്ളവരുമായവരെ മാത്രം.

നാം പലതെറ്റുകളും ചെയ്യുന്നു. മാത്രമല്ല, ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാം ചെയ്യുന്ന പല കാര്യങ്ങളും ദൈവത്തിന് സ്വീകാര്യമല്ലാത്തവയുമാണ് എന്നതാണ് യാഥാർത്ഥ്യം.

ഉദാഹരണത്തിന്, ഒരു മനുഷ്യൻ തനിക്ക് ആത്മീയകാര്യങ്ങളെപ്പറ്റി അറിയാവുന്നതെല്ലാം വിവേചനരഹിതമായി പ്രചരിപ്പിക്കുമ്പോൾ, അത് പഴയമനുഷ്യന്റെ ശബ്ദമല്ല മറിച്ച് പ്രകൃതമനുഷ്യന്റെ പ്രവൃത്തിയാണ്.ആത്മീയകാര്യങ്ങൾ സംസാരിക്കുന്നത് ഒരു തെറ്റല്ല. എന്നാൽ ആ വ്യക്തി അതു ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുണ്ടാവില്ല.അതു മനസ്സിലാക്കാതെ പ്രാകൃതമനുഷ്യൻ സ്വന്തം ഉത്സാഹത്താൽ ഇതുചെയ്യുന്നുവെന്നുള്ളതിനാലാണ് അതൊരു തിന്മയാകുന്നത്. ചെയ്യണമെന്ന് ആഗ്രഹിക്കുന്നതൊക്കെയും ചെയ്യുക; ദൈവഹിതത്തെ വിസ്മരിക്കുക- ഇതുപ്രാകൃതജീവനാണ്.

ദൈവം പാപത്തെ വെറുക്കുകമാത്രമല്ല, പ്രാകൃതമനുഷ്യന്റെ പ്രവൃത്തികളെയൊക്കെ ഒഴിവാക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവായ യേശു പാപം ചെയ്തില്ലെന്നു മാത്രമല്ല, യാതൊരു നന്മപ്രവൃത്തിയും തന്റെ സ്വയത്തിൽ ആശ്രയിച്ചുചെയ്യുവാൻ തയ്യാറായതുമില്ല. (യോഹ. 5:19,20).

സ്വാഭാവികമായി നാം വളരെ ശക്തിയുള്ളവരാണ്. ആലോചിച്ച് പദ്ധതികൾ ആവിഷ്കരിക്കുവാനും അവ നടപ്പിലാക്കുവാനും നമുക്ക് കഴിയും. ദൈവത്തെക്കൂടാതെ ഒന്നും ചിന്തിക്കുവാനും പദ്ധതിതയ്യാറാക്കി നടപ്പിലാക്കുവാനും കഴിയാത്ത നിലയിൽ നമ്മെ ദൈവം ബലഹീനരാക്കുന്നു.പ്രാകൃതമനുഷ്യൻ പടിപടിയായി ബലഹീനനാക്കപ്പെടുന്നു.നമ്മുടെ പ്രാകൃതജീവനെ ക്രമേണ ബലഹീനമാക്കി ഒടുവിൽ ഒരു വലിയ ദൈവികസ്പർശത്താൽ നമ്മുടെ സ്വയത്തിന്റെ സമ്പൂർണ്ണമായ മരണത്തിലേക്ക് എത്തിക്കുകയാണ് ആത്മാവിന്റെ പ്രവൃത്തി.

ഇപ്രകാരം വിവിധമായ സാഹചര്യങ്ങളിലൂടെയുള്ള ശിക്ഷണത്താൽ പടിപടിയായി നമ്മിൽ ആത്മാവിനാൽ ക്രിസ്തു ഉരുവായിത്തീരുന്നു. (ഗലാ. 4:19).

യിസ്ഹാക്കിൽ നാം കാണുന്നത്, ക്രിസ്തുവിനെ നമ്മിലേക്ക് പകരപ്പെട്ടിരിക്കുന്നു എന്നതാണ്.ആയതിനാൽ, "ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്."യാക്കോബിൽ, ക്രിസ്തു നമ്മിൽ ഉരുവാക്കപ്പെട്ടിരിക്കുന്നതിനാൽ,"ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്".(ഗലാ. 2:20)

ആത്മീയനേട്ടങ്ങൾ തുറന്നുകാട്ടുവാൻ മനുഷ്യപ്രകൃതിയിൽ നാം ആഗ്രഹിക്കു





ന്നു.പാപത്തിൽനിന്നുള്ള വിടുതലിനെപ്പറ്റി ദൈവം നൽകിയ വെളിപ്പാടുകളെക്കുറിച്ച് നാം ഊറ്റം കൊള്ളുന്നവരാണ്. എന്നാൽ പിന്നീടൊരിക്കൽ, നാം വിജയം പ്രാപിച്ചുവെന്ന് കരുതിയ അതേ പാപത്തിൽ തന്നെ വീഴുമ്പോൾ, നാം തകർന്നുപോകുന്നു. ഇതു വീണ്ടും വീണ്ടും സംഭവിക്കുമ്പോൾ ഇനിയൊരിക്കലും അതിൽ പ്രശംസിക്കരുതെന്ന പാഠം നാം പഠിക്കുന്നു.

വളരെ വർഷങ്ങൾ ദൈവത്തിന്റെ കരത്തിനു കീഴിൽ ശിക്ഷണത്തിന്റെയും ശോധനയുടെയും മാർഗത്തിലൂടെ സഞ്ചരിച്ച വയോധികനായ ഒരു വിശുദ്ധനെ നാം കണ്ടുമുട്ടുമ്പോൾ, അദ്ദേഹത്തിൽ കാണുന്ന ക്രിസ്തുതുല്യതയും ആഴമേറിയ ആത്മീയനിലയും വെളിപ്പെടുത്തുന്നത്,ക്രിസ്തു എത്രത്തോളം യാഥാർത്ഥ്യമായി തന്നിൽ ഉരുവാക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്.

പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവയാൽ പണിയപ്പെടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പൗലോസ് പറഞ്ഞിട്ടുണ്ട് (1 കൊരി. 3:12).'സ്വർണ്ണം' കാണിക്കുന്നത് പിതാവ് നമ്മെ തിരഞ്ഞെടുത്തു എന്നുള്ളതാണ്.നമ്മുടെ വീണ്ടെടുപ്പും ക്രിസ്തുവിലുള്ള അവകാശങ്ങളുമാണ് 'വെള്ളി' ചൂണ്ടിക്കാണിക്കുന്നത്. നമ്മിൽ പരിശുദ്ധാത്മാവ് നടത്തുന്ന പ്രവൃത്തിയാണ് 'വിലയേറിയ കല്ല്.' ഇവിടെ നാം കാണുന്നത് ദൈവത്തെ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായി കണ്ടെത്തേണ്ടതിന്റെ ആവശ്യകതയാണ്.

വിലയേറിയകല്ല് (മുത്തുകൾ) ഭൂമിക്കടിയിൽ വലിയ സമ്മർദ്ദത്തിന്റെ ഫലമായി ഉണ്ടാകുന്നവയാണ്. പിന്നീട് അവയെ ശരിയായിട്ട് മുറിക്കുന്നു. ഇത് പരിശുദ്ധാത്മാവിനാലുള്ള ശിക്ഷണത്തിന്റെ ചിത്രമാണ്. കഠിനമായ ശോധനയിലൂടെയും ദു:ഖവും സമ്മർദ്ദവും നിറഞ്ഞ സാഹചര്യങ്ങളിലൂടെയും നാം വിലയേറിയ കല്ലുകളായി

**പാപത്തിൽനിന്നുള്ള വിടുതലിനെപ്പറ്റി ദൈവം നൽകിയ വെളിപ്പാടുകളെക്കുറിച്ച് നാം ഊറ്റം കൊള്ളുന്നവരാണ്. എന്നാൽ പിന്നീടൊരിക്കൽ, നാം വിജയം പ്രാപിച്ചുവെന്ന് കരുതിയ അതേ പാപത്തിൽ തന്നെ വീഴുമ്പോൾ, നാം തകർന്നു പോകുന്നു. ഇതു വീണ്ടും വീണ്ടും സംഭവിക്കുമ്പോൾ ഇനിയൊരിക്കലും അതിൽ പ്രശംസിക്കരുതെന്ന പാഠം നാം പഠിക്കുന്നു.**

രൂപാന്തരപ്പെടുന്നു.

ദൈവത്തിന്റെ ശിക്ഷണം മൂലമാണ് ഫലസമൃദ്ധമായ അവസ്ഥയിലേക്ക് യാക്കോബ് എത്തിപ്പെട്ടത്. തന്റെ സ്വാഭാവികശക്തിയെ ദൈവം തൊട്ടു, തന്മൂലം ഒരു മാനപാത്രമായി അവൻ മാറി.

ഭരണം നടത്തുന്നവനായിരിക്കുക എന്നുള്ളതാണ് തന്നെക്കുറിച്ചുള്ള ദൈവിക ഉദ്ദേശ്യമെന്ന് യാക്കോബ് കണ്ടെത്തി. ജ്യേഷ്ഠാവകാശം ഏശാവിന് ലഭിക്കുന്നത് കണ്ടപ്പോൾ, ദൈവികപദ്ധതികൾ മനുഷ്യരാൽ തടസ്സപ്പെടുന്നതായി അവനുതോന്നി.അതിനാൽ ദൈവിക ലക്ഷ്യങ്ങൾ നടപ്പിലാകുവാൻ വേണ്ട പദ്ധതികളെല്ലാം താൻ ആവിഷ്കരിച്ചു. തന്റെ പദ്ധതികൾ കൂടാതെ ദൈവത്തിന് അവയെ നടപ്പിലാക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുവാൻ അവനായില്ല. ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുവാനും അവന് കഴിഞ്ഞില്ല. എന്നാൽ അതിന്റെ ഫലമെന്തായിരുന്നു? വഞ്ചനയിലൂടെ താൻ നേടിയെടുത്തനന്മകളൊന്നു പൂർണ്ണനിലയിൽ അനുഭവിക്കുവാൻ അവനായില്ല.തനിക്ക് ലഭിച്ചത് ദൈവത്തിന്റെ ശിക്ഷണമായിരുന്നു. പലപ്പോഴും തന്ത്രശാലികളുടെ അനുഭവം ഇതായിരിക്കാം! ഒടുവിൽ, വഞ്ചനയിലൂടെ നേടുവാൻ താൻ ആഗ്രഹിച്ചതെല്ലാം, ശിക്ഷണത്തിലൂടെ ദൈവം തനിക്ക് നൽകി.(തുടരും)

മൊഴിമാറ്റം: **ബോബി കുര്യൻ**

ഇത്തിരിവെട്ടം

# യേശു വിളിക്കുന്നു

എ.ഡബ്ല്യൂ ടോസർ

“പത്രോസ് അവനോട് ഇതാ ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമിച്ചിരിക്കുന്നു എന്നു പറഞ്ഞു തുടങ്ങി'' (മർക്കോസ് 10:28).

മനുഷ്യരെ രക്ഷിപ്പാൻ വന്ന മാനവനാണ് യേശുക്രിസ്തു. തന്നിൽ നമ്മുടെ മാനുഷിക സ്വഭാവത്തോട് ദിവ്യസ്വഭാവം സംയോജിച്ചിരിക്കുന്നു. എവിടെയെല്ലാം മനുഷ്യസ്വഭാവമുണ്ടോ അവിടെയെല്ലാം അവിടുന്ന് വിശുദ്ധരേയും അനുയായികളേയും വാർത്തെടുക്കാനുള്ള അസംസ്കൃതവസ്തുവാണ് കാണുന്നത്.

ഉയർന്ന വർതാണവർ, ധനികർ ദരിദ്രർ, പ്രായമുള്ളവർ ചെറുപ്പക്കാർ, പുരുഷൻ സ്ത്രീ ഇങ്ങനെയുള്ള വ്യത്യാസങ്ങളൊന്നും നമ്മുടെ കർത്താവ് അംഗീകരിച്ചില്ല. എല്ലാവരും മനുഷ്യരും എല്ലാവരും അവിടുത്തേക്ക് സമരും ആയിരുന്നു. എല്ലാ മാനവരാശിക്കും വേണ്ടിയുള്ളതായിരുന്നു അവിടുത്തെ ക്ഷണം.

പുതിയനിയമകാലഘട്ടത്തിൽ വിവിധ സാമൂഹിക നിലകളിലുള്ളവർ അവിടുത്തെ വിളി കേട്ട് പ്രതികരിച്ചിട്ടുണ്ട്- മീൻപിടുത്തക്കാരൻ പത്രോസ്, ചുങ്കക്കാരൻ ലേവി, വൈദ്യനായ ലൂക്കോസ്, പണ്ഡിതനായ പൗലോസ്, ഭൂതബാധിതയായ മറിയ, കച്ചവടക്കാരിയായ ലുദിയ. ചില വലിയ ആളുകളും ധാരാളം സാധാരണക്കാരും മുന്നോട്ടുവന്നു. വന്നവരെയെല്ലാം കർത്താവ് ഒരേ നിബന്ധനകളോടെ ഒരേ പോലെ സ്വീകരിച്ചു.

ആ ആദ്യകാല ഗലീലിയൻ ദിനങ്ങളിൽ ക്രിസ്തുവിനെ പിൻപറ്റിയവർ തന്റെ വിളി കേട്ടു പഴയ ജീവിതം ഉപേക്ഷിച്ചു തന്നോടു ചേർന്നു തന്റെ ഉപദേശങ്ങൾ അനുസരിച്ച് നടക്കാൻ തുടങ്ങി. അവിടുത്തെ ശിഷ്യസമൂഹത്തിന്റെ ഭാഗമായി. ഈ സമ്പൂർണ്ണമായ പ്രതിബദ്ധതയായിരുന്നു അവരുടെ വിശ്വാസത്തിന്റെ ഉറപ്പ്. ഇതിൽ കുറഞ്ഞ ഒന്ന് പോരായിരുന്നല്ലോ.

> പഴയ ജീവിതം ഉപേക്ഷിച്ച് പുതിയതൊന്ന് ആരംഭിക്കാൻ അവിടുന്നു നമ്മെ വിളിക്കുന്നു. നാം പൂർണ്ണമായും അവിടുത്തേക്കുള്ളതാണെന്നു ലോകത്തിനു തിരിച്ചറിയുവാൻ തക്കവണ്ണം, ഇടയ്ക്ക് ശൂന്യതയില്ലാത്ത, ഒരു നിഷ്പക്ഷമേഘലയില്ലാത്ത, ഒരു ചേർന്നുനിൽപ്പായിരിക്കണം അത്.

ഇന്നും കാര്യങ്ങൾ വ്യത്യസ്തമല്ല. എല്ലാ തൊഴിലുകളിൽ നിന്നും ജോലി സ്ഥാനങ്ങളിൽ നിന്നും സ്ത്രീകൾക്കും പുരുഷന്മാർക്കും ചെറുപ്പക്കാർക്കും പ്രായമുള്ളവർക്കും അവർ ആഗ്രഹിക്കുന്ന പക്ഷം അവിടുത്തെ അടുത്തേക്കു വരാം. പഴയ ജീവിതം ഉപേക്ഷിച്ച് പുതിയതൊന്ന് ആരംഭിക്കാൻ അവിടുന്നു നമ്മെ വിളിക്കുന്നു. നാം പൂർണ്ണമായും അവിടുത്തേക്കുള്ളതാണെന്നു ലോകത്തിനു തിരിച്ചറിയുവാൻ തക്കവണ്ണം, ഇടയ്ക്ക് ശൂന്യതയില്ലാത്ത, ഒരു നിഷ്പക്ഷമേഘലയില്ലാത്ത, ഒരു ചേർന്നുനിൽപ്പായിരിക്കണം അത്.





അനുഭവങ്ങളിൽചാലിച്ചെഴുതിയ കീർത്തനങ്ങൾ

# എനിക്ക് യേശു മതി

സുരേഷ്, ബാംഗ്ലൂർ

**ബൈ**ബിളിലും ചരിത്രത്തിലും ദൈവഭക്തരായ അമ്മമാരുടെ ഒട്ടേറെ മാതൃകകൾ നാം കണ്ടിട്ടുണ്ട്. തങ്ങളുടെ മക്കളെ കർത്താവിനായി വളർത്തിയ തിമൊഥെയോസിന്റെ അമ്മ യൂനിക്ക, ശമുവേലിന്റെ അമ്മ ഹന്നാ, മോശെയുടെ അമ്മ യോഖെബേദ് മുതലായവരെ തിരുവെഴുത്തുകളിലും ജോൺ വെസ്ലിയുടെയും ചാൾസ് വെസ്ലിയുടെയും അമ്മയായ സൂസന്നാ വെസ്ലിയെ ചരിത്രത്തിലും നാം കണ്ടിട്ടുണ്ട്. എന്നാൽ “ എനിക്ക് യേശു മതി” എന്ന പാട്ടിന്റെ പശ്ചാത്തലം കുടുംബത്തെ കർത്താവിലേക്കു സ്വാധീനിക്കാൻ അമ്മമാർക്ക് എത്രമാത്രം കഴിയും എന്നതിലേക്കു വിരൽ ചൂണ്ടുന്നു.



ജോർജ്ജ് ബെവർലിഷെയ്

“എനിക്ക് യേശു മതി” എന്ന പാട്ടിന്റെ വരികൾ എഴുതിയത് റിയ എസ്. മില്ലറും അതിന് സംഗീതം പകർന്നത് ജോർജ്ജ് ബെവർലിഷെയ് എന്ന വ്യക്തിയുമാണ്. ന്യൂയോർക്ക് സംസ്ഥാനത്തെ ഇത്താക്കാ എന്ന നഗരത്തിനടുത്തുള്ള ബ്രൂക്ക്ടോൺഡെയിലിൽ മാർട്ടിന്റെയും ബെർത്താ റോസിന്റെയും മകളായി റിയ ജനിച്ചു.‘‘റോസ് വല്യപ്പൻ'' എന്നു വിളിപ്പേരുള്ള മാർട്ടിൻ ഒരു മുഴുക്കുടിയനും ദൈവകാര്യങ്ങളിൽ യാതൊരു താത്പര്യമില്ലാത്തയാളും ആയിരുന്നു. ഭാര്യ ബെർത്തായാകട്ടെ ഭർത്താവിന്റെ മദ്യപാനം വകവയ്ക്കാതെ ദൈവത്തോടുള്ള ഭക്തി മുറുകെപ്പിടിച്ച ഒരാളായിരുന്നു.അവളുടെ ദൈവഭക്തിയും വിശ്വസ്തതയും കുടുംബത്തിന്റെയും സ്നേഹിതരുടെയും പ്രാർത്ഥനകളും റോസ് വല്യപ്പന്റെ രക്ഷയ്ക്കും മദ്യപാനത്തിൽ നിന്നുള്ള മോചനത്തിനും കാരണമായിത്തീർന്നു.തുടർന്ന് അദ്ദേഹം ശുശ്രൂഷാരംഗത്തേക്ക് പ്രവേശിക്കയും ബ്രൂക്ക്ടൺഡെയിലിൽ ഒരു പാസ്റ്ററായിത്തീരുകയും ചെയ്തു.

റിയാ, ഹോവാർഡ്മില്ലർ എന്നയുവാവിനെ വിവാഹം ചെയ്യുകയും പിൽക്കാലത്ത് അദ്ദേഹവും ഒരു പാസ്റ്റർ ആയി ശുശ്രൂഷാരംഗത്തേക്കു കടക്കുകയും ചെയ്തു. 1992-ൽ തന്റെ 28-ാം വയസ്സിൽ തങ്ങളുടെ ബ്രൂക്ക്ടൺഡെയിലിലെ വീടിന്റെ സമീപത്തെ മൈതാനത്തുകൂടി

**തങ്ങളുടെ മക്കളെ കർത്താവിനായി വളർത്തിയ തിമൊഥെയോസിന്റെ അമ്മ യൂനിക്ക, ശമുവേലിന്റെ അമ്മ ഹന്നാ, മോശെയുടെ അമ്മ യോഖെബേദ് മുതലായവരെ തിരുവെഴുത്തുകളിലും ജോൺ വെസ്ലിയുടെയും ചാൾസ് വെസ്ലിയുടെയും അമ്മയായ സൂസന്നാ വെസ്ലിയെ ചരിത്രത്തിലും നാം കണ്ടിട്ടുണ്ട്. എന്നാൽ " എനിക്ക് യേശു മതി" എന്ന പാട്ടിന്റെ പശ്ചാത്തലം ഒരു കുടുംബത്തെ കർത്താവിലേക്കു സ്വാധീനിക്കാൻ ഒരു അമ്മയ്ക്ക് എത്രമാത്രം കഴിയും എന്നതിലേക്കു വിരൽ ചൂണ്ടുന്നു.**

---

നടക്കുമ്പോൾ മദ്യപാനത്തിൽ നിന്നുള്ള തന്റെ പിതാവിന്റെ അത്ഭുത വിടുതലിനെക്കുറിച്ചുള്ള സാക്ഷ്യത്തെക്കുറിച്ച് റിയാ ചിന്തിക്കുകയായിരുന്നു. സാക്ഷ്യത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:"ലോകത്തിലുള്ള പൊൻ വെള്ളി നിക്ഷേപങ്ങളെക്കാൾ എനിക്ക് യേശുവിനെ മതി. ധനത്തിനു വാങ്ങാൻ കഴിയുന്ന നിലങ്ങളെയോ വീടുകളെയോകാൾ അധികം എനിക്ക് യേശുവിനെ മതി." ഇക്കാര്യം അവളുടെ ചിന്തയിൽ വന്ന ഉടൻ അവൾ പേനയെടുത്ത് എഴുതാൻ തുടങ്ങി:

I'd rather have jesus than silver or gold;
I'd rather be his than have riches untold;
I'd rather have jesus than houses or lands;
I'd rather be led by his nail-pierced hands.
Than to be the king of a vast domain and be held in sin's dread sway;
I'd rather have jesus than anything, this world affords to day.
I'd rather have jesus than men's applause;
I'd rather be faithful to his dear cause;
I'd rather have jesus than world wide fame;
I'd rather true to his holy name.
He's fairer than lilies of rarest bloom;
He's sweeter than honey from out the comb;
He's all that my hungering spirit needs;
I'd rather have jesus and let him lead.

വെള്ളി പൊന്നിനേക്കാൾ എനിക്ക് യേശു മതി
ഏറിയ ധനത്തെക്കാൾ തൻ വകയാകുന്നതുമതി
വസ്തു ഹർമ്മ്യങ്ങളെക്കാൾ എനിക്ക് യേശു മതി
ആണിപ്പഴുതുള്ള കരം പിടിച്ചു നടത്തുന്നതെനിക്കു മതി.

പാപത്തിൻ ഘോര ചുഴികളേറും വിസ്തൃത രാജ്യത്തിൽ രാജത്വത്തെക്കാളും
ഇന്നു ലോകം പുകഴുന്ന എന്തിനെക്കാളുമെനിക്ക് യേശു മതി.
മനുഷ്യമാനത്തെക്കാളെനിക്ക് യേശു മതി.
തന്നരുമ ലക്ഷ്യത്തിൽ വിശ്വസ്തത എനിക്കു മതി
മുഴു ലോക പ്രശസ്തിയെക്കാളെനിക്ക് യേശു മതി
തൻ ശുദ്ധ നാമത്തോടു വിശ്വസ്തത മതി.

അസുലഭ കുസുമ മഞ്ജരിയിലും വെണ്മയേറുന്നവൻ
മാധുര്യം തേനടയിലൂറും നറുതേനിലും
ആർത്തമാ മെന്നാത്മാവിൻ ശാന്തിക്കവൻ മതി
എനിക്ക് യേശുമതി, തൻ പാതമതി.

(സ്വതന്ത്ര പരിഭാഷ)





ഒരു നല്ല പിയാനോ വായനക്കാരിയായിരുന്ന റിയ സ്വയം ഒരു ഈണം നൽകി അതു പാടി. ആദ്യം ഭർത്താവും പിന്നീടു പിതാവും ഈ ലോകം വിട്ടു കടന്നു പോയപ്പോൾ പിയാനോ പഠിപ്പിച്ചാണ് റിയാ തനിക്കും അമ്മയ്ക്കുമുള്ള അഹോവൃത്തി കണ്ടെത്തിയത്. പാസ്റ്റർമാരുടെ വീടുകളിൽ കടന്നു ചെന്ന് അവരുടെ മക്കളെ സൗജന്യമായി പിയാനോ പഠിപ്പിക്കുക എന്ന ലക്ഷ്യം റിയായ്ക്കുണ്ടായിരുന്നു.അവർ പ്രായമാകുമ്പോൾ സഭയ്ക്ക് ഉപകാരമാകുമല്ലോ എന്നു റിയ കരുതി.

ഇവിടെ നമുക്കു മറ്റൊരു പാസ്റ്ററുടെ പുത്രനെ പരിചയപ്പെടാം-തന്റെ മാതാവിൽ നിന്നു പിയാനോ വായിക്കാൻ പഠിച്ച ജോർജ്ജ് ബെവർലിഷെയ്. ഇതര ഗാനപശ്ചാത്തല കഥകളിൽ നിന്നു വ്യത്യസ്തമായി " എനിക്ക് യേശു മതി" എന്ന ഗാനത്തിന്റെ എഴുത്തുകാരിയെക്കാൾ അധികം പ്രശസ്തി അതിന്റെ സംഗീതജ്ഞനാണ് ലഭിച്ചത്. നാം എഴുതിയിട്ടുള്ള കഥകളിൽ ജോർജ്ജു മാത്രമാണ് 103-ാം വയസ്സിലും ഇന്നും ജീവിച്ചിരിക്കുന്ന വ്യക്തി. ഇനി അദ്ദേഹത്തിന്റെ ചരിത്രത്തിലേക്ക്:

റവ. ആഡം ജെ. ഷെയ്യുടെയും ഭാര്യ വിറ്റ്നി ഷെയ്യുടെയും എട്ടു മക്കളിൽ നാലാമത്തെതായിരുന്നു ജോർജ്ജ്. തന്റെ ബാല്യകാലസ്മരണകളിൽ ന്യൂയോർക്കിലെയും ന്യൂജേഴ്സിയിലെയും പാഴ്സനേജിൽ നടന്നിരുന്നഅമ്മയുടെ പിയാനോ വായനകൾ ഇന്നും പച്ചപിടിച്ചു നിൽക്കുന്നു. ഞായറാഴ്ച പ്രഭാതങ്ങളിൽ "ജീവിതത്തിൽ പാതകളിൽ പാട്ടോടെ ഞാൻ പോകുന്നു" എന്നു തുടങ്ങി പല ഗാനങ്ങളും സഭകളിൽ അമ്മയായിരുന്നു പിയാനോയിൽ പാടിയിരുന്നത്.

പിതാവിൽ നിന്നു വയലിനും അമ്മയിൽ നിന്നു പിയാനോയും ഓർഗനും ജോർജ്ജ് അഭ്യസിച്ചു. ജോർജ്ജിന്റെ സംഗീത താലന്തുകളും മുഴക്കമുള്ള ശബ്ദവും ജോർജ്ജിനെ തന്റെ പിതാവിന്റെ സഭയിലും ഇതര സമീപ സഭകളിലും എട്ടാം വയസ്സു മുതൽ പാട്ടുകാരനാക്കി. അഞ്ചോ ആറോ വയസ്സിൽ ക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. പതിനെട്ടാം വയസ്സിൽ തന്റെ ജീവിതം കർത്താവിനായി പുന: പ്രതിഷ്ഠ ചെയ്തു.

കുടുംബത്തിലെ സാമ്പത്തിക പ്രതിസന്ധി 1929-ൽ വിദ്യാഭ്യാസം ഉപേക്ഷിച്ച് ന്യൂയോർക്ക് നഗരത്തിലുള്ള ഇൻഷുറൻസ് ഓഫീസിൽ ഗുമസ്തനായി ജോലി സ്വീകരിക്കാൻ ജോർജ്ജിനെ നിർബന്ധിതനാക്കി. അമേരിക്കയെയും ലോകരാഷ്ട്രങ്ങളെയും സാമ്പത്തിക മാന്ദ്യം ഉലച്ച ഒരു കാലഘട്ടമായിരുന്നു അത്. അക്കാലത്ത് പിതാവ് അടുത്തുള്ള പട്ടണത്തിൽത്തന്നെ ശുശ്രൂഷിച്ചിരുന്നതിനാൽ ജോർജ്ജ് കുടുംബത്തോടൊപ്പമായിരുന്നു താമസിച്ചിരുന്നത്. റിയ എഴുതിയ പാട്ടിന്റെ താള് അവന്റെ അമ്മ, ജോർജ്ജിന്റെ പിയാനോ സ്റ്റാൻഡിൽ വച്ചിട്ടു പോയി. "ഹൃദയസ്പർശിയായ ഗാനങ്ങൾ" എന്ന തന്റെ പുസ്തകത്തിൽ ജോർജ്ജ് ഷെയ് ഈ കഥ എഴുതിയിരിക്കുന്നു:

"എന്റെ രക്ഷകർത്തൃത്വം വഹിക്കുന്ന അമ്മയ്ക്ക് എന്റെ സംഗീതത്തിലും ഒരു പങ്കാളിത്തമുണ്ടായി. സൗന്ദര്യത്തിന്റെ ആരാധികയായിരുന്ന അമ്മ അങ്ങനെയുള്ളതെന്തും-ഒരു പുഷ്പമോ, പക്ഷിയോ, കവിതയോ, ഉദ്ധരണികളോ, എന്തായിരുന്നാലും- ശേഖരിക്കുമായിരുന്നു. ഒരു പുസ്തകത്തിൽ നിന്നോ മാസികയിൽ നിന്നോ അടർത്തിയെടുത്ത കവിതാശകലമോ വരികളോ എപ്പോഴും കയ്യിൽ

ഒരു മതേതര ഗായകൻ എന്ന നിലയിൽ വലിയ പ്രശസ്തിയും ധനവും കൈവരുന്ന ഒരു സംരഭമാണെന്നു കണ്ട് ജോർജ്ജ് സന്തോഷിച്ചു. എന്നാൽ ഓഡിഷൻ ടെസ്റ്റിൽ വച്ചു ജോർജ്ജിനു മനം മാറ്റമുണ്ടായി. അപൂർവ്വമായി ജീവിതത്തിൽ വരുന്ന ഇത്തരം സന്ദർഭത്തോട് 'വേണ്ട' എന്നു പറയാൻ ജോർജ്ജ് തീരുമാനിച്ചു. സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്ത് അത്തരമൊരു തീരുമാനം അസാധാരണമായിരുന്നു. ആ പാട്ടിലെ വരികൾ തന്നെയാണ് ജോർജ്ജിനെ സ്വാധീനിച്ചത്. ഇനി യേശുവിനു വേണ്ടി മാത്രമേ പാടൂ എന്ന് ജോർജ്ജ് തീരുമാനമെടുത്തു.

കാണും. അതൊക്കെ പിയാനോ സ്റ്റാൻഡിൽ നിക്ഷേപിച്ചു പോകുന്ന ഒരു പതിവ് അവർക്കുണ്ടായിരുന്നു. റിയായുടെ വരികൾ ആദ്യമായി ഞാൻ കണ്ടപ്പോൾ എനിക്കത്ഭുതമുണ്ടായി. ഞാൻ അതിന് ഒരു സംഗീതം ചിട്ടപ്പെടുത്തി. അന്നു തന്നെ എന്റെ പിതാവിന്റെ സഭയിലെ യോഗത്തിൽ ഞാനതു പാടി. തീർച്ചയായും റിയ തന്നെയാണ് ഊർജ്ജം പകർന്നത്.അവരുടെ ശക്തമായ, ഊർജ്ജസ്വലമായ ആ വരികൾ കൂടാതെ ഒരിക്കലും പാട്ടുണ്ടാവുകയില്ല. ആ വരികൾ പാടുന്നതിന് എനിക്കൊരു മടുപ്പുമില്ല."

ഒരു റേഡിയോ നെറ്റ്വർക്ക് കമ്പനിയുടെ ഡയറക്ടർ 1933-ൽ ജോർജ്ജ് പാടുന്നതു കേൾക്കാനിടയായി. അദ്ദേഹം അവരുടെ റേഡിയോ നെറ്റ്വർക്ക് പ്രോഗ്രാമിൽ പാടുവാൻ ഒരു അവസരം ജോർജ്ജിനു വാഗ്ദാനം ചെയ്തു. ഒരു മതേതര ഗായകൻ എന്ന നിലയിൽ വലിയ പ്രശസ്തിയും ധനവും കൈവരുന്ന ഒരു സംരഭമാണെന്നു കണ്ട് ജോർജ്ജ് സന്തോഷിച്ചു.എന്നാൽ ഓഡിഷൻ ടെസ്റ്റിൽ വച്ചു ജോർജ്ജിനു മനം മാറ്റമുണ്ടായി. അപൂർവ്വമായി ജീവിതത്തിൽ വരുന്ന ഇത്തരം സന്ദർഭത്തോട് 'വേണ്ട' എന്നു പറയാൻ ജോർജ്ജ് തീരുമാനിച്ചു. സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്ത് അത്തരമൊരു തീരുമാനം അസാധാരണമായിരുന്നു. ആ പാട്ടിലെ വരികൾ തന്നെയാണ് ജോർജ്ജിനെ സ്വാധീനിച്ചത് എന്നു നമുക്ക് അനുമാനിക്കാം. ഇനി യേശുവിനു വേണ്ടി മാത്രമേ പാടൂ എന്ന് ജോർജ്ജ് തീരുമാനമെടുത്തു. ആ കാലഘട്ടത്തിൽ പാട്ടു കൊണ്ട് ആർക്കെങ്കിലും ഉപജീവിക്കാൻ കഴിയുമെന്നു ചിന്തിക്കുക പ്രയാസമായിരുന്നു. എന്നാൽ പല ക്രിസ്തീയ റേഡിയോ പ്രോഗ്രാമുകളിൽ പാടുവാൻ ദൈവം ജോർജ്ജിന് അവസരമൊരുക്കി. കൂടാതെ 1947 മുതൽ ബില്ലി ഗ്രഹാമിനോടൊപ്പം പാടുവാനും അവസരമുണ്ടായി. ആളുകളുടെ കയ്യടിയും ലോകപ്രശസ്തിയുമൊന്നും ജോർജ്ജിനെ ഏശാതായി. ഏറ്റവുമധികം ജന സമൂഹത്തോടു പാടിയ ഗായകൻ എന്ന ഗിന്നസ് ബുക്ക് റെക്കോർഡ് ജോർജ്ജിന്റെ പേരിലാണ്. 220 ദശലക്ഷം പേർ. എന്നാൽ ജോർജ്ജ് പറയുന്നത്. " അവരാരും എന്നെ കേൾക്കാൻ വന്നവരായിരുന്നില്ല. ബില്ലി ഗ്രഹാമിന്റെ ശ്രോതാക്കളായിരുന്നു."

നമുക്ക് ദൈവത്തിനു നന്ദിയും സ്തുതികളും അർപ്പിക്കാം-റിയായുടെയും ജോർജ്ജിന്റെയും അമ്മമാർക്കു വേണ്ടി.തങ്ങളുടെ കുടുംബാംഗങ്ങളെ " ഇന്നു ലോകം പുകഴുന്ന എന്തിനേക്കാളും എനിക്ക് യേശു മതി" എന്നു പറയുവാൻ തക്കവണ്ണം സ്വാധീനിക്കുന്ന എല്ലാ അമ്മമാർക്കും വേണ്ടി.

മൊഴിമാറ്റം: **ബോബി ചെറിയാൻ**





### സാധുസുന്ദർസിങ്ങിന്റെ സാരോപദേശകഥകൾ-1

# രാജാവും കർഷകനും

പണ്ടുപണ്ടു നീതിമാനും ദയാലുവുമായ ഒരു രാജാവു ജീവിച്ചിരുന്നു. ജനങ്ങളെ വളരെ സ്നേഹിക്കുകയും അവരോടു സഹതപിക്കുകയും ചെയ്യുന്നവനായിരുന്നു രാജാവ്.തന്റെ വിസ്തൃത സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിൽ വേഷപ്രച്ഛന്നനായി പോകുന്ന പതിവു രാജാവിനുണ്ടായിരുന്നു.അപ്പോൾ ജനങ്ങളുടെ കഷ്ടങ്ങളും പ്രയാസങ്ങളും മനസ്സിലാക്കി അവരെ സഹായിക്കാം;അവരുടെ പരാതികളും പരിദേവനങ്ങളും കേട്ട് അവരുടെ കഷ്ടപ്പാടുകൾ പരിഹരിക്കാം.ആ രാജ്യത്തെ പ്രജകളും രാജാവിനെ വളരെയധികം സ്നേഹിച്ചിരുന്നു. ഒരു സാധാരണ തൊഴിലാളിയുടെ വേഷത്തിൽ രാജാവ് ഒരിക്കൽ സഞ്ചരിക്കുകയായിരുന്നു.ഒരു വൃദ്ധൻ ഒരു വലിയ കെട്ടും തോളിലേറ്റി കാളകളെ തെളിച്ചുകൊണ്ടു വയലിലേക്കു പോകുന്ന കാഴ്ച രാജാവ് കണ്ടു.ആ മനുഷ്യന്റെ കഷ്ടപ്പാടും കുനിഞ്ഞു വേച്ചുവേച്ചുള്ള നടപ്പും രാജാവിന്റെ മനസ്സലിയിച്ചു. രാജാവ് പെട്ടെന്നു മുന്നോട്ടു ചെന്നു ഇങ്ങനെ പറഞ്ഞു: "അല്ലയോ സ്നേഹം നിറഞ്ഞ അപ്പച്ചാ, ഞാൻ സഹായിക്കട്ടെ.ഞാൻ ഈ ഭാരമുള്ള കെട്ടു വയലിൽ കൊണ്ടുവന്നു തരാം."ഭാരംകൊണ്ടു തളർന്ന വൃദ്ധൻ ആശ്ചര്യത്തോടെ കെട്ടു നിലത്തിട്ടു പിന്നെ ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ട് ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ മഹാമനസ്കതയ്ക്കു വളരെ നന്ദി. പക്ഷേ അതിനു പ്രതിഫലം തരാൻ കഴിവില്ലാത്ത ഒരു സാധുവാണ് ഞാൻ." രാജാവു പറഞ്ഞു: "പ്രതിഫലം സാരമില്ല. ഈ വലിയ ചുമടു നിങ്ങൾക്കു സൃഷ്ടിക്കുന്ന പ്രയാസം ലഘൂകരിച്ച് എന്റെ ഹൃദയവേദന കുറയ്ക്കുന്നതു തന്നെ പ്രതിഫലം." ഇതു പറഞ്ഞമാത്രയിൽ തന്നെ രാജാവ് കെട്ടു തോളിലേറ്റി, വൃദ്ധനോടൊപ്പം പണിസ്ഥലത്തേക്കു നടന്നു. ആ സാധു കർഷകൻ അതിനു നന്ദി പറഞ്ഞിട്ടു രണ്ടു ചോദ്യങ്ങൾ ചോദിച്ചു: "നിങ്ങളുടെ പേരെന്താണ്? നിങ്ങൾ എവിടെ താമസിക്കുന്നു?"അല്പം ദൂരെ ചെന്നപ്പോൾ ചുമടെടുത്തു ശീലമില്ലാത്ത രാജാവ് ക്ഷീണിച്ചു.വൃദ്ധനോട് നിലത്തിരിക്കാൻ പറഞ്ഞിട്ട് രാജാവും ഇരുന്നു.അല്പസമയത്തെ വിശ്രമത്തിനുശേഷം രാജാവും വൃദ്ധനുമായിട്ടു താഴെപ്പറയുന്ന സംഭാഷണം നടന്നു:

രാജാവ്:എന്റെ പേരും മേൽവിലാസവും എന്തിനാണ് തേടുന്നത്? എന്റെ സേവനത്തിനു യാതൊരു പ്രതിഫലവും ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഈ വയസ്സുകാലത്തും നിങ്ങളിങ്ങനെ കഠിനാധ്വാനം ചെയ്യുന്നതെന്തിനാണെന്നു പറയൂ?

കർഷകൻ: (കണ്ണിണകൾ അശ്രുക്കളാൽ നിറഞ്ഞു) ഞാനെന്താണ് പറയേണ്ടത്? ആരോടും പറയാതിരിക്കുന്നതാണ് നല്ലതെന്നാണെന്റെ വിചാരം. എനിക്കു ലഭിച്ച മുറിവുകളും ഞാൻ അനുഭവിച്ച കനത്ത നഷ്ടങ്ങളും ഓർക്കുമ്പോൾ എന്റെ നിർഭാഗ്യമോർത്തെന്റെ ഹൃദയം വേദനിക്കുന്നു.

രാജാവ്:അതെന്താണ്? ദയവായി എന്നോടു പറയൂ. ഞാൻ തികച്ചും ഖേദിക്കുന്നു. എന്റെ കഴിവിനൊത്തു നിങ്ങളെ സഹായിക്കാൻ ശ്രമിക്കാം.മുഴുവൻ തുറന്നുപറയൂ.

കർഷകൻ: എന്റെ ശോകാർദ്രമായ ദുരന്തകഥ നിങ്ങളോടു പറഞ്ഞിട്ട് എന്തെങ്കിലും ഗുണമുണ്ടെന്നു തോന്നുന്നില്ല. പിന്നെ നിങ്ങൾ നിർബന്ധിക്കുന്നതുകൊണ്ടും എന്നോടു സഹതപിക്കുന്നതുകൊണ്ടും ഞാൻ അതു വളരെ ചുരുക്കമായി പറയാം.

ഞാൻ തീരെ ദരിദ്രനാണ്.എനിക്കു രണ്ട് ആൺമക്കളുണ്ടായിരുന്നു. വയസ്സുകാലത്തു ഞാനവരെ ആശ്രയിച്ചു. കഴിഞ്ഞവർഷം ഞങ്ങളുടെ നാട്ടിലുണ്ടായ ക്ഷാമം വളരെ അസഹനീയമായപ്പോൾ മക്കളിലൊരുവനെ ഗ്രാമത്തിൽ നിന്നും അകലെയുള്ള വലിയ പട്ടണത്തിൽ ധാന്യം വാങ്ങാനയച്ചു. നിർഭാഗ്യവശാൽ എന്റെ രണ്ടാമത്തെ മകനും സഹോദരനെ സഹായിപ്പാൻ കൂടെ പോയി. പട്ടണത്തിലെത്തിയ ഉടനെ വലിയ ഒരു ധാന്യക്കച്ചവടക്കാരനെ കണ്ടു ധാന്യവും വാങ്ങി അവർ ഗ്രാമത്തിലേക്കു യാത്രയായി. അവർ കച്ചവടക്കാരുമായി വിലപേശിക്കൊണ്ടിരുന്നപ്പോൾ അകലെ ഒരാൾ അവരെ സൂക്ഷിച്ചു നോക്കിനിൽക്കുന്നുണ്ടായിരുന്നു.ധാന്യക്കച്ചവടക്കാരന്റെ ശത്രുവായ ഒരു കൊള്ളക്കാരനായിരുന്നു അവൻ. എന്റെ മക്കൾ കടയിൽ നിന്നിറങ്ങിയയുടനെ ഒറ്റയ്ക്കായ കടക്കാരനെ ആക്രമിച്ചു കൊന്നു പണമെല്ലാം അപഹരിച്ചുകൊണ്ടു കൊള്ളക്കാരൻ ഓടിമറഞ്ഞു.അല്പസമയം കഴിഞ്ഞു കടയിൽവന്ന ഒരു ജോലിക്കാരൻ തന്റെ യജമാനൻ രക്തത്തിൽ കുളിച്ചു മരിച്ചു കിടക്കുന്നതു കണ്ടു.അവൻ വാവിട്ടു നിലവിളിച്ച് അടുത്തുള്ള ആളുകളെല്ലാം ഓടിക്കൂടി. അവിടെ ഡ്യൂട്ടിയിലിരുന്ന പോലീസുകാരൻ ഉടൻ വന്നു. ആ വേലക്കാരനെ അറസ്റ്റു ചെയ്തു. സ്വന്തം ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ആ വേലക്കാരൻ ഒരു ചതിവു ചിന്തിച്ച് പോലീസിനോടു പറഞ്ഞു. അല്പം മുമ്പ് ഞാൻ കടയിൽനിന്നു പോകുമ്പോൾ രണ്ടു യുവാക്കൾ വന്നിരുന്നു. അവരുടെ എടുപ്പിലും നടപ്പിലും അവർ വെറും ഗ്രാമീണരാണെന്നു തോന്നി.ഞാൻ തിരികെ വരുമ്പോൾ എന്നെ ദുഃഖിപ്പിച്ച, ഞെട്ടിക്കുന്ന കാഴ്ച ഞാൻ കണ്ടു. എന്റെ യജമാനൻ കൊല ചെയ്യപ്പെട്ടു. കൊലയാളികൾ കടയിൽ കണ്ടതെല്ലാം മോഷ്ടിച്ചു സ്ഥലംവിട്ടു.അതുകൊണ്ടു അവരുടെ പിന്നാലെ പോയി അവരെ പിടിക്കണമെന്ന് ആ ജോലിക്കാരൻ അപേക്ഷിച്ചു.ഈ കഥ കേട്ടയുടനെ എന്റെ പുത്രന്മാരുടെ പിന്നാലെ അഞ്ചു പോലീസുകാരെ അയച്ചു. പോലീസുകാർ അവരെ പിടിച്ച് അവരെയുംകൊണ്ട് സംഭവം നടന്ന കടയിലേക്കുപോയി. തികച്ചും നിരപരാധികളായ എന്റെ പുത്രന്മാർ എന്താണു സംഭവിച്ചതെന്നറിയാതെ പോലീസുകാരോടൊപ്പം കടയിലേക്കു ചെന്ന്,കടയുടമസ്ഥനെക്കൊണ്ട് തങ്ങൾ കള്ളന്മാരോ കൊള്ളക്കാരോ അല്ല; ആത്മാർത്ഥതയുള്ള ഗ്രാമീണരാണെന്നും ധാന്യം വിലകൊടുത്തു വാങ്ങിച്ചതാണെന്നും സാക്ഷ്യപ്പെടുത്താമെന്നവർ ചിന്തിച്ചു. എന്റെ മക്കളുടെ കൈയിൽ യാതൊരു ആയുധങ്ങളുമില്ലായിരുന്നു. അവരുടെ വസ്ത്രങ്ങളിൽ രക്തത്തിന്റെ ഒരു ചെറിയ പൊട്ടുപോലും ഇല്ലായിരുന്നു. കൊല്ലപ്പെട്ട കടയുടമസ്ഥന്റെ പെട്ടിയും അവരുടെ പക്കലില്ലായിരുന്നു.

അവർ പോലീസുകാരോടൊപ്പം കടയിലെത്തിയപ്പോൾ കച്ചവടക്കാരൻ മരിച്ചു കിടക്കുന്നതു കണ്ടു. സാധാരണക്കാരും നിരപരാധികളുമായ ആ ഗ്രാമീണർ ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ലാത്ത ഭയാനകമായ ദൃശ്യംകണ്ട് ആകെ അമ്പരന്നുപോയി. ഭയംമൂലം അവർക്ക് നാവനക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവിടെ നിന്നവരിൽ പലരും അവരാണ് ഈ ക്രൂരകൃത്യം ചെയ്തതെന്ന് സംശയിച്ചു. എന്നാൽ ദീർഘകാലാനുഭവങ്ങളും ബുദ്ധിയുമുള്ള ചിലർ അവർ തികച്ചും





നിരപരാധികളാണെന്നു പറഞ്ഞു. എന്നാൽ ക്രൂരരായ പോലീസുകാർ അതു ശ്രദ്ധിച്ചില്ല. അവർ എന്റെ മക്കളെ ക്രൂരമായി തല്ലിച്ചതച്ചു. അവരുടെ ശരീരത്തിൽ നിന്നൊഴുകിയ രക്തത്തിൽ വസ്ത്രം നനഞ്ഞു.ക്രൂരദണ്ഡനങ്ങൾകൊണ്ടവരെ കുറ്റം സമ്മതിപ്പിക്കാമെന്നു പോലീസുകാർ ചിന്തിച്ചു. ഈ ദുരന്തവാർത്ത അറിഞ്ഞയുടനെ ഞാനെന്റെ കാളകളെ അയൽക്കാരെ ഏല്പിച്ചു സംഭവം നടന്ന സ്ഥലത്തേക്കു കുതിച്ചു. അവിടെയത്തിയ ഉടനെ ഉയർന്ന പോലീസുദ്യോഗസ്ഥന്മാരെ കണ്ടു വളരെ സൗമ്യമായി, ആദരവോടെ, എന്റെയും എന്റെ മക്കളുടെയുംമേൽ ദയയുണ്ടാകണമെന്ന് അപേക്ഷിച്ചു. അവരുടെ മുഖം കോപത്താൽ തുടുത്തു. എന്നോടു പരുഷമായി പെരുമാറിയ അവർ എന്നെ തുറുങ്കലിലടയ്ക്കാൻ പറഞ്ഞു:"എടോ കിളവാ, പടുവിഡ്ഢി, തനിക്കു കണ്ണില്ലേ? തന്റെ മക്കൾ കൊന്ന കച്ചവടക്കാരന്റെ രക്തം അവരുടെ വസ്ത്രത്തിൽ കാണുന്നില്ലേ! ആ രക്തം അവർക്കെതിരെ നിലവിളിക്കുന്നില്ലേ?"

എന്റെ സ്നേഹിതാ, നമ്മുടെ ഭരണാധിപർ എത്ര അന്ധരും നമ്മുടെ പോലീസുകാർ എത്ര ഹൃദയശൂന്യരുമാണെന്ന് നോക്കുക.നീതിക്കുവേണ്ടി ജനങ്ങൾ കേഴുന്നു. എന്നാൽ അവിടെ യാതൊരു നീതിയുമില്ല. ദുഷ്ടരും മോഷ്ടാക്കളും സ്വതന്ത്രരായി പോകുന്നു. നിരപരാധികളും പാവങ്ങളും ശിക്ഷിക്കപ്പെടുന്നു. എത്ര ആശ്ചര്യകരം! ധാന്യക്കച്ചവടക്കാരന്റെ വേലക്കാരനും മറ്റൊരാളും കൂടെ പോലീസ് ഉദ്യോഗസ്ഥരുടെ അടുത്തുവന്ന് ഒരു പേഴ്സു നിറയെ പണം സംഭാവന കൊടുക്കുന്നതു ഞാൻ എന്റെ കണ്ണുകൊണ്ടുതന്നെ കണ്ടു. ആ ഉദ്യോഗസ്ഥന്മാർ ചിരിച്ചുകൊണ്ട് കൈക്കൂലി വാങ്ങി അവരെ പെട്ടെന്ന് അവിടെ നിന്നും പറഞ്ഞയച്ചു.അവർ എന്നെ ഭീഷണിപ്പെടുത്തി വിട്ടയച്ചു. അവർ വീണ്ടും ക്രൂരമായി എന്റെ മക്കളോടു പെരുമാറി. വിചാരണ നടക്കേണ്ട കോടതിയിലേക്ക് അവരെ വലിച്ചിഴച്ചു. നിരപരാധികളായ എന്റെ പാവം മക്കൾ തങ്ങൾക്കു കൊലപാതകത്തെക്കുറിച്ചു യാതൊന്നും അറിഞ്ഞുകൂടെന്ന് ആണയിട്ടു പറഞ്ഞു. പക്ഷേ അവരുടെ വാക്കുകൾക്കാരും ചെവി കൊടുത്തില്ല. എന്നാൽ മറുവശത്തു പോലീസുകാർ തെറ്റായ ആരോപണങ്ങൾവച്ച് ഒരു കേസ് മെനഞ്ഞെടുത്തു. എന്റെ മൂത്തമകൻ മനഃപൂർവ്വം ആ കച്ചവടക്കാരനെ കൊന്നതാണെന്നും, അനുജനും അവനെ സഹായിച്ചെന്നുമായിരുന്നു പോലീസ് കേസ്. കേസുകേട്ട കോടതി, എന്റെ മൂത്തമകനെ വധശിക്ഷയ്ക്കും ഇളയവനെ ഏഴു വർഷത്തെ കഠിനതടവിനും വിധിച്ചു.കുറെ ദിവസങ്ങൾ കഴിഞ്ഞ്, ഞാൻ മുമ്പേ പറഞ്ഞ ആ കച്ചവടക്കാരനെ കൊന്ന കൊള്ളക്കാരൻ ചന്തയിൽ പരസ്യമായി ഒരു കടയുടമയെ വധിച്ചു. അവനു രക്ഷപ്പെടാൻ കഴിഞ്ഞില്ല. അവനൊരു ഭ്രാന്തനായി അഭിനയിച്ചെങ്കിലും ആളുകൾ അവനെ പിടിച്ചു.തങ്ങൾ നേരത്തെ പെരുമാറിയതുപോലെ പ്രവർത്തിച്ചാൽ ജനങ്ങൾഇളകിയേക്കുമെന്നു ഭയന്നു ചില പോലീസുകാരും ഭരണമേധാവികളും ഈ കൊള്ളക്കാരനെ ശിക്ഷിക്കാൻ ശ്രമിച്ചു.ജനങ്ങളെ അവർ ഭയപ്പെട്ടു.അതിന്റെ ഫലമായി ആ കൊലപാതകി വിസ്തരിക്കപ്പെട്ടു. നിയമപരമായി വധശിക്ഷയിൽ നിന്നു തനിക്കു രക്ഷപ്പെടാൻ സാധ്യമല്ലെന്നു വന്നപ്പോൾ ഇവൻ ഇപ്രകാരം കുറ്റസമ്മതം നടത്തി:

'ആ നിരപരാധികളായ രണ്ടു പാവം ഗ്രാമീണരെ ശിക്ഷിച്ച കൊലപാതകവും ഞാൻ തന്നെയാണ് ചെയ്തത്. എനിക്കിപ്പോൾ അവരോടു വളരെ അലിവു തോന്നുന്നു. ആ കൊലപാതകത്തിൽ എന്നോടു സഹകരിച്ച വേറൊരാൾ കൂടെയുണ്ട്. ആ മനുഷ്യന്റെ പേരു വെളിപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ചില ഉദ്യോഗസ്ഥന്മാർക്കും പോലീസുകാർക്കും അയാളെ അറിയാം.'

ആ വേലക്കാരനോടൊപ്പം പോലീസുകാർക്കു കൈക്കൂലി കൊടുക്കുവാൻ ചെന്ന വ്യക്തി തന്നെയാണയാളെന്നു ഞാൻ ആ കൊലപാതകിയെ കണ്ടപ്പോൾ മനസ്സിലാക്കി.അപ്പോൾ ആ ധാന്യക്കച്ചവടക്കാരന്റെ വേലക്കാരൻ തന്നെയായിരിക്കും ആ കൊലപാതകത്തിനുകൂട്ടുനിന്നത്. കൊലപാതകിയുടെ കുറ്റസമ്മതം കേട്ട ന്യായാധിപന്മാർ ഉടനെ എന്റെ മകനെ തൂക്കിലേറ്റിയോ എന്നറിയാൻ ആളയച്ചു.എന്നാൽ കഷ്ടം അവനെ തൂക്കിലേറ്റിയിട്ട് ഒരാഴ്ച കഴിഞ്ഞിരുന്നു. ജ്യേഷ്ഠന്റെ മരണം സൃഷ്ടിച്ച ആഘാതത്തിൽ നാലു ദിവസം കഴിഞ്ഞ് എന്റെ ഇളയ മകനും അന്ത്യശ്വാസം വലിച്ചു. എന്റെ കുഞ്ഞുങ്ങളെ ഒരോരുത്തരെ സംസ്കരിച്ചശേഷം ഹൃദയം തകർന്ന് അവശനായി ഞാൻ തിരികെ വന്നു. ദുഃഖവും സങ്കടവും മൂലം ഒരു മാസത്തേക്ക് എനിക്ക് എഴുന്നേൽക്കാൻപോലും കഴിഞ്ഞില്ല. ഈ വയസ്സുകാലത്തു കഞ്ഞി കുടിക്കണമെങ്കിൽ ഞാൻ അധ്വാനിക്കണം.ഹേ, മരണമേ നീ എവിടെ? എന്നെ വളരെ വേദനിപ്പിച്ച ഈ നശ്വര ശരീരത്തിൽ നിന്നു നീ എനിക്കു മോചനം നൽകിയിരുന്നെങ്കിൽ എന്നു ഞാനാശിക്കുന്നു."

രാജാവ്: നിങ്ങളുടെ ഈ ദുരന്തകഥ എന്നെ വേദനിപ്പിക്കുന്നു. എന്റെ ശരീരം പോലും വിറയ്ക്കുന്നു. ഞാൻ വളരെ വളരെ ഖേദിക്കുന്നു. നിങ്ങൾ രാജാവിനു ദയാഹർജി കൊടുത്തില്ലേ?

കർഷകൻ: അതേ, രാജാവിനെ കണ്ടു ദയാഹർജി കൊടുക്കുവാൻ ഞാനെന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചു. എന്നാൽ ഗവണ്മെന്റു ഉദ്യോഗസ്ഥന്മാർ അതിനനുവദിച്ചില്ല. അവസാനം ക്ഷമയോടെ, ദുഃഖത്തിന്റെയും വേദനയുടെയും കയ്പുനീർ കുടിക്കേണ്ടിവന്നു. നമ്മുടെ രാജാവു നല്ലവനും ദയാലുവുമാണ്. എന്നാൽ നമ്മടെ ഉദ്യോഗസ്ഥന്മാർ സത്യം മുഴുവൻ അദ്ദേഹത്തെ ധരിപ്പിക്കുകയില്ല. നമ്മുടെ മഹാരാജാവു ചിലപ്പോഴൊക്കെ വേഷപ്രച്ഛന്നനായി നടന്ന് ആളുകളുടെ ആവശ്യങ്ങളും ആവലാതികളും കേട്ടു പ്രജകളുടെ ദുഃഖവും പ്രയാസവും മനസ്സിലാക്കി പരിഹരിക്കുമെന്നു കേട്ടിട്ടുണ്ട്. അങ്ങനെ മഹാരാജാവു വന്നാൽ ജനങ്ങൾക്ക് ഇത്തരം ദുരന്ത സഹനങ്ങളുടെ കഥ പറയാം. അല്ലെങ്കിൽ പരിഹരിക്കാനാവാത്തതൊക്കെ സഹിക്കുകയല്ലാതെ എന്തു നിവൃത്തി.

രാജാവ്: ശരി; സംഭവിച്ചതു സംഭവിച്ചു. അതിനിയും തിരുത്താനാവില്ല. എന്നാലാവോളം നിങ്ങളെ സഹായിക്കാമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ദുഃഖങ്ങൾ നിങ്ങളുടെ പുത്രന്മാരെ തിരികെ കൊണ്ടുവരികയില്ല.അതുകൊണ്ട് അതൊക്കെ മറക്കണം. നമ്മുടെ നാഥൻ വിളിക്കുമ്പോൾ, ഇന്നല്ലെങ്കിൽ പിന്നീടൊരിക്കൽ ഓരോരുത്തരായി നാം എല്ലാവരും ഈ ലോകംവിട്ടു പോകേണ്ടവരാണല്ലോ.ആ വിഷയം വിട്ടു മറ്റുവല്ലതും നമുക്കു സംസാരിക്കാം. നിങ്ങളുടെ ഗ്രാമത്തെപ്പറ്റിയും എന്തെങ്കിലും പറയാമോ?

കർഷകൻ: ചിലർ കരയുകയും ചിലർ പാടുകയും ചെയ്യുന്ന ഒരു രാജ്യമാണ് നമ്മുടെ രാജാവിന്റേത്.അവരവരുടെ വീട്ടിൽ എല്ലാവരും രാജാക്കന്മാരാണല്ലോ. അവരവരുടെ സാഹചര്യങ്ങളിൽ എല്ലാവരും സന്തുഷ്ടരും. ഞാൻ കണ്ടിടത്തോളം ദരിദ്രരേക്കാൾ വലിയ സമൃദ്ധിയൊന്നും ധനികർക്കില്ല. ധനികരെക്കാളൊട്ടു സന്തോഷക്കുറവുള്ളവരല്ല ദരിദ്രർ. ആവശ്യങ്ങൾ ഏറ്റവും കുറഞ്ഞവരാണ് സന്തുഷ്ടർ. ആവശ്യങ്ങൾ പെരുകിന്നിടത്തു സചേതനത്വം കുറയുന്നു. അവർ ദരിദ്രരേക്കാൾ അക്ഷമരായിത്തീരുന്നു. ഈ അപ്രതീക്ഷിത ദുരന്തങ്ങൾക്കു മുമ്പു കൊട്ടാരത്തിൽ വസിക്കുന്ന രാജാവിനെപ്പോലെതന്നെ ഞാനും സന്തുഷ്ടനായിരുന്നുവെന്ന് എന്റെ സ്വന്തം അനുഭവ





ത്തിൽ നിന്നു പറയുവാൻ കഴിയും. എന്റെ ദൈവം എന്നെ ആക്കിയിരിക്കുന്ന ഏതു സാഹചര്യത്തിലും സന്തുഷ്ടനായിരിക്കാൻ ഞാൻ ശ്രമിക്കുകയാണ്; ഇനിയും ശ്രമിക്കുകയും ചെയ്യും.സത്യത്തിൽ ദൈവസമാധാനം ആരുടെ ഹൃദയത്തിൽ വസിക്കുന്നുവോ അവനാണു ഭാഗ്യവാൻ. അല്ലെങ്കിൽ ധനികനും ദരിദ്രനും രാജാവും യാചകനും എല്ലാം ഒരുപോലെ.

രാജാവ്: രാജാവ് തന്റെ കൊട്ടാരത്തിൽ പാർക്കാൻ തന്നെ വിളിച്ചാൽ സന്തോഷം തോന്നുമോ? ഏതു സാഹചര്യത്തിലാണു നിനക്കു കുടുതൽ സന്തോഷം തോന്നുക?

കർഷകൻ: രാജകൊട്ടാരത്തേക്കാൾ എത്രയോ മെച്ചമാണ് എന്റെ കുടിൽ. രാജകൊട്ടാരം മരണം, ദുഃഖം, വേദന ഇവകളിൽ നിന്നു സുരക്ഷിതമാണോ?എന്റെ അഭിപ്രായത്തിൽ പകലന്തിയോളം പണിയെടുത്തു തന്റെ ലളിതഭക്ഷണവും കഴിച്ചു സ്വന്തം കുടിലിൽ ഉറങ്ങുന്നിടത്തോളം സന്തോഷം രാജകൊട്ടാരത്തിലെ മൃഷ്ടാന്നഭോജനവും, ആഡംബരവും ഒരാൾക്കു പ്രദാനം ചെയ്യുവാൻ കഴികയില്ല. എവിടെ ഏതു സാഹചര്യത്തിലാണോ ദൈവം എന്നെ ആക്കാൻ ഇഷ്ടപ്പെടുന്നത് അവിടം എനിക്കു സന്തോഷമാണ്. എന്റെ ഈ കഷ്ടശോധനകളുടെ മധ്യത്തിൽ, പണ്ടെനിക്കറിഞ്ഞുകൂടാതിരുന്ന അമൂല്യവും പ്രധാനവുമായ പലതും ഞാൻ പഠിച്ചു. എന്റെ കുഞ്ഞുങ്ങളുടെ മരണം എനിക്കു സഹിക്കാവുന്നതിലും അധികമായിരുന്നു. ഈ വേർപാടു വേദനാജനകവും ഈ വിയോഗം കഠിനവും തന്നെ. എന്നാലിതു താൽക്കാലികമാണ്. എന്റെ ദിവസങ്ങളും എണ്ണപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഞാനും ഈ മരണനദി കടക്കണം. ഇന്നു ഞാനീ ഗോതമ്പുമണികൾ വിതയ്ക്കുവാൻ വന്നു. അല്പദിവസത്തിനുള്ളിൽ അതു മരിച്ചു മണ്ണോടു ചേരും. അവയുടെ മരണത്തിൽ നിന്നു പുതിയ ധാന്യങ്ങൾ ഉയിർത്തെഴുന്നേല്ക്കും. അതുപോലെ നാം എല്ലാവരും ശാരീരികമായി മരിക്കും. എന്നാൽ ഈ നശ്വര ഭൗതികരൂപത്തിൽ വസിക്കുന്ന മനുഷ്യന്റെ ആത്മാവ്, മരണില്ലാത്ത പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടും. ഉദാഹരണമായി വിതയ്ക്കുന്ന അതേ ധാന്യങ്ങൾ തന്നെയാണ് ഉയിർക്കുന്നതെന്ന് തോന്നും; എന്നാൽ അങ്ങനെയല്ല, യഥാർഥത്തിൽ അതേ ധാന്യങ്ങൾ തന്നെയല്ലത്. പഴയതു മരിച്ചു മണ്ണടിയും.അതിൽ നിന്നു പുതിയതു കിളിർത്തുവരും. അതുപോലെ നമ്മുടെ മർത്യശരീരങ്ങളും മരിച്ചു മണ്ണോടു ചേരു. എന്നാൽ നമ്മുടെ ആത്മാവോ തന്റെ സ്രഷ്ടാവിങ്കലേക്കു പറന്ന് അവിടെ നിത്യം വസിക്കും (യോഹ. 12:24; സഭാ. 12:7). അവിടെ മരണമോ ദുഃഖമോ വേദനയോ കഷ്ടമോ ഇല്ല (വെളി. 21:2,3).

രാജാവ്: (ഉത്തരത്തിൽ സന്തുഷ്ടനായി) ഞാൻ താങ്കളെ സഹായിച്ചുവെന്ന് തോന്നരുത്.വാസ്തവത്തിൽ നിങ്ങളുമായി സംസാരിച്ചതിൽ, ഞാൻ നിങ്ങളെ സഹായിച്ചതിന്റെ പതിന്മടങ്ങു ഫലം എനിക്കു ലഭിച്ചു ഞാനതിൽ വളരെ കടപ്പെട്ടിരിക്കുന്നു. ഈ ദിവ്യജ്ഞാനം അങ്ങേയ്ക്ക് എവിടെനിന്നാണു ലഭിച്ചതെന്നു ദയവായി പറയാമോ?

കർഷകൻ: ഞാൻ വളരെ ദുഃഖിതനും തള്ളപ്പെട്ടവനുമായിരുന്നപ്പോൾ ഒരു ക്രിസ്ത്യാനി പതിവായി എന്നെ സന്ദർശിച്ചിരുന്നു. അവൻ എന്റെ കഷ്ടങ്ങളിലും ശോധനകളിലും സഹതപിക്ക മാത്രമല്ല, എന്നെ ആത്മീയമായി സഹായിക്കയും ആശ്വസിപ്പിക്കയും ദിവ്യസത്യങ്ങൾ പഠിപ്പിക്കുകയും ചെയ്തു. നമ്മുടെ രാജാവു വേഷപ്രച്ഛന്നനായി തന്റെ പ്രജകളെ സഹായിക്കാൻ പോകുന്നതുപോലെ നമ്മുടെ രാജാധിരാജൻ മനുഷ്യരൂപത്തിലേക്കു പരിമിതപ്പെട്ടു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിൽ വന്നെന്ന് അയാൾ എന്നോടു പറഞ്ഞു. ജനങ്ങളുടെ സ്ഥിതി മനസ്സിലാക്കി, അവരെ സഹായിച്ചു, പഠിപ്പിച്ചു,

# എഡിറ്റോറിയൽ തുടർച്ച......

നഷ്ടമായെങ്കിൽ തുടർന്നു രണ്ടു പ്രാവശ്യം അവന് 'അങ്കികൾ' ലഭിക്കുകയാണ്. കാരാഗൃഹത്തിൽ നിന്നു ഫറവോന്റെ അരമനയിലേക്കു വിളിക്കപ്പെട്ടപ്പോഴാണ് ഇതിൽ ആദ്യത്തേത് (41:14).ഒടുവിൽ 30–ാം വയസ്സിൽ ഫറവോന്റെ രണ്ടാമനായി വാഴിക്കപ്പെടുന്ന സന്ദർഭത്തിൽ അവന് ഏറ്റവും ഉൽക്കൃഷ്ടമായ വസ്ത്രവും ലഭിക്കുന്നു (41:42). നോക്കുക: യോസേഫിന്റെ ജീവിതത്തിലെ ഇറക്കത്തെയും കയറ്റത്തെയും പ്രതീകവൽക്കരിക്കുന്നു അവനു നഷ്ടപ്പെടുകയും ലഭിക്കുകയും ചെയ്യുന്ന അങ്കികൾ.

ഈ പ്രയാണത്തിൽ എവിടെ വച്ചാണു യോസേഫിനു നുറുക്കം സംഭവിക്കുന്നത്? യാക്കോബിനെപ്പോലെ ഒരു ഉപായിയല്ലാതിരുന്ന,ജീവിതത്തിൽ സ്വാഭാവികമായി ഒട്ടേറെ ഗുണങ്ങൾ ഉണ്ടായിരുന്ന,ആരും ഇഷ്ടപ്പെട്ടുപോകുന്ന മൃദുഭാഷിയായ ഈ യുവാവിന് എവിടെ വച്ചാണ് അവന്റെ സ്വയശക്തിയിൽ ഒരു തകർച്ച വന്നതെന്നു കണ്ടെത്തുക എളുപ്പമല്ല. എന്നാൽ യോസേഫിന്റെ ജീവിതത്തെ, 'കാരാഗൃഹവാസത്തിനു മുൻപും പിൻപും' എന്നു രണ്ടായി തിരിക്കാമെന്നു തോന്നുന്നു.തുടക്കത്തിൽ സഹോദരന്മാരെക്കുറിച്ചുള്ള ദുഃശ്രുതികൾ പറയുകയും തന്റെ സ്വപ്നങ്ങളിൽ പുകഴുകയും ചെയ്തിരുന്ന (യാക്കോബ്, ഇതിനു യോസേഫിനെ ശാസിക്കുന്നുണ്ട്) വളരെയേറെ ആത്മവിശ്വാസമുള്ള ചെറുപ്പക്കാരനായിരുന്നു യോസേഫ്. ഒട്ടേറെ ദുരനുഭവങ്ങളിലൂടെ കടന്നുപോയി കാരാഗൃഹത്തിലായപ്പോഴും തന്റെ സ്വപ്നവ്യാഖ്യാനം തനിക്കു മോചനത്തിനു മാർഗ്ഗം ഒരുക്കുമെന്ന പ്രതീക്ഷ ആദ്യനാളുകളിൽ അവനുണ്ടായിരുന്നു. എന്നാൽ പാനപാത്രവാഹകരുടെ പ്രമാണിയുടെ ഓർമ്മത്തെറ്റ് അവന്റെ എല്ലാ

ആശ്വസിപ്പിച്ചു. മാത്രമല്ല, ലോകരക്ഷയ്ക്കായി തന്റെ ജീവനെതന്നെ ക്രൂശിൽ ബലിയർപ്പിച്ചതിലൂടെ തന്റെ അനന്തവും അഗാധവുമായ സ്നേഹം വെളിപ്പെടുത്തുകയും ചെയ്തു. അങ്ങനെ തന്നിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്, സ്വർഗീയ വാതിലുകൾ തുറക്കുകയും പാപികൾക്കു വേണ്ടിയുള്ള രക്ഷാപദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. അവന്റെ നാമം യേശുക്രിസ്തു എന്നാണ്. ഞാനവനിൽ വിശ്വസിച്ച അന്നു മുതൽ എനിക്കൊരു പുതിയ ജീവിതം ലഭിച്ചു. അതിനു ദൈവത്തോടും എന്നെ സന്ദർശിച്ചിരുന്ന ആ ദൈവദാസനോടും ഞാൻ കൃതജ്ഞനാണ്.

രാജാവ്: നിങ്ങൾ സന്തോഷസമാധാനചിത്തനായിരിക്കുന്നതിൽ ഞാൻ സത്യമായും സന്തോഷിക്കുന്നു. നിങ്ങളുടെ ജോലി മിനക്കെടുത്തി, ഈ വിലപ്പെട്ട സമയം കൂടുതൽ അപഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സൗകര്യമുള്ള മറ്റേതെങ്കിലും അവസരത്തിൽ ഞാൻ വരും.

ഇങ്ങനെ പറഞ്ഞു കർഷകനെ വിട്ടു രാജാവു യാത്രയായി. താനിത്ര സമയം സ്വതന്ത്രമായി സംസാരിച്ച വ്യക്തി വേഷപ്രച്ഛന്നനായ രാജാവാണെന്ന് ആ സാധു കർഷകൻ അറിഞ്ഞില്ല. കൊട്ടാരത്തിൽ തിരിച്ചെത്തിയ രാജാവ്, ആ കർഷക പുത്രന്മാരുടെ കേസ് അന്വേഷിച്ചു. മറ്റുള്ളവർക്കു മാതൃകയായി ആ പോലീസുകാരെയും കച്ചവടക്കാരന്റെ വേലക്കാരനെയും കഠിനമായി ശിക്ഷിച്ചു. കൂടാതെ രാജാവ് ആ കർഷകനെ കൊട്ടാരത്തിൽ വിളിച്ചു സൽക്കരിച്ചു ബഹുമാനിച്ചു, ശിഷ്ടായുസ്സ് അല്ലൽകൂടാതെ കഴിക്കാൻ മാസം 100 രൂപാ ഗ്രാന്റും അനുവദിച്ചു. ഈ സംഭവത്തിൽ അത്ഭുതപരതന്ത്രനായിത്തീർന്ന കർഷകൻ, രാജാവിനും ദൈവത്തിനും നന്ദി പറഞ്ഞു സ്തോത്രം പാടി സന്തോഷത്തോടെ സ്വന്തം ഭവനത്തിലേക്കു പോയി.





പ്രതീക്ഷകളെയും ഊതിക്കെടുത്തി.സ്വന്തകഴിവുകൾ മോചനത്തിനു വഴിതെളിക്കുമെന്ന പ്രത്യാശയുടെ അവസാന നുറുങ്ങുവെട്ടവും അണഞ്ഞു കഴിഞ്ഞ ആ നാളുകളിൽ പക്ഷേ ദൈവം കാരാഗൃഹത്തിൽ അവനോടു കൂടെയിരുന്ന് അവനിൽ ഒരു പ്രവൃത്തിചെയ്തെടുക്കുകയായിരുന്നു(39:21, പ്രവൃ. 7:10). ആ പ്രവൃത്തി എന്തായിരുന്നു? അവൻ തീർത്തും ബലഹീനനായി. ആ സ്ഥാനത്ത് ദൈവികശക്തി ബലഹീനതയിൽ തികഞ്ഞുവന്നു. സങ്കീർത്തനക്കാരൻ അതിനെ അവന്റെ ആത്മാവ് ഇരുമ്പിന്റെ ശക്തിയിലേക്കു പ്രവേശിച്ചു (He was laid in chains of iron and his soul entered in to the iron) എന്നാണു വിവരിക്കുന്നത് (105:18 Amplified).

കാരാഗൃഹത്തിനുശേഷമുള്ള യോസേഫ്, കുണ്ടറയിൽ മറഞ്ഞു കിടന്നിരുന്ന ഒരു രത്നം പകൽവെളിച്ചത്തിലേക്കെടുത്തപ്പോൾ വെട്ടിത്തിളങ്ങുന്നപോലെ ദിവ്യസ്വഭാവത്താൽ പ്രശോഭിക്കുന്നു. ദൈവാത്മാവുള്ള, വിവേകവും ജ്ഞാനവുമുള്ള ഒരുവനാണ് അവനെന്നു ഫറവോൻ പോലും തിരിച്ചറിയുന്നു (41:38,39). തുടർന്നു കൊട്ടാരത്തിൽ എല്ലാവരുടെയും ആദരവിനു പാത്രമായി കഴിയുമ്പോഴും യോസേഫ് നിഗളിക്കുകയോ പ്രതികാരചിന്തകളെ താലോലിക്കുകയോ ചെയ്തില്ല. അവന് ആദ്യജാതനുണ്ടായപ്പോൾ ഇട്ടപേരു തന്നെ അതിന്റെ തെളിവ്. 'എനിക്കെതിരെ എല്ലാവരും ചെയ്ത തിന്മകൾ മറക്കുവാൻ ദൈവം എന്നെ സഹായിച്ചു' എന്നു പറഞ്ഞാണു മനശ്ശെ എന്നപേരിടുന്നത് (41:51). സ്വന്ത സഹോദരങ്ങൾ കാട്ടിയ വഞ്ചന, അവരുടെ മുൻപിൽ കെഞ്ചി പറഞ്ഞിട്ടും (42:21) അവർ കരുണ കാട്ടാതിരുന്നത് ഒക്കെ വർഷങ്ങൾ കഴിഞ്ഞാലും ആരുടെ മനസ്സിലും ഉണങ്ങാത്ത മുറിവായി രക്തമൊലിപ്പിച്ചുകൊണ്ടിരിക്കും. എന്നാൽ ആ മുറിവുകളോടു യോസേഫ് 'മനശ്ശെ' (മറക്കുവാൻ ഇടയാക്കുന്നു) എന്നു പറഞ്ഞു. നുറുങ്ങിപ്പോയ ഒരുവനുമാത്രമേ ദോഷങ്ങൾക്കെതിരെ കരയുവാനും പ്രാർത്ഥിക്കുവാനും കഴിയുകയുള്ളു (42:23, 43:30, 45:1, സങ്കീർ. 141:5).യോസേഫിനു ലഭിച്ച ആന്തരികസൗഖ്യം സഹോദരന്മാരോടുള്ള പെരുമാറ്റത്തിൽ പിന്നീടു പ്രതിഫലിക്കുന്നതും ശ്രദ്ധിക്കുക. (45:5, 50:19–21).

അതുപോലെ തനിക്ക് ഏറെ അംഗീകാരവും നേട്ടവും ലഭിച്ച സ്ഥലമായിരുന്നിട്ടും യോസേഫ് മിസ്രയേമിൽ ഒരു പ്രതീക്ഷ വച്ചു പുലർത്തിയില്ല. തനിക്കു മിസ്രയേമിൽ ഒരു സ്മാരകം വേണ്ടെന്ന് അവൻ തീരുമാനിച്ചു.അതുകൊണ്ടാണല്ലോ 'യോസേഫിനെ അറിയാത്ത ഒരു ഫറവോൻ' അവിടെ പിന്നീടു വന്നത്.തന്റെ അസ്ഥികൾക്കുപോലും വാഗ്ദത്ത കനാനിൽ മാത്രമേ സ്വസ്ഥത ലഭിക്കുകയുള്ളുവെന്നു യോസേഫിന് ഉറപ്പുണ്ടായിരുന്നു (50:25). എബ്രായലേഖനകാരൻ യോസേഫിനെ ഒറ്റവാക്യത്തിൽ അനുസ്മരിക്കുമ്പോഴും എടുത്തുകാട്ടുന്നത് ഇക്കാര്യമാണ് (11:22). ഈ ലോകത്തെ സംബന്ധിച്ച സ്വാഭാവിക പ്രതീക്ഷകൾ തകർന്നുപോയ ഒരു നിലപാടായിരുന്നു യോസഫിന്റേത്.

ചുരുക്കത്തിൽ യാക്കോബ് നുറുക്കത്തിന് ഉത്തമോദാഹരണമായിരിക്കുന്നതുപോലെയാണു യോസേഫും. ആയിരം കഷണങ്ങളായി നുറുങ്ങിപ്പോയ ഒരു പരിമളഭരണിപോലെ യോസേഫിന്റെ ജീവിതം ബൈബിളിന്റെ ആദ്യപുസ്തകത്തിന്റെ അവസാനതാളുകളെ സുഗന്ധപൂരിതമാക്കുന്നു!

നുറുക്കത്തിന്റെ പരിമള വഴികൾ അറിയാമായിരുന്ന, 'ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ള മനുഷ്യൻ' അതുകൊണ്ടുതന്നെ തന്റെ കീർത്തനങ്ങളിൽ ആ വരികൾ കുറിച്ചു:

'ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെഅവൻ രക്ഷിക്കുന്നു' (34:18)'തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ,നീ നിരസിക്കുകയില്ല' (51:17).

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## അപ്പോസ്തലപ്രവൃത്തികൾ

സാക് പുന്നൻ


### അധ്യായം-പത്ത് തുടർച്ച

**യേ**ശു ലോകത്തിന്റെ പാപത്തിനായി മരിച്ചു എന്നും മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നുമുള്ള സുവിശേഷസത്യങ്ങൾ കൊർന്നല്യോസിന്റെ അടുക്കൽ വന്ന ദുതന് അറിയാമായിരുന്നു. പതോസ് വന്ന് ഈ സന്ദേശം പറയുവാനായി അദ്ദേഹത്തെ വിളിക്കണം എന്നു കൊർന്നല്യോസിനോട് ആവശ്യപ്പെടുന്നതിനുപകരം ദൂതൻ തന്നെ എന്തുകൊണ്ട് അദ്ദേഹത്തോടു സുവിശേഷം പ്രസംഗിച്ചില്ല? സുവിശേഷം പത്രോസിനേക്കാൾ പത്തിരട്ടി നന്നായി പ്രഘോഷിക്കുവാൻ ദൂതനു കഴിഞ്ഞേനേ. പക്ഷേ ദൂതനു ലഭിച്ചിട്ടില്ലാത്ത രക്ഷയുടെ അനുഭവം പത്രോസിനുണ്ടായിരുന്നു. കൃപയാൽ രക്ഷപെട്ട ഒരു പാപിക്കു മാത്രമേ മറ്റൊരു പാപിയോട് രക്ഷയെപ്പറ്റി പറയാൻ സാധിക്കൂ. ഇതാണ് നാം അപ്പോസ്തലപ്രവൃത്തികളുടെ ആദ്യവാകൃത്തിൽ വായിക്കുന്നത്-'യേശു പ്രവർത്തിച്ചു; അതിനുശേഷം പഠിപ്പിച്ചു.' നിനക്ക് ഒരനുഭവം ഇല്ലെങ്കിൽ നീ അതേപ്പറ്റി സംസാരിക്കരുത്.ദൂതൻ പോലും ആ തത്വം അംഗീകരിച്ചു. നീ അറിയുന്ന കാര്യങ്ങൾ പ്രസംഗിക്കരുത്; എന്നാൽ നീ ജീവിതത്തിൽ പ്രാവർത്തികമാക്കിയവ, അഥവാ പ്രാവർത്തികമാക്കുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങളേ പ്രസംഗിക്കാവൂ.

പത്രോസ് കൊർന്നല്യോസിന്റെ വീട്ടിലെത്തിയപ്പോൾ ഇപ്രകാരം പറഞ്ഞു. "ഏതു ജാതിയിലും ദൈവത്തെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവരെ ദൈവം അംഗീകരിക്കുന്നു.'' (10:35) (എല്ലാ രാജ്യങ്ങളിലും മാത്രമല്ല, എല്ലാ മതവിഭാഗങ്ങളിലും ഉള്ളവരെ). ഓരോ മതത്തിലും ദൈവത്തെ ഭയപ്പെടുന്നവരെ ദൈവം സ്വാഗതം ചെയ്യുന്നു; അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം ക്രിസ്തുവിലേക്ക് ദൈവം അവരെ നടത്തുന്നു. പത്രോസ് കൊർന്നല്യോസിന്റെ ഭവനത്തിൽ പോകുവാൻ വിസ്സമ്മതിച്ചിരുന്നെങ്കിലോ? പത്രോസ് അനുസരിച്ചിരുന്നില്ലെങ്കിൽ കൊർന്നല്യോസ് നഷ്ടപ്പെടുമായിരുന്നോ? പത്രോസിന്റെ അനുസരണക്കേടിന് കൊർന്നല്യോസിനെ നഷ്ടപ്പെടുവാൻ അനുവദിക്കുന്നത് ദൈവപക്ഷത്ത് അനീതിയാകുമായിരുന്നു.അതുകൊണ്ട് പത്രോസ് പോയില്ലായിരുന്നുവെങ്കിൽ ദൈവം യാക്കോബിനെയോ യോഹന്നാനേയോ, മറ്റു വല്ലവരെയുമോ കൊർന്നല്യോസിന്റെ അടുക്കലേക്ക് അയച്ചേനേ. അനന്യാസ് തർസോസുകാരനായ ശൗലിന്റെ സമീപെ പോയിരുന്നില്ലെങ്കിൽ ദൈവം മറ്റാരെയെങ്കിലും അയച്ചേനേ. ദൈവം ആവശ്യപ്പെടുന്നിടത്ത് നീ പോയില്ലെങ്കിൽ നിന്റെ ശുശ്രൂഷ ദൈവം മറ്റാർക്കെങ്കിലും കൊടുക്കും.

> പത്രോസ് കൊർന്നല്യോസിന്റെ ഭവനത്തിൽ പോകുവാൻ വിസ്സമ്മതിച്ചിരുന്നെങ്കിലോ? പത്രോസ് അനുസരിച്ചിരുന്നില്ലെങ്കിൽ കൊർന്നല്യോസ് നഷ്ടപ്പെടുമായിരുന്നോ? പത്രോസിന്റെ അനുസരണക്കേടിന് കൊർന്നല്യോസിനെ നഷ്ടപ്പെടുവാൻ അനുവദിക്കുന്നത് ദൈവപക്ഷത്ത് അനീതിയാകുമായിരുന്നു. അതുകൊണ്ട് പത്രോസ് പോയില്ലായിരുന്നുവെങ്കിൽ ദൈവം യാക്കോബിനെയോ യോഹന്നാനേയോ, മറ്റു വല്ലവരെയുമോ കൊർന്നല്യോസിന്റെ അടുക്കലേക്ക് അയച്ചേനേ.

10:38-ൽ പത്രോസ് യേശുവിന്റെ ശുശ്രൂഷയെ ഇപ്രകാരം വിവരിക്കുന്നു:"ദൈവം നസറയനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു: ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ടു സഞ്ചരിച്ചു." യേശുവിന്റെ ജീവിതത്തിലും പരിശുദ്ധാത്മാഭിഷേകത്തിനുള്ള അടയാളം ശക്തിയായിരുന്നു.ആ ശക്തികൊണ്ട് യേശു നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചു. നിരാശയുള്ളവർ, സന്തോഷമില്ലാത്തവർ, അവിവാഹിതർ, തങ്ങളുടെ ഭർത്താവിനാൽ/ഭാര്യയാൽ പീഡിപ്പിക്കപ്പെടുന്നവർ, മാതാപിതാക്കളാൽ അവഗണിക്കപ്പെട്ടവർ,ആത്മഹത്യയെക്കുറിച്ചു പോലും ചിന്തിക്കുന്നവർ-ഇങ്ങനെയുള്ളവരെ പാപത്തിൽ നിന്നും സാത്താനിൽ നിന്നും സ്വതന്ത്രരാക്കി സന്തോഷവാന്മാരാക്കുവാൻ ദൈവം നമ്മെ അവരുടെ മധ്യത്തിലേക്ക് അയച്ചിരിക്കുന്നു. ഈ ശുശ്രൂഷ തികയ്ക്കുവാൻ യേശുവിന് പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടേണ്ടിയിരുന്നു എങ്കിൽ നമുക്ക് എത്രയധികം! യേശു അഭിഷേകം പ്രാപിച്ചപ്പോൾ "ദൈവം അവനോടു കൂടെ ഇരുന്നു" എന്നു വായിക്കുന്നു. നാം പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുമ്പോൾ ദൈവം നമ്മോടു കൂടെയുമിരിക്കും. നാം പ്രസംഗപീഠത്തിൽ നിന്നു ദൈവവചനം പ്രസംഗിക്കുമ്പോഴും ഒരാളിൽ നിന്നു ഭൂതത്തെ പുറത്താക്കുമ്പോഴും യേശു ആ



*നമ്മുടെ ജീവിതങ്ങളിൽ ദൈവം അയയ്ക്കുന്ന പരിശോധനകളും പ്രയാസങ്ങളും നമ്മെ പരസ്പരം അടുപ്പിക്കാനാണ് ദൈവം ഉപയോഗിക്കുന്നത്.*

അനേകം ആളുകൾ ചില കാര്യത്തിൽ തങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം കണ്ടുപിടിക്കുവാൻ എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദൈവത്തെ ആദരിക്കുന്നതിനാൽ ഞാൻ അപ്രകാരം ചെയ്യാൻ ധൈര്യപ്പെട്ടിട്ടില്ല.ദൈവഭയമില്ലാത്ത ഒരുവൻ മാത്രമേ മറ്റൊരാളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സ്ഥാനം ഏറ്റെടുക്കുകയുള്ളു. ഒരു പ്രത്യേക കർമ്മപദ്ധതിയുടെ മേന്മകളും പോരായ്മകളും പറഞ്ഞുകൊടുക്കുവാൻ എനിക്കു സാധിക്കും.എന്നിട്ട് അവർ തന്നെ പ്രാർത്ഥിക്കുവാൻ ഞാൻ അവർക്കു നിർദ്ദേശം നൽകും.

മനുഷ്യരെ അനുഗ്രഹിക്കാൻ വേണ്ടി നമ്മോടൊപ്പമുണ്ടാകും.

## അധ്യായം-പതിനൊന്ന്

11:28-ൽ ലോകത്തെല്ലായിടത്തും ഒരു ക്ഷാമമുണ്ടാകുമെന്നു അഗബൊസ് പ്രവാചകൻ പ്രവചിക്കുന്നതായി നാം വായിക്കുന്നു.അത് എപ്പോൾ വരും എന്നു കൃത്യമായി അദ്ദേഹം പറഞ്ഞില്ല; കാരണം "കാലങ്ങളും സമയങ്ങളും പിതാവ് തന്റെ സ്വന്തഅധികാരത്തിൽ വെച്ചിട്ടുള്ളവയാണ്." (അപ്പൊ:1:7) എന്നു യേശു പറഞ്ഞിരുന്നല്ലോ.പക്ഷേ ക്ഷാമം ഉടൻ തന്നെ ഉണ്ടായി.

പഴയനിയമ പ്രവചനവും പുതിയനിയമ പ്രവചനവും തമ്മിൽ ഒരു വ്യത്യാസമുണ്ട്. പഴയനിയമത്തിൽ ജനങ്ങൾ പ്രവാചകന്മാരോട് എന്തു ചെയ്യണമെന്നതിനെപ്പറ്റി മാർഗ്ഗദർശനം ചോദിച്ചിരുന്നു;അവരോടു പറയുവാൻ ദൈവം അരുളിച്ചെയ്ത കാര്യങ്ങൾ പറഞ്ഞ് പ്രവാചകൻ അവരെ നടത്തിപ്പോന്നു.കാരണം അവരെ വഴി നടത്തുവാൻ അന്ന് പരിശുദ്ധാത്മാവ് ഉണ്ടായിരുന്നില്ല.പ്രവാചകർക്കു മാത്രമേ പരിശുദ്ധാത്മാവ് ഉണ്ടായിരുന്നുള്ളു. പക്ഷേ പുതിയ ഉടമ്പടിയിൽ കർത്താവ് ഇങ്ങനെ പറഞ്ഞു." ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിക എന്നും ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും." (എബ്രാ.8:11) പരിശുദ്ധാത്മാവിന്റെ സ്ഥാനം എടുത്ത് ജനത്തെ ക്രിസ്തുവിലേക്കല്ല, തങ്കലേക്കു തന്നെ നടത്തുകയാവും ഇന്നു പ്രവാചകന്മാർ എന്നു നടിക്കുന്നവർ ചെയ്യുന്നത്. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് അസൂയയോടെ നമ്മെ ആഗ്രഹിക്കുന്നു എന്നു ബൈബിൾ പറയുന്നു.(യാക്കോ: 4:5) എന്തിന്? നമുക്ക് നമ്മുടെ ക്രിസ്തുവുമായി നേരിട്ടുള്ള ഒരു ബന്ധം ഉണ്ടാവണമെന്നും നമുക്കും കർത്താവിനും മധ്യേ ഒരാളും വരാൻ പാടില്ല എന്നും പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു.ഇന്നു ധാരാളം പാസ്റ്റർമാരും സ്വയം നിയമിച്ച "പ്രവാചകന്മാരും" ജനങ്ങളോട് എന്തു ചെയ്യണം, എവിടെപ്പോകണം, ആരെ വിവാഹം കഴിക്കണം തുടങ്ങിയവ പറയുന്നു; അവരെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവൃത്തി തടസ്സപ്പെടുത്തുന്നവരാണ്; കാരണം ദൈവം തങ്ങളോടു നേരിട്ടു സംസാരിക്കയില്ല എന്ന് അവർ ജനത്തിനു ധാരണ കൊടുക്കുന്നു. ഇവർ ആളുകൾക്കും കർത്താവിനും മധ്യേവരുന്നതിനാൽ സാത്താനാൽ പ്രേരിതരാണ് (അവർ അറിഞ്ഞാലും ഇല്ലെങ്കിലും). ആരും നിനക്കും കർത്താവിനും ഇടയ്ക്കു വരാതവണ്ണം നിങ്ങൾ കർത്താവുമായി നേരിട്ടുള്ള ബന്ധം പുലർത്തണമെന്ന് പരിശുദ്ധാത്മാവ് അസൂയയോടെ ആഗ്രഹിക്കുന്നു എന്ന് എപ്പോഴും ഓർക്കുക.

അനേകം ആളുകൾ ചില കാര്യത്തിൽ തങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം കണ്ടുപിടിക്കുവാൻ എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദൈവത്തെ ആദരിക്കുന്നതിനാൽ ഞാൻ അപ്രകാരം ചെയ്യാൻ ധൈര്യപ്പെട്ടി





ട്ടില്ല.ദൈവഭയമില്ലാത്ത ഒരുവൻ മാത്രമേ മറ്റൊരാളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സ്ഥാനം ഏറ്റെടുക്കുകയുള്ളു. ചില ആളുകൾ സ്വീകരിക്കേണ്ട പ്രവർത്തനമാർഗത്തെപ്പറ്റി ഉപദേശം കൊടുക്കുവാൻ ഞാൻ എപ്പോഴും സന്നദ്ധനാണ്. ഒരു പ്രത്യേക കർമ്മപദ്ധതിയുടെ മേന്മകളും പോരായ്മകളും പറഞ്ഞുകൊടുക്കുവാൻ എനിക്കു സാധിക്കും.എന്നിട്ട് അവർ തന്നെ പ്രാർത്ഥിക്കുവാൻ ഞാൻ അവർക്കു നിർദ്ദേശം നൽകും.ദൈവം തന്റെ പരിശുദ്ധാത്മാവിലൂടെ അവർ എന്തു ചെയ്യണമെന്നു കാണിച്ചുതരും എന്നു ഞാൻ അവർക്കു ഉറപ്പുനൽകും.

അതിനാൽ മറ്റുള്ളവരുടെ ജീവിതത്തിൽ ദൈവത്തിന്റെ സ്ഥാനം എടുത്ത് അവർക്കായി ദൈവേഷ്ടം കണ്ടുപിടിക്കാൻ ഒരിക്കലും ശ്രമിക്കരുത്. എതിർക്രിസ്തുവിനെപ്പറ്റി "അവൻ ദൈവാലയത്തിൽ ഇരുന്ന് ദൈവം എന്നു നടിക്കും" എന്നു പറയുന്നു. ഇന്നു സഭയിൽ (ദൈവാലയത്തിൽ) ഇരുന്ന് ദൈവത്തിന്റെ സ്ഥാനം എടുക്കുന്നവരും എതിർക്രിസ്തുവിന്റെ ആത്മാവുള്ളവരുമായ കള്ളപ്രവാചകന്മാർ ഉണ്ട്- അവർ മറ്റുള്ളവരുടെ ജീവിതത്തിൽ ദൈവവേഷ്ടം എന്തെന്ന് പറഞ്ഞു കൊടുക്കുന്നവരാണ്. ഒരു ഡോക്ടർ തന്റെ ചികിത്സാഫീസ് വാങ്ങുന്നതുപോലെ പ്രവചനം പറഞ്ഞതിനുശേഷം ഇവരെല്ലാവരും പണം പ്രതീക്ഷിക്കുന്നു എന്നതാണ് ഈ സ്വയപ്രഖ്യാപിത പ്രവാചകന്മാർ കള്ളപ്രവാചന്മാരാണെന്നതിന്റെ തെളിവ്. തങ്ങൾക്ക് പരിശുദ്ധാത്മാവുമായി നേരിട്ടുള്ള ബന്ധം നഷ്ടപ്പെടുന്നതിനാൽ ഈ പ്രവാചകന്മാരുടെ അടുത്തു പോകുന്നവർ ഒരിക്കലും ആത്മീയമായി വളരുന്നില്ല. അടുത്ത പ്രാവശ്യം ദൈവഹിതം അറിയേണ്ടപ്പോഴും അവർ പ്രവാചകന്റെ അടുക്കൽപ്പോകും. എന്നാൽ മറ്റൊരു വ്യക്തിയിലൂടെയല്ലാതെ പരിശുദ്ധാത്മാവു തന്നേ

ഇന്നു സഭയിൽ (ദൈവാലയത്തിൽ) ഇരുന്ന് ദൈവത്തിന്റെ സ്ഥാനം എടുക്കുന്നവരും എതിർക്രിസ്തുവിന്റെ ആത്മാവുള്ളവരുമായ കള്ളപ്രവാചകന്മാർ ഉണ്ട്- അവർ മറ്റുള്ളവരുടെ ജീവിതത്തിൽ ദൈവവേഷ്ടം എന്തെന്ന് പറഞ്ഞു കൊടുക്കുന്നവരാണ്. ഒരു ഡോക്ടർ തന്റെ ചികിത്സാഫീസ് വാങ്ങുന്നതുപോലെ പ്രവചനം പറഞ്ഞതിനുശേഷം ഇവരെല്ലാവരും പണം പ്രതീക്ഷിക്കുന്നു എന്നതാണ് ഈ സ്വയപ്രഖ്യാപിത പ്രവാചകന്മാർ കള്ളപ്രവാചന്മാരാണെന്നതിന്റെ തെളിവ്.

നിങ്ങൾക്കു ദൈവേഷ്ടം കാണിച്ചുതരുവാൻ ആഗ്രഹിക്കുന്നു.

അഗബൊസ് എന്ന ഒരു യഥാർത്ഥപ്രവാചകൻ ഇവിടെ എന്തു ചെയ്തു? ഒരു ക്ഷാമം ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. അതിനാൽ അവർ ആ പാവപ്പെട്ട വിശുദ്ധന്മാർക്കായി ധനശേഖരം നടത്തി അവർക്ക് അയച്ചു കൊടുക്കണം എന്ന് അദ്ദേഹം പറഞ്ഞില്ല.കാരണം പുതിയ ഉടമ്പടിയിൽ കീഴിൽ ആരും ഒരു ദൈവപൈതലിനോട് താൻ എന്തു ചെയ്യണം എന്നു പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല എന്നദ്ദേഹം അറിഞ്ഞിരുന്നു. കള്ളപ്രവാചകന്മാരിൽ നിന്നു വ്യത്യസ്തനായി എവിടെ പ്രവചനം നിർത്തണമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഒരു യഥാർത്ഥപ്രവാചകൻ ഭാവിയെപ്പറ്റി ദൈവം തനിക്കു വെളിപ്പെടുത്തിത്തന്ന കാര്യങ്ങൾ പറഞ്ഞതിനുശേഷം തന്റെ പ്രവചനം അവസാനിപ്പിക്കും. അന്ത്യോക്ക്യയിലെ വിശ്വാസികൾ ദൈവത്തെ അന്വേഷിക്കയും പരിശുദ്ധാത്മാവ് അവർക്ക് എന്തു ചെയ്യണം എന്നു

പൗലൊസോ ഏതെങ്കിലും അപ്പോസ്തലനോ ആരോടും തങ്ങൾക്കായോ തങ്ങളുടെ ശുശ്രൂഷയ്ക്കായോ ധനശേഖരണം നടത്തുവാൻ പറയുന്നതായി നാം വായിക്കുന്നില്ല. പാവപ്പെട്ടവരെ സഹായിക്കണം എന്നു മാത്രം അവർ പറഞ്ഞു. പൗലൊസ് തന്റെ ജീവിതസന്ധാരണത്തിനായി സ്വയം ജോലി ചെയ്തു; ധനം അയയ്ക്കുവാൻ കർത്താവ് ചിലരെ പ്രേരിപ്പിക്കുന്നതിലൂടെ തന്റെ അധികച്ചെലവുകൾ നടക്കും എന്ന് അദ്ദേഹം കർത്താവിൽ ആശ്രയിച്ചു. അല്ലാതെ അദ്ദേഹം തന്റെ ആവശ്യങ്ങൾ അവരെ അറിയിക്കുകയോ തന്റെ വേലയുടെ റിപ്പോർട്ട് വിശ്വാസികൾക്ക് അയയ്ക്കുകയോ ചെയ്തില്ല.

കാണിച്ചു കൊടുക്കുകയും ചെയ്തു. അവർ ധനം സമാഹരിച്ച് പാവപ്പെട്ട വിശ്വാസികൾക്ക് അയച്ചുകൊടുത്തു. നിർദ്ദേശം നൽകുന്ന രൂപത്തിലുള്ള പ്രവചനം ഒരു പഴയനിയമസമ്പ്രദായമാണ്- കാരണം, അക്കാലത്ത് ജനങ്ങൾക്ക് പരിശുദ്ധാത്മാവ് ഉണ്ടായിരുന്നില്ല. ആ രീതി പുതിയനിയമത്തിൽ ഒരിടത്തും കാണുന്നില്ല.

പുതിയനിയമത്തിൽ നാം വായിക്കുന്ന എല്ലാ ധനസമാഹരണവും- അത് 1 കൊരി:16:2 ലോ 2 കൊരി:8 & 9 ലോ ആകട്ടെ- എപ്പോഴും സഭകളിലെ പാവപ്പെട്ട വിശുദ്ധന്മാർക്കു വേണ്ടിമാത്രമായിരുന്നു. പൗലൊസോ ഏതെങ്കിലും അപ്പോസ്തലനോ ആരോടും തങ്ങൾക്കായോ തങ്ങളുടെ ശുശ്രൂഷയ്ക്കായോ ധനശേഖരണം നടത്തുവാൻ പറയുന്നതായി നാം വായിക്കുന്നില്ല. പാവപ്പെട്ടവരെ സഹായിക്കണം എന്നു മാത്രം അവർ പറഞ്ഞു. പൗലൊസ് തന്റെ ജീവിതസന്ധാരണത്തിനായി സ്വയം ജോലി ചെയ്തു; ധനം അയയ്ക്കുവാൻ കർത്താവ് ചിലരെ പ്രേരിപ്പിക്കുന്നതിലൂടെ തന്റെ അധികച്ചെലവുകൾ നടക്കും എന്ന് അദ്ദേഹം കർത്താവിൽ ആശ്രയിച്ചു. അല്ലാതെ അദ്ദേഹം തന്റെ ആവശ്യങ്ങൾ അവരെ അറിയിക്കുകയോ തന്റെ വേലയുടെ റിപ്പോർട്ട് വിശ്വാസികൾക്ക് അയയ്ക്കുകയോ ചെയ്തില്ല.

അന്ത്യോക്ക്യയിൽ നിന്നു ശേഖരിച്ച പണം ബർന്നബാസും ശൗലും യരുശലേമിലേക്കു കൊണ്ടുവന്നു. (അപ്പൊ:11:29-30) യഹൂദന്മാരുടെയും ജാതികളുടെയും ഇടയിൽ വലിയൊരു വേർതിരിവിന്റെ ഭിത്തി ഉണ്ടായിരുന്നു. പക്ഷേ അന്ത്യോക്ക്യയിലുള്ള ജാതികളെ യരുശലേമിലുള്ള യഹൂദന്മാരുമായി അടുപ്പിച്ചു കൊണ്ടുവരുവാൻ ദൈവം ഒരു ക്ഷാമത്തെ ഉപയോഗിച്ചു. നമ്മുടെ ജീവിതങ്ങളിലും സഭകളിലും ദൈവം അയയ്ക്കുന്ന പരിശോധനകളും പ്രയാസങ്ങളും നമ്മെ പരസ്പരം അടുപ്പിക്കാനാണ് ദൈവം ഉപയോഗിക്കുന്നത്. ഒരു വിശ്വാസി രോഗിയായി ആശുപത്രിയിലായിരിക്കുമ്പോൾ മറ്റു വിശ്വാസികൾ അയാളുടെ കുടുംബത്തിനു ഭക്ഷണം കൊണ്ടുവരികയും അയാളുടെ ആശുപത്രിച്ചെലവുകൾക്ക് ധനസഹായം നൽകുകയും ചെയ്യും. അങ്ങനെ രോഗി ആശുപത്രിയിൽ നിന്നു തിരിച്ചു വരുമ്പോൾ യേശുവിന്റെ ശരീരമായ സഭയുമായി അഭേദ്യബന്ധം അയാൾക്കുണ്ടാകും. അതിനാൽ ദൈവം അനുവദിക്കുന്ന രോഗങ്ങൾക്കായി നമുക്കു ദൈവത്തെ സ്തുതിക്കാം.

(തുടരും)

മൊഴിമാറ്റം: **സാലി ജോസ്**





**സഹോദരിമാരോട്**

### സ്ത്രീയേ നീ കരയുന്നതെന്ത്?

# മരണത്തിന്റെ താഴ്‌വരയിൽ ദൈവം നിങ്ങളോടുകൂടെ

ആനി പുന്നൻ

**അധ്യായം നാല്**

"എന്നാൽ മറിയ കല്ലറയ്ക്കൽ പുറത്തു കരഞ്ഞുകൊണ്ടു നിന്നു." (യോഹ. 20:11) യേശു അവളോട്: സ്ത്രീയേ, നീ കരയുന്നത് എന്ത്?......." എന്നു ചോദിച്ചു. (20:15)

മറിയ എന്തിനാണ് വിലപിക്കുന്നതെന്ന് യേശുവിന് അറിയാമായിരുന്നു. നാം മക്കളോടു ചോദിക്കുന്നതുപോലെ ഒരു പക്ഷേ "നീ കരയേണ്ടതിന്റെ ആവശ്യമെന്ത്?" എന്നാകാം യേശു അവളോടു ചോദിച്ചത്. യേശു സമീപത്തുള്ളപ്പോൾ നാം വിലപിക്കേണ്ട ആവശ്യമേയില്ല.

യേശു ലാസറിന്റെ കല്ലറയ്ക്കൽ ചെന്നു കരഞ്ഞു.ലാസർ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. പക്ഷേ പാപത്തിന്റെ ഫലമായി മനുഷ്യനു വന്നു ഭവിച്ച ഭയാനകമായ സ്ഥിതിയോർത്ത് അദ്ദേഹം കരഞ്ഞു. യേശു തന്നെയും മരിച്ചിട്ട് ഉയർത്തെഴുന്നേറ്റല്ലോ. അതിനാൽ മരണത്തിന് അതിന്റെ വിഷപ്പല്ല് ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു.

എന്റെ ശൈശവകാലത്തു നടന്ന ഒരു സംഭവം എന്റെ മനസ്സിൽ ഒരു ചിത്രം പോലെ തെളിഞ്ഞു നില്ക്കുന്നു. മരണമടഞ്ഞ തന്റെ മക്കളെയോർത്ത് ഒരമ്മ കരയുന്ന ഒരു കാഴ്ചയായിരുന്നു അത്. ഞാൻ വളർന്നുവന്ന പട്ടണത്തിൽ ദരിദ്രയായ ഒരു സ്ത്രീ കൗമാരപ്രായക്കാരായ തന്റെ രണ്ടു ആൺമക്കളോടു കൂടെ താമസിച്ചിരുന്നു. തകർത്തുപെയ്ത പേമാരിയിൽ അവളുടെ കുടിൽ തകർന്നുപോയി.അവളുടെ മക്കൾ രണ്ടുപേരും മരിച്ചുപോയി.ഞങ്ങൾ സ്ക്കൂളിൽ പോകുന്ന വഴി തകർന്ന ആ ചെറുകുടിലിന്റെ സമീപത്തുകൂടി കടന്നു പോയി.ആ കുട്ടികളുടെ മൃതദേഹങ്ങൾ ഞങ്ങൾ കണ്ടു. ദുഃഖാർത്തയായ അമ്മ അവരെ ഉണർത്താനെന്നവണ്ണം നിയന്ത്രണം വിട്ട് മനോവ്യഥയോടെ അവരെ വിളിക്കുന്നതു ഞങ്ങൾ കണ്ടു. പക്ഷേ അതു നിഷ്ഫലമായിരുന്നു. അവർ മരിച്ചുപോയി എന്ന് അവൾ അറിഞ്ഞിരുന്നു. അവിടെയുണ്ടായിരുന്ന ദൃക്സാക്ഷികളുടെ കണ്ണുകൾ ഈറനണിഞ്ഞു.എല്ലാ ആശയും നഷ്ടപ്പെട്ട ഇതുപോലെയുള്ള അമ്മമാർക്കു വേണ്ടി ദൈവം കരുതുന്നു.

ഈയടുത്ത് കാലത്ത് നമ്മുടെ ഒരു ദേശീയ അവധി ദിനത്തിൽ ഗുജറാത്തിൽ ഒരു ഭീകരമായ ഭൂകമ്പമുണ്ടായി.അതു മൂലം ഗുജറാത്തിലെ പട്ടണങ്ങൾ തകർന്നുപോയി. ആ സ്ഥലങ്ങളിൽ എത്രയധികം വിലാപങ്ങൾ ഉണ്ടായിക്കാണും! നിമിഷങ്ങൾക്കകം എത്രയോ ആളുകൾ അനാഥരും, ഭവനരഹിതരും ആയിത്തീർന്നു. ഭൂകമ്പങ്ങൾ ദൈവശിക്ഷയുടെ ഫലമാകണമെന്നില്ല. യേശുവിന്റെ കാലഘട്ടത്തിൽ ശീലോഹാമിൽ ഒരു ഗോപുരം മറിഞ്ഞുവീണു. അതുമൂലം മരണമടഞ്ഞവർ മറ്റുള്ള മനുഷ്യരേക്കാൾ വലിയ പാപികൾ അല്ല എന്ന് യേശു പറഞ്ഞു.അവ

സാനനാളുകളിൽ യുദ്ധം, ക്ഷാമം, ഭൂകമ്പം എന്നിവ ഉണ്ടാകുമെന്ന് യേശു താക്കീതു നല്കി. അതുകൊണ്ട് കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു എന്ന് ഭൂകമ്പങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.നാം മാനസാന്തരപ്പെടുകയും ഉണർന്നിരുന്ന് പ്രാർത്ഥിക്കുകയും ചെയ്യണം. നമ്മുടെ രാജ്യമായ ഇന്ത്യ, വിഗ്രഹാരാധനയിൽ മുങ്ങിക്കിടക്കുകയാണ്. ഈ രാജ്യത്തോട് കർത്താവ് കരുണ കാട്ടുവാൻ വേണ്ടി നാം താത്പര്യപൂർവ്വം പ്രാർത്ഥിക്കേണ്ടതാണ്.

യേശുവിനെ ക്രൂശിലേറ്റിയപ്പോൾ യേശുവിനെ സ്നേഹിച്ച മറ്റെല്ലാവരേയും പോലെ മഗ്ദലക്കാരി മറിയയും ദുഃഖിച്ചു. ശബ്ബത്തുദിവസത്തിനുശേഷം ഞായറാഴ്ച അതികാലത്തുതന്നെ അവൾ യേശുവിന്റെ ശരീരം കാണുവാനും അതിൽ സുഗന്ധവർഗ്ഗം ഇടുവാനുമായി കല്ലറയിലേക്കു പോയി.

ദുഃഖത്തെ അതിജീവിക്കുവാനുള്ള ഒരു മാർഗ്ഗം കരയുക എന്നതാണ്. കണ്ണുനീരിനെ നാം അടക്കിവയ്ക്കരുത്.

കർത്താവിന്റെ ഉയർത്തെഴുന്നേല്പിനു ശേഷം അവനെ ആദ്യമായി കണ്ടത് മഗ്ദലക്കാരി മറിയ ആയിരുന്നു. യേശുവിനെ തിരിച്ചറിഞ്ഞ് അവനോടു സംസാരിച്ചപ്പോൾ അവൾ എത്രമാത്രം സന്തോഷവതിയായിരുന്നു! അതിനുശേഷം അവൾക്ക് വിലാപത്തിന്റെ കണ്ണീർ ഇല്ലായിരുന്നു! യേശു ജീവിച്ചിരിക്കുന്നു എന്നും, ശിഷ്യന്മാരെ ചെന്നു കാണുമെന്നും അവരോടു പറയുവാൻ യേശു അവളെ ചുമതലപ്പെടുത്തി. അതിനുശേഷവും താഴ്മയുള്ള സാധാരണ സഹോദരിയായി അവൾ ആദിമസഭയിൽ തുടർന്നു.ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ട ആദ്യവ്യക്തിയാണു താനെന്ന് അഭിമാനിച്ച് അവൾ തന്നെത്താൻ ഉയിർത്തിയില്ല. അവൾ പശ്ചാത്തലത്തിൽ ഒതുങ്ങിനില്ക്കുകതന്നെ ചെയ്തു.ഒരിക്കൽ ഭീരുക്കളായിരുന്ന അപ്പൊസ്തലന്മാരെയാണ് സഭയിലെ പരസ്യശുശ്രൂഷയ്ക്കായിട്ട് കർത്താവ് ഉപയോഗിച്ചത്. സഹോദരിമാരായ നമുക്ക് മഗ്ദലക്കാരി മറിയ എന്തൊരു മാതൃകയാണ് കാട്ടിത്തന്നത്! കർത്താവ് നമുക്ക് അത്ഭുതകരമായ വെളിപ്പാടു നല്കുമ്പോഴും സകല മഹത്വവും കർത്താവിനും സഭയ്ക്കും ലഭിക്കട്ടെ.

പ്രിയ സഹോദരീ,നിങ്ങൾ ദുഃഖിതയാണോ?എങ്കിൽ ലാസറിന്റെ കല്ലറയ്ക്കൽ കണ്ണുനീർ വാർത്ത യേശുവിനെ ധ്യാനിക്കുക. മറിയയുടെ വിലാപത്തെക്കുറിച്ച് ഓർക്കുക.നമുക്കു പ്രിയപ്പെട്ട ആരെങ്കിലും ഇഹലോകവാസം വെടിയുമ്പോൾ നാം കരയുന്നത് സ്വാഭാവികമാണ്.

കഠിനവ്യഥയെ അതിജീവിക്കണമെങ്കിൽ അതിനു സമയം വേണ്ടിവരും. പക്ഷേ ഈ ലോകത്തിലെ അഭക്തരായ മനുഷ്യരെപ്പോലെ നാം ദുഃഖിക്കരുത്. അലറിക്കരയുക, ദൈവനാമത്തിന് അപമാനം വരുത്തുന്ന വാക്കുകൾ സംസാരിക്കുക, ദൈവത്തെ ചോദ്യം ചെയ്യുക ഇവയൊന്നും നമ്മുടെ ഇടയിൽ ഒരിക്കലും ഉണ്ടാകുവാൻ പാടില്ല.

ശവസംസ്ക്കാരവേളയിൽ ആളുകൾ ദൈവത്തെ ശപിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.അതു കേൾക്കുമ്പോൾ ആ സ്ഥലം വിട്ടുപോകുവാൻ എനിക്കു തോന്നിയിട്ടുണ്ട്. എന്നാൽ ജീവിക്കുന്ന ഒരു പ്രത്യാശ നമുക്കുണ്ട് എന്നു ജാതികൾ അറിയണം.

കർത്താവിൽ മരിക്കുന്നവർ ഉടൻതന്നെ കർത്തൃസന്നിധിയിലേക്ക് കടന്നുപോകുന്നു. യേശു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റതിനാൽ നാം ഒരു മഹത്തായ പ്രത്യാശയുടെ ഉടമകളാണ്.

മരിച്ചുപോയ പ്രിയപ്പെട്ട വ്യക്തി നിത്യനാശത്തിലേക്കു കടന്നുപോയോ ഇല്ലയോ എന്ന ചോദ്യമാണ് ചിലർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന ഏറ്റവും കഠിനമായ പ്രശ്നം. അന്തിമമായി ഈ ചോദ്യം നാം കർത്താവിനു വിട്ടുകൊടുക്കണം. കാരണം, രഹസ്യകാര്യങ്ങൾ കർത്താവിനുള്ളതാണല്ലോ.

ഒരു മനുഷ്യവ്യക്തിക്കും ഈ ചോദ്യത്തിന് ഉത്തരം നല്കുവാൻ സാധ്യമല്ല. ഇതിന്റെ ഉത്തരം തേടി നിങ്ങൾ ഭാവി പറ





യുന്ന ആളുകളേയോ, “പ്രവാചകന്മാർ” എന്നു വിളിക്കപ്പെടുന്നവരേയോ ഒരിക്കലും സമീപിക്കരുത്. ഇപ്രകാരമുള്ള കാര്യം ഒരിക്കലും ചെയ്യരുതെന്ന് കർത്താവ് നമുക്ക് താക്കീതു നല്കിയിട്ടുണ്ട് (ആവർ. 18:10-12). ദുഃഖത്തെ അതിജീവിക്കുവാനായി നമ്മെ സഹായിക്കുവാൻ കർത്താവിനു മാത്രമേ കഴിയുകയുള്ളു.

നിരാശയുടെ ചെളിക്കുഴിയിൽ വീണുപോകാതിരിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കുക.അതിൽ വീണുപോയാൽ അതു നിങ്ങൾക്കു വൈകാരികമായും, മാനസികമായും, ആത്മീയമായും ദോഷം വരുത്തും. നിങ്ങളുടെ ഊഹാപോഹങ്ങൾകൊണ്ട് നിങ്ങൾ മറ്റുള്ളവർക്ക് ഇടർച്ച വരുത്തുവാൻ സാധ്യതയുണ്ട്. നിങ്ങളുടെ പ്രിയപ്പെട്ട വ്യക്തിയെ നിങ്ങൾ സ്വർഗ്ഗത്തിൽവച്ച് കണ്ടുമുട്ടുകയാണെങ്കിൽ നിങ്ങൾക്കു കർത്താവിനോടുകൂടെ നടക്കാമായിരുന്ന സമയമെല്ലാം പാഴാക്കിക്കളഞ്ഞല്ലോ എന്നോർത്തു നിങ്ങൾ കുണ്ഠിതപ്പെടേണ്ടിവരും.

നമ്മെ പിരിഞ്ഞുപോയ പ്രിയവ്യക്തിയെ ഓർത്തുവിലപിക്കുന്ന വേളയിൽ നമുക്കു സമാധാനം പകർന്നു തരുന്ന ഒരു നല്ല വേദഭാഗമാണ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിലെ പതിനഞ്ചാം അധ്യായം.

മറ്റുള്ളവർ വ്യസനിക്കുന്നതുപോലെ നാം വ്യസനിക്കേണ്ട ആവശ്യമില്ല എന്നു പറയുന്ന വേദഭാഗമാണ് 1 തെസ്സ. 4:13 -17. “സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിനു നിദ്ര കൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും, ജീവിച്ചെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അങ്ങനെതന്നെ ദൈവം നിദ്ര കൊണ്ടവരേയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്ര കൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും, പ്രധാനദൂതന്റെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും, ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.”

യേശു അവളോട്: “ഞാൻ തന്നെ പുനരുത്ഥാനവും, ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല;..... എന്നു പറഞ്ഞു.” (യോഹ. 11:25, 26)

ഉയിർത്തെഴുന്നേറ്റ കർത്താവ് യോഹന്നാനോട് ഇപ്രകാരം പറഞ്ഞു, “ഭയപ്പെടേണ്ട. ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെ ......... താക്കോൽ എന്റെ കൈവശമുണ്ട്.” (വെളി. 1:17, 18)

“മരണനിഴലിൽ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീയെന്നോടുകൂടെ ഇരിക്കുന്നുവല്ലോ.” (സങ്കീ. 23:4)

റോമർ എട്ടാം അധ്യായം മുപ്പത്തിയെട്ടും, മുപ്പത്തിയൊൻപതും വാക്യങ്ങളിൽ മരണത്തിനു പോലും ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപെടുത്തുവാൻ സാധ്യമല്ല എന്നു പറയുന്നു.

പ്രിയ മാതാവേ, നിങ്ങൾക്കു മുൻപായി സ്വർഗ്ഗത്തിലേക്കു കടന്നുപോയ നിങ്ങളുടെ മക്കളിൽ ഒരാളെയോർത്ത് നിങ്ങൾ വിലപിക്കുന്നുണ്ടാകാം.പക്ഷേ ഇന്ന് അവൻ എല്ലാ വൈകല്യങ്ങളിൽനിന്നും

സ്വതന്ത്രനായി യേശുവിന്റെയും, ദൂതന്മാരുടെയും കൂടെ ആനന്ദിച്ചുകൊണ്ട് എത്ര സന്തോഷത്തോടെ ഇരിക്കുന്നുവെന്ന് ഓർത്തുനോക്കുക. ഒരുനാൾ നിങ്ങളെ അങ്ങോട്ട് സ്വാഗതം ചെയ്യുവാനായി ആ കുട്ടി കാത്തിരിക്കുകയാണ്. അതിനാൽ ഇനി വിലപിക്കരുത്.കർത്താവിനോടൊപ്പം ആയിരിക്കുവാൻവേണ്ടി കടന്നുപോയ ഒരു ദൈവപൈതൽ ഭൂമിയിലെ തന്റെ പ്രിയപ്പെട്ടവരോട് സംസാരിക്കുന്ന ഒരു കവിത ഇതാ, താഴെക്കൊടുത്തിരിക്കുന്നു:

ഞാൻ പോയതെവിടേക്കെന്നറിഞ്ഞീടുകിൽ
ഞാൻ വസിക്കുന്നതെവിടെയെന്നു കാണുകിൽ നീ
എത്ര മോഹനം ഞാൻ പാർത്തിടും വസതി
ഇതെൻ ഗേഹം, രക്ഷകൻ മുഖം കാണാം
ഭീതിയെന്യേ ശാന്തിയും, അളവില്ലാ മോദവും
ഉലകിൽ എൻ അഭാവം ദുഃഖമുളവാക്കും എന്നാകിലും
ഇനി എൻ ആവശ്യം അവിടെയില്ലോർക്ക നീ
ഞാൻ വന്നതെവിടേക്കെന്നറിഞ്ഞീടുകിൽ നീ
എൻ കൂടെ യാത്ര ചെയ്തിരുന്നുവെങ്കിൽ
രക്ഷകൻ എൻകൂടെ ഗമിച്ചിരുന്നു.
ഞാൻ ഏകാന്തപഥികനല്ലായിരുന്നു.
കരം പിടിച്ചെന്നെ മഹത്തായ നാട്ടിലേക്കു
അത്ഭുതമന്ദിരത്തിലേക്കെത്തിച്ചിതാ
ഞാൻ വസിക്കുന്നിടം കാണുകിൽ നീ
ഞാൻ കണ്ടതെന്തെന്നറിഞ്ഞീടുകിൽനീ നീ
ഭയ, ഏകാന്തത എന്നേക്കുമായി മാറും
അപാരം തൻ സ്നേഹം എന്നു നീയറിഞ്ഞീടും
തൻ കരത്താൽ നയിക്കും ശോധനയിൻ വേളയിൽ
വഹിക്കും, കരുതുമവൻ എന്നു നീ ഗ്രഹിച്ചീടും
ഞാൻ വസിപ്പതെവിടെയെന്നു കാണുകിൽ നീ
എപ്പോഴും അടുത്തിരിപ്പവൻ ദേവൻ
എല്ലാവരും സമീപേ വരണമെന്നാശിപ്പു താൻ
ഒരുവൻ നഷ്ടമാകിൽ അവൻ വ്യഥ പൂണ്ടിടും
വേദന നിറയും പരൻ ഹൃദയേ
ഒടുവിൽ അവൻ തിരികെ വന്നീടും വേളയിൽ
എന്തൊരാഹ്ളാദം ദേവനെന്നറിഞ്ഞിടും നീ
ഞാൻ വസിപ്പതെവിടെയെന്നു കാണുകിൽ നീ
എന്നോടൊപ്പം ഒന്നു പാർക്കുമെങ്കിൽ
പരനേകിയ കൃപയൊന്നു പങ്കിടുകിൽ
സ്വർഗ്ഗസുഖമനുഭവിക്കിൽ തിരികെപ്പോകണമെന്നോ
ഭൂമി തൻ പന്ഥാവിൽ ചരിക്കണമെന്നോ
ഒരുനാളും ഒരുനാളും നീ ആശിക്കയില്ലിനി
ഞാൻ വസിക്കുന്നിടം കാണുകിൽ നീ
നാമൊരുനാൾ കണ്ടുമുട്ടുമെന്നറിഞ്ഞിടും നീ
വേറിട്ടിരുന്നാലും ഞാൻ അകലെ മാത്രം
രക്ഷകൻ കൂടെ സുരക്ഷിതയായി
ഭവനേ മേവുന്നു; നിന്നെ കാത്തുനില്പൂ.
ഒരു നാൾ സ്വാഗതമോതാൻ നാകകവാടേ

(അജ്ഞാതകർത്തൃകം)

ക്രിസ്ത്യാനികളായ നമുക്ക് എത്ര മഹത്തരമായ പ്രത്യാശയാണുള്ളത്.

(തുടരും)

മൊഴിമാറ്റം : **സുജാഏബ്രഹാം**





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-15

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി. റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.സുഹൃത്തു ഗോസ്റ്റിന്റെമകന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാൻ തുടങ്ങി .....* **തുടർന്നു വായിക്കുക**

## നാസീർ വ്രതസ്ഥന്റെ വ്രതവാഗ്ദാനം

ഗോസ്റ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി മധ്യസ്ഥപ്രാർത്ഥനയിൽ പോരാടാൻ റീസ് തയ്യാറായപ്പോൾ അത് ജീവിതത്തിലെ വിശ്വാസത്തിന്റെ പുതിയൊരു കാൽവയ്പാണെന്ന ബോധ്യം പരിശുദ്ധാത്മാവ് റീസിനു നൽകി. അതുവരെ റീസ് പ്രാർത്ഥിച്ചിട്ടുള്ളവരെല്ലാം ഗ്രാമത്തിലുള്ളവരും തന്റെ ഏതെങ്കിലും വിധത്തിലുള്ള സ്വാധീനത്തിൻ കീഴിലുള്ളവരും ആയിരുന്നു. ഇതേ സമയം ഗോസ്റ്റിന്റെ മകനെ റീസ് ഇതുവരെ കണ്ടിട്ടില്ല. ഒരിക്കലും കാണാൻ സാധ്യതയുമില്ല. അവനെ നേരിട്ടു സ്വാധീനിക്കാൻ റീസിന് ഒരു വിധത്തിലും സാധിക്കുകയുമില്ല, സ്വർഗ്ഗീയ സിംഹാസനത്തിലൂടെ അല്ലാതെ. കർത്താവ് പറഞ്ഞു: 'ഇതു നിന്റെ മധ്യസ്ഥപ്രാർത്ഥനയുടെ ഒരു പരീക്ഷണമായിരിക്കും.'

മധ്യസ്ഥതയുടെയും ശുശ്രൂഷയുടെയും ഉയർന്ന ഒരു തലത്തിലേക്കു തന്റെ ഭൃത്യനെ കൊണ്ടുപോകാൻ ദൈവം കാര്യങ്ങൾ സജ്ജമാക്കുകയായിരുന്നു. റീസ് ഇതിനായി മനുഷ്യരുടെ ഇടയിലെ തന്റെ പ്രവർത്തനങ്ങൾ ഒരു പരിധിവരെ നിർത്തിവച്ചശേഷം ദൈവത്തിലേക്കു തിരിയണമായിരുന്നു. ഗോസ്റ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി റീസ് കൃത്യമായ ഒരു പ്രാർത്ഥന എഴുതി തയ്യാറാക്കി അതു രണ്ടു കാർഡുകളിലായി പകർത്തി ഗോസ്റ്റും റീസും അടിയിൽ ഒപ്പുവച്ചു പരസ്പരം കൈമാറി. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യതയോടെ ഈ വിഷയത്തിനുവേണ്ടി പ്രാർത്ഥിക്കാനും തീരുമാനിച്ചു.

ലണ്ടനിൽനിന്നു മടങ്ങിയെത്തിയ റീസ് മധ്യസ്ഥപ്രാർത്ഥനയിൽ മുഴുകി.ഖനിയിൽ നിന്നു ജോലികഴിഞ്ഞ് എത്തിയ ശേഷം വൈകിട്ട് ആറു മണിമുതൽ ഒൻപതുവരെ റീസ് മുഴങ്കാലിൽ നിന്നു മധ്യസ്ഥത അണച്ചു. മിഷൻ പ്രവർത്തനത്തിന്റെ നേതൃത്വം ചില ആഴ്ചകൾക്കു മുൻപു സ്നേഹിതനു കൈമാറാൻ കർത്താവു നിർദ്ദേശിച്ചത് തനിക്ക് ഇക്കാ

രൃത്തിനു സമയം ലഭ്യമാക്കാൻ വേണ്ടിയായിരുന്നു!മറ്റെല്ലാ ആത്മീയ പ്രവർത്തനങ്ങളും അവസാനിപ്പിച്ചു മധ്യസ്ഥയിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കർത്താവ് ഇപ്പോൾ ആവശ്യപ്പെട്ടു.റീസ് അനുസരിച്ചു. ഇതു മൂലം മിഷൻ പ്രവർത്തനത്തിന്റെ വൈകുന്നേരത്തെ മീറ്റിംഗുകളിൽ പോലും റീസ് സംബന്ധിക്കാതെയായി!

മധ്യസ്ഥ പ്രാർത്ഥന സംബന്ധിച്ച റീസിന്റെ രീതികൾ ഇങ്ങനെയായിരുന്നു. ഒന്ന്: ഉപവാസം - ദിവസം രണ്ടുനേരം മാത്രം ഭക്ഷണം. രണ്ട്: പ്രാർത്ഥനയുടെ മനോഭാവത്തിൽ ജീവിക്കുക - ഹാറ്റ് ധരിക്കാതെ നിരന്തരപ്രാർത്ഥനയിൽ ആയിരിക്കുക. മൂന്ന്: പുറമേയുള്ള എല്ലാ മിഷൻ പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നില്ക്കുക.നാല്: മൂന്നുമണിക്കൂർ എല്ലാവൈകുന്നേവും മുഴങ്കാലിൽ ദൈവസന്നിധിയിൽ ആയിരിക്കുക.ഇതിൽ രണ്ടു മണിക്കൂർ ദൈവവചനം വായിക്കാനും ഒടുവിലത്തെ ഒരു മണിക്കൂർ ദൈവമുമ്പാകെ കാത്തിരിക്കുന്നതിനും.

അടച്ചിട്ട മുറിയിൽ മുട്ടിന്മേൽ നിന്നാണു റീസ് ബൈബിൾ വായിച്ചിരുന്നത്. ഇതായിരുന്നു റീസിന്റെ രീതി.പരിശുദ്ധാത്മാവാണ് വായിക്കുന്നതു ഗ്രഹിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. "അവിടുത്തെ സന്നിധിയിൽ നിശ്ശബ്ദനായിരിക്കുന്നത് എനിക്ക് ആദ്യമെല്ലാം പ്രയാസമായിരുന്നു. ഒടുവിൽ അതു ശീലിക്കാൻ അല്പസമയം വേണ്ടിവന്നു.പ്രസംഗിക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം പതിവായിരുന്നതിനാൽ വായനയ്ക്കിടയിൽ ഏതെങ്കിലും വചനത്തെക്കുറിച്ചു വെളിച്ചം കിട്ടിയാൽ ഞാൻ അതേപ്പറ്റി സംസാരിക്കാൻ തുടങ്ങും.പിന്നീടാണോർക്കുന്നത് മുറിയിൽ മറ്റാരും ഇല്ലെന്ന്." - റീസ് പറയുന്നു.

പല വർഷങ്ങളിലെ പരസ്യപ്രവർത്തനങ്ങൾക്കുശേഷം പൊടുന്നനെ ഒരു 'ഒളിവു ജീവിത'ത്തിലേക്കു പ്രവേശിച്ചതുമായി ഇണങ്ങിച്ചേരാൻ റീസിനു കുറച്ചു സമയം വേണ്ടിവന്നു.കൂട്ടായ്മ ദൈവത്തോടു മാത്രം എന്ന പ്രത്യേക അവസ്ഥയിലൂടെ ഈ കാലത്തു റീസിനെ ദൈവം നടത്തി. റീസ് സുഹൃത്തുക്കളുടെ കൂട്ടത്തിൽ നിന്നു പൂർണമായി മാറിനിന്നു. വീട്ടിൽപോലും മറ്റെല്ലാവരിൽ നിന്നും വളരെ ഒതുങ്ങി ജീവിച്ചു.മിഷൻ പ്രവർത്തനത്തിന്റെ ചുമതല നേരത്തെ തന്നെ സ്നേഹിതനെ ഏല്പിച്ചിരുന്നതിനാൽ റീസിനു പൂർണമായും മധ്യസ്ഥപ്രാർത്ഥനയ്ക്കായി തന്നെത്തന്നെ വേർതിരിക്കാൻ കഴിഞ്ഞു. ഈ അജ്ഞാതവാസം, റീസിനെക്കുറിച്ചു ചില കിംവദന്തികൾ പ്രചരിക്കാനും കാരണമായി. ലണ്ടൻ സന്ദർശനത്തിനിടെ റീസിനു നിരാശാജനകമായ എന്തോ ഒന്നു സംഭവിച്ചു. അതുകൊണ്ടു റീസ് മിഷൻ പ്രവർത്തനം ഉപേക്ഷിച്ചു, ആരാധനായോഗങ്ങൾക്കു പോലും വരാതായി.... ഇങ്ങനെപോയി ആ കിംവദന്തികൾ.

ആദ്യമൊക്കെ മിഷൻ പ്രവർത്തനത്തിൽ ലഭിച്ച അത്രയും സന്തോഷവും തൃപ്തിയും റീസിനു ഈ 'അജ്ഞാതവാസ'ത്തിൽ നിന്നു ലഭിച്ചില്ല. വചനത്തിൽ നിന്നു ധാരാളം വെളിപ്പാടുകൾ റീസിനു ലഭിച്ചിരുന്നു.എന്നാൽ അതു പങ്കുവയ്ക്കാൻ ഇടം ഉണ്ടായിരുന്നില്ല. (ദൈവം തന്നെ ഇനിയൊരിക്കലും പ്രസംഗിക്കാൻ അനുവദിക്കുകയില്ലെന്നു തന്നെ റീസ് ചിന്തിച്ചു.) മറ്റൊരു കാരണം രാവിലെകളിൽ പ്രാർത്ഥിക്കുന്ന അത്രയും എളുപ്പമായിരുന്നില്ല വൈകുന്നേരങ്ങളിൽ പ്രാർത്ഥിക്കുന്നത് എന്നതായിരുന്നു.പകലത്തെ സംഭവങ്ങൾ മനസ്സിൽ ആഴത്തിൽ അനുരണനങ്ങൾ ഉണ്ടാക്കിയിരിക്കും. അതുകൊണ്ട് അവ മനസ്സിൽ നിന്നു കുടഞ്ഞുകളയുന്നത് എളുപ്പമായിരുന്നില്ല. "ആളുകളിൽ നിന്ന് ഏറെ അകലെയാണെങ്കിലും സ്വയത്തെ നിശ്ശബ്ദമാക്കുന്നത് എത്ര പ്രയാസകരമാണ്! എന്നാൽ അല്പ





നാളുകൾക്കുള്ളിൽ എന്നെ ദൈവം അതിൽനിന്നു സ്വതന്ത്രനാക്കി. അതോടെ ആറുമണിക്കു മുറിയിൽ കയറി വാതിലടച്ചാൽ ലോകം വാതിലിനു പുറത്തും ഞാൻ ദൈവത്തിന്റെ സജീവസാന്നിധ്യത്തിലും എന്ന സ്ഥിതിയിലായി.അതു പൂർണമായ ഒരു കൂട്ടായ്മയായിരുന്നു. വളരെ അടുത്ത്, ദൈവത്തോടു വളരെ അടുത്ത്. തന്റെ പുത്രനെപ്പോലെ പിതാവിനോടു വളരെ അടുത്ത്."

അപ്പോസ്തലന്മാരെയും പ്രവാചകന്മാരെയും ദൈവം ഉപയോഗിച്ചതുപോലെ കൈകാര്യം ചെയ്യപ്പെടാൻ തയ്യാറായിരിക്കണമെന്നു കർത്താവു റീസിനോടു പറഞ്ഞു."ദേശത്തിന്റെ അകൃത്യം എങ്ങനെയാണു യെഹസ്കേലിന്റെ മേൽ ദൈവം ചുമത്തിയതെന്ന് ഞാൻ കണ്ടു.എന്നാൽ ഭക്ഷണകാര്യത്തിൽ യെഹസ്കേലിനെ ദൈവം പരീക്ഷിച്ചതുപോലെ എന്നെ പരീക്ഷിക്കുന്നതിൽ എനിക്കു പേടി തോന്നിയില്ല.യിരെമ്യാവിന്റെ അനുഭവത്തെയും ഞാൻ ഭയപ്പെട്ടില്ല. എന്നാൽ യെശയ്യാവിന്റെ അനുഭവം എന്നെ ഭയപ്പെടുത്തി.

യെശയ്യാവ് രാജകുടുംബാംഗമായിരുന്നു.രാജ്യത്തെ പ്രശസ്തനായ നയതന്ത്രജ്ഞൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം അദ്ദേഹം ശ്രദ്ധേയനായിരുന്നു. എന്നിട്ടും പരിശുദ്ധാത്മാവ് അദ്ദേഹത്തോട് സമൂഹത്തിന്റെ മുൻപിൽ അപമാനകരമായി ജീവിക്കുവാൻ ആവശ്യപ്പെട്ടു (യെശയ്യാവ് 20-ാം അദ്ധ്യായം വായിക്കുക).

യെശയ്യാവിനെയും മറ്റു പഴയ നിയമ പ്രവാചകന്മാരെയും ഒഴിവാക്കാൻ ഞാൻ ബൈബിൾ ഉൽപത്തി മുതൽ വായിക്കാൻ തുടങ്ങി. ഒടുവിൽ രണ്ടു മാസത്തിനു ശേഷം ഞാൻ സംഖ്യാപുസ്തകം ആറാം അധ്യായത്തിൽ എത്തിയപ്പോൾ പരിശുദ്ധാത്മാവ് എന്നെ 'പിടികൂടി'. സംഖ്യ 6:2-6 ഇങ്ങനെയാണ്:'ഒരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ യഹോവയ്ക്കു തന്നെ ഞാൻ സമർപ്പിക്കേണ്ടതിനു നാസീർവ്രതം എന്ന വിശേഷവിധിയായുള്ള വ്രതം ദീക്ഷിക്കുമ്പോൾ വീഞ്ഞും മദ്യവും കുടിക്കരുത്.... നാസീർ വ്രതകാലത്തൊക്കെയും ക്ഷൗരക്കത്തി അവന്റെ തലയിൽ തൊടരുത്.... ശവത്തിന്റെ അടുക്കൽ ചെല്ലരുത്.'

തുടർന്നു പരിശുദ്ധാത്മാവു പറഞ്ഞത് ഒറ്റക്കേഴ്വിക്കു വിചിത്രമെന്നു തോന്നാവുന്ന ഒരു നിർദ്ദേശമാണ്. (റീസിനെ മനുഷ്യരുടെ മുൻപാകെയുള്ള ഒരു ജീവിതത്തിൽ നിന്നു വിടുവിക്കാൻ കർശനമായി ഇടപെടുന്നതിന്റെ ഭാഗമായി പരിശുദ്ധാത്മാവു റീസിന് മാത്രമായി പരിമിതമായ ഒരു സമയത്തേക്കു നൽകിയ പ്രത്യേകമായ നിർദ്ദേശമായിരുന്നു അത്.) ആ നിർദ്ദേശം ഇങ്ങനെ: "ഈ മധ്യസ്ഥതയുടെ കാലം തീരുന്നതുവരെ നീ ഒരു നാസീർ വ്രതസ്ഥനെപ്പോലെയായിരിക്കണം.നിന്റെ പിതാവോ മാതാവോ ഈ കാലയളവിൽ മരിച്ചാൽ ശവത്തിന്റെ അടുക്കൽ പോകരുത്. ഒരു കാരണവശാലും നിന്റെ തലയിൽ ക്ഷൗരക്കത്തി തൊടാനും പാടില്ല."

ഇതു കേട്ടു റീസു തകർന്നു പോയി. റീസിന്റെ വാക്കുകളിൽ തന്നെ അതു കേൾക്കുക: "ഇങ്ങനെയൊക്കെ ജീവിക്കുന്നതിനേക്കാൾ എത്രയോ ഭേദമാണു മരണമെന്നു ഞാൻ കർത്താവിനോടു പറഞ്ഞു. എനിക്കു മുപ്പതു വയസ്സേ പ്രായമുള്ളൂ. എന്റെ ആറു സഹോദരന്മാരും മാന്യമായി ജീവിക്കുന്നവരാണ്. ഈ പറഞ്ഞ മട്ടിൽ വീട്ടിൽ പെരുമാറാൻ അവർ എന്നെ ഒരിക്കലും അനുവദിക്കുകയില്ല. ഹാറ്റ് ധരിക്കാതെ നടക്കുക എന്നു പറഞ്ഞാൽ തന്നെ അതവർക്ക് അപമാനമാണ്.ഇത് അതിനെക്കാൾ ആയിരം മടങ്ങ് ഗുരുതരമായ കാര്യമാണ്. ദീക്ഷ വളർത്തുന്നവർ പോലും അത് ആഴ്ചയിലൊരിക്കൽ കത്രിച്ചു ഭംഗിയാക്കും. എന്നാൽ ഒരു നാസീർ വ്രതസ്ഥനു മുടിയാകട്ടെ താടിയാകട്ടെ തൊടാൻ അവകാശമില്ല!

"ഇങ്ങനെ പോയാൽ സംശയം വേണ്ട,

ആറുമാസത്തിനുള്ളിൽ നീ ഭ്രാന്താശുപത്രിയിലാകും. നീ മാത്രമായിരുന്നെങ്കിൽ പോട്ടെന്നു വയ്ക്കാമായിരുന്നു. ഇതു നീ നിന്റെ മാതാപിതാക്കളെ കൂടി അങ്ങോട്ടു നയിക്കും" — ശത്രു എന്റെ ചെവിയിൽ മന്ത്രിച്ചു.

ഈ തലമുറയിൽ ഒരു വിശ്വാസിക്കും പരിശുദ്ധാത്മാവ് ഇങ്ങനെ ഒരു നിർദ്ദേശം നൽകിയിട്ടുള്ളതായി കേട്ടിട്ടില്ലെന്നു ഞാൻ ദൈവത്തോടു പരാതിപ്പെട്ടു. പിന്നെ എനിക്കു മാത്രം എന്തിനിത്തരം ഒരു നിർദ്ദേശം നൽകി? — ഞാൻ ചോദിച്ചു.

പക്ഷേ ഈ നിർദ്ദേശം അനുസരിക്കാതിരിക്കാനുള്ള ശരിയായ കാരണം പറയാനാണു പരിശുദ്ധാത്മാവ് എന്നോടാവശ്യപ്പെട്ടത്. ഒഴികഴിവുകളൊന്നും അവിടുത്തെ മുൻപിൽ വിലപ്പോകുകയില്ല. "സത്യം പറ.യോഹന്നാൻ സ്നാപകനെയോ ശമുവേലിനെയോ പോലെ നടക്കാൻ വിസ്സമ്മതിക്കുന്നതിന്റെ യഥാർത്ഥ കാരണം എന്താണ്?"

"എന്റെ മാതാപിതാക്കളാണു കാരണം. ഞാൻ അവരെ ഭ്രാന്താശുപത്രിയിലേക്കോ അകാലമരണത്തിലേക്കോ നയിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നുവോ?" -- ഞാൻ ചോദിച്ചു. മാതാപിതാക്കളോടുള്ള സ്നേഹമാണ് എന്റെ വിസ്സമ്മതത്തിന്റെ യഥാർത്ഥകാരണമെന്നു തന്നെയാണു ഞാനപ്പോൾ ചിന്തിച്ചിരുന്നത്.

കർത്താവ് അതിനു നൽകിയ മറുപടി ഇങ്ങനെയായിരുന്നു: "മാതാപിതാക്കളെ കുരിശിൽ വയ്ക്കുക. ഞാൻ കുരിശിൽ കിടന്നപ്പോൾ എന്റെ അമ്മ ആ ആൾക്കൂട്ടത്തിലുണ്ടായിരുന്നു! മാതാപിതാക്കളെ കുരിശിനേല്പിക്കാൻ നിനക്കു കഴിയാത്തതിന്റെ യഥാർത്ഥകാരണം ഇനി പറയുക."

ഒടുവിൽ ഞാൻ അതു സമ്മതിച്ചു: "യഥാർത്ഥകാരണം, എന്റെ മേലുള്ള ആളുകളുടെ സ്വാധീനമാണ്. ആളുകളെക്കുറിച്ചുള്ള പേടി എന്നെ കീഴടക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു."

"വാസ്തവം" കർത്താവു പറഞ്ഞു: "നീ അതു ചെയ്യണമെന്നു ഞാൻ നിർബന്ധിക്കുന്നതിന്റെ കാരണവും അതുതന്നെ. നിന്റെ ഉള്ളിൽ ലോകം ഇല്ലെങ്കിൽ ലോകത്തിന് എങ്ങനെ നിന്നെ സ്വാധീനിക്കാൻ കഴിയും? ഒരു മരിച്ച മനുഷ്യനെ, ലോകത്തിന് ഏതെങ്കിലും വിധത്തിൽ സ്വാധീനിക്കാൻ കഴിയുമോ? ഇതെല്ലാം നിന്നിൽ നിന്നു പൂർണമായി മാറുന്നതുവരെ നീ ഒരു നാസീർ വ്രതസ്ഥനായിരിക്കുക. വാസ്തവത്തിൽ ക്ലീൻ ഷേവിനേക്കാൾ ഒരു പുരുഷനു സ്വാഭാവികം താടിയല്ലേ?"

അതു ശരിയാണെന്ന് എനിക്കു സമ്മതിക്കേണ്ടി വന്നു. ഒപ്പം ഞാൻ മറ്റൊരു കാര്യം കൂടി പറഞ്ഞു: "അഭയാർത്ഥികളെ വീട്ടിൽ കൊണ്ടുചെന്നതുതന്നെ എന്റെ സഹോദരങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല. അപ്പോൾ ഞാൻ തന്നെ ഒരഭയാർത്ഥിയായി മാറിയാൽ എങ്ങനെയിരിക്കും? എന്റെ സഹോദരങ്ങൾ എന്നോടൊപ്പം ജീവിക്കുകയില്ലെന്ന് എനിക്കറിയാം.ഞാൻ താമസം ലോഡ്ജിലേക്കു മാറ്റാം."

പക്ഷേ കർത്താവ് അതും അനുവദിച്ചില്ല. അവിടുന്നു പറഞ്ഞു: 'ഇല്ല, നീ വീട്ടിലേക്കു തന്നെ പോകണം. കാരണം നിന്റെ സ്വാഭാവികമായ അടുപ്പങ്ങൾ, നേർമയുള്ള ബന്ധനങ്ങൾ എല്ലാം ഛേദിക്കപ്പെടേണ്ടിയിരിക്കുന്നു. മറ്റുള്ളവരുടെ ദേഹിയും നിന്റെ ദേഹിയെപ്പോലെ നിനക്കു വിഷയമല്ലാതായി വരുന്ന സ്ഥാനം വരെ നീ എത്തേണ്ടിയിരിക്കുന്നു."

കർത്താവു പറഞ്ഞ സ്ഥിതിക്ക് ഇനി ഒഴികഴിവില്ലെന്നു റീസിന് അറിയാമായിരുന്നു. മുള്ളിനെതിരെ ഉതയ്ക്കുന്നതു വിഷമമാണെന്നു റീസിന് ഇതിനകം വ്യക്തമായിരുന്നു. പതിവുപോലെ ഒടുവിൽ "എന്നെ അതിലൂടെ വലിച്ചുകൊണ്ടു പോയാലും" എന്നു സമ്മതിക്കുകയല്ലാതെ മാർഗ്ഗമില്ലായിരുന്നു! സത്യത്തിൽ റീസിനെ അതിലൂടെ വലിച്ചുകൊണ്ടു





പോകുക തന്നെ വേണമായിരുന്നു!

നാസീർവ്രതസ്ഥനെപ്പോലെയാകാനുള്ള തീരുമാനത്തിനും അത് ആളുകളുടെ ശ്രദ്ധയാകർഷിക്കുന്നതിനും ഇടയിൽ ചില ദിവസങ്ങളുടെ ഇടവേളയുടെ 'കൃപാകാലം' റീസിനു ലഭിച്ചു. പക്ഷേ ചില ദിവസങ്ങൾക്കുള്ളിൽ തന്നെ വീട്ടിലും പുറത്തു മറ്റുള്ളവരുടെ ദൃഷ്ടിയിലും അതുപെട്ടു — റീസ് തലയിലോ മുഖത്തോ ക്ഷൗരക്കത്തി തൊടുന്നില്ല!

ലണ്ടനിലേക്കു വീണ്ടും ഒരു ക്ഷണം വന്നു ചില ആഴ്ചകൾ കഴിഞ്ഞപ്പോഴാണു റീസിന്റെ ജീവിതത്തിൽ ഈ മാറ്റം സംഭവിച്ചത്.ആ ക്ഷണത്തെക്കുറിച്ചു റീസിന്റെ മാതാപിതാക്കളും സഹോദരങ്ങളും വളരെ ആവേശഭരിതരായിരുന്നു. കാരണം ആ ക്ഷണത്തിനു പിന്നിൽ ഉണ്ടായിരുന്നത് ഗോസ്റ്റിന്റെ പിതാവായിരുന്നു! ഗോസ്റ്റിന്റെ പിതാവാകട്ടെ എഡ്വേർഡ് ആറാമൻ രാജാവിന്റെ അടുത്ത സുഹൃത്തും. റീസ് നേരത്തെ ഗോസ്റ്റിന്റെ ഭവനം സന്ദർശിച്ചത് ഗോസ്റ്റിന്റെ പിതാവിന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചിരുന്നു. പ്രാദേശിക പത്രത്തിൽ ആ സന്ദർശനത്തെക്കുറിച്ച് ഒരു അറിയിപ്പുവന്നിരുന്നു. അതിന്റെ പിന്നിൽ പ്രവർത്തിച്ചതും ഗോസ്റ്റിന്റെ പിതാവായിരുന്നു. പരിശുദ്ധാത്മാനിറവുള്ള ഒരു വ്യക്തി ഒരേസമയം സമൂഹത്തിലെ ഉന്നതരോടും അഗതികളോടും ഒത്തുപോകുന്നതിൽ ആളുകളെ സംബന്ധിച്ചിടത്തോളം അസാധാരണത്വം ഒന്നും തോന്നിയിരുന്നില്ല! മാത്രമല്ല റീസിന്റെ ഈ നിലയിലുള്ള ജീവിതത്തിലും അവനു ലണ്ടനിലെ ഉന്നതവൃത്തങ്ങളിൽ ലഭിക്കുന്ന സ്വീകാര്യതയിലും മാതാപിതാക്കളും സഹോദരങ്ങളും അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. ശുശ്രൂഷയുടെയും അംഗീകാരത്തിന്റെയും കൂടുതൽ വിശാലമായ വാതിലുകൾ റീസിനു മുമ്പിൽ ഏതു സമയത്തും തുറന്നേക്കുമെന്നും അവർ പ്രതീക്ഷിച്ചു. കഴിഞ്ഞ നാളുകളിൽ അവർക്കു വേണ്ടത്ര മനസ്സിലാകാത്ത ചില കഠിനവഴികളിലൂടെ റീസ് കടന്നുപോയപ്പോഴും അവന്റെ ആത്മാർത്ഥതയെ അവർ തെല്ലും സംശയിച്ചിരുന്നില്ല. ആകെ അവർക്കുള്ള പരാതി റീസ് കാര്യങ്ങളെ വേണ്ടതിലേറെ ഗൗരവമായി എടുക്കുകയും ആവശ്യത്തിലേറെ ക്ലേശങ്ങൾ സഹിക്കുകയും ചെയ്യുന്നു എന്നതുമാത്രമായിരുന്നു. അവർ അതു ഭാവിച്ചില്ലെങ്കിലും വീട്ടുകാർക്കു റീസിനെച്ചൊല്ലി വലിയ അഭിമാനം ഉണ്ടായിരുന്നു. അവന്റെ ഭാവിയെക്കുറിച്ച് ഏറെ പ്രതീക്ഷകളും അവർ സ്വകാര്യമായി വച്ചു പുലർത്തിയിരുന്നു. അങ്ങനെയിരിക്കെ കാര്യങ്ങളെല്ലാം ദാ ഇപ്പോൾ റീസിനെ സംബന്ധിച്ചിടത്തോളം തകിടം മറിഞ്ഞിരിക്കുന്നതായി അവർ കണ്ടു!

ആദ്യം അവർ ശ്രദ്ധിച്ചതു പഴയതുപോലെ റീസ് വൈകുന്നേരങ്ങളിൽ മിഷൻ പ്രവർത്തനത്തിനു പോകുന്നില്ല എന്നതാണ്. പിന്നീടു ഞായറാഴ്ചകളിലും അവൻ മുകളിലത്തെ നിലയിലെ മുറിവിട്ടു താഴേക്കു വരാതായപ്പോൾ അവർ അപകടം മണത്തു. റീസിനെപ്രതി അവന്റെ മാതാപിതാക്കളും ഞായറാഴ്ച ചാപ്പലിൽ പോകാതെ പകൽ വീട്ടിൽ തന്നെ തങ്ങി. താഴത്തെ നിലയിൽ അവർ തന്നെക്കുറിച്ച് അന്യോന്യം മന്ത്രിക്കുന്നത് റീസിനു കേൾക്കാമായിരുന്നു: "അവനെന്താ സംഭവിച്ചത്? ലണ്ടനിലെ യാത്രയിൽ നിരാശാജനകമായി വല്ലതും ഉണ്ടായോ?" ഒടുവിൽ മുഴുവൻ സമയവും മുറിയിൽത്തന്നെ അടച്ചിരിക്കുകയും ഷേവു ചെയ്യാതെ പ്രാകൃതനെപ്പോലെ ആകുകയും ചെയ്തപ്പോൾ റീസിനെ സംബന്ധിച്ച് ഏറ്റവും ഖേദകരമായതു തന്നെ സംഭവിച്ചിരിക്കുന്നു എന്നവർ നിരാശപ്പെട്ടു.

"ഞാൻ ആ പാനപാത്രം മട്ടോളം തനിയെ വലിച്ചു കുടിച്ചു. എന്റെ മാതാപിതാക്കളെ ഓർത്തു ഞാൻ വേദനിച്ചു.

ഞാൻ പൊതുജന ദൃഷ്ടിയിൽ ഒരു പരാജമായി തോന്നാതിരിക്കാൻ എനിക്കു വേണ്ടി അവർ എന്തും ചെയ്യുമായിരുന്നു. ലണ്ടനിൽ നിരാശാജനകമായി ഒന്നും സംഭവിച്ചില്ലെന്നതും ഞാൻ നാസീർവ്രത സ്ഥനെപ്പോലെ ഇപ്പോൾ നടക്കുന്നത് എന്തിനുവേണ്ടിയാണെന്നതും ഒക്കെ അവരോടു വിശദീകരിച്ചിരുന്നെങ്കിൽ മാതാപിതാക്കൾക്ക് ഒരാശ്വാസം ആകുമായിരുന്നു. എന്നാൽ ആരോടെങ്കിലും ഒരു വിശദീകരണം നൽകുവാൻ എനിക്ക് അനുവാദം ഉണ്ടായിരുന്നില്ല. 'അവൻ വായെ തുറക്കാതെ മൗനമായിരുന്നു' എന്ന വഴിയിലൂടെയായിരുന്നു അപ്പോൾ ഞാൻ പൊയ്ക്കൊണ്ടിരുന്നത്. പുറംലോകത്തിന്റെ ദൃഷ്ടിയിൽ ഞാൻ അപ്പോൾ കടന്നുപോയിരുന്ന 'മരണ'ത്തിന്റെ വേദന തന്നെ, വായെ തുറക്കാതെ ഇരുന്ന് ഞാൻ അനുഭവിച്ചറിഞ്ഞ ദിവസങ്ങൾ" — റീസ് ഓർമ്മിക്കുന്നു.

അതൊരു വലിയ 'മരണം' തന്നെയായിരുന്നു.നാട്ടിൽ രണ്ടുപേർ തമ്മിൽ കണ്ടാൽ പറയാൻ മറ്റുവിഷയങ്ങളൊന്നുമില്ല.ജഡരക്തങ്ങൾ റീസിനോട് ഒരു സൗമനസ്യവും കാട്ടിയില്ല. റീസ് ഷേവു ചെയ്യാതെ പ്രാകൃതനെപ്പോലെ നടക്കുന്നതിനു കാരണം അവന്റെ ജീവിതത്തിൽ സംഭവിച്ച എന്തോ പരാജയമാണെന്ന് എല്ലാവരും തീർപ്പു കൽപ്പിച്ചു. എന്നാൽ എന്തായിരുന്നു ആ പരാജയമെന്നുമാത്രം ആർക്കും മനസ്സിലായില്ല. ഈ കാലഘട്ടത്തിൽ റീസ് തന്റെ ഒരു ജോഡി വസ്ത്രമൊഴികെ ബാക്കിയെല്ലാം അർഹതപ്പെട്ടവർക്കു കൊടുത്തിരുന്നു. ഫലം തന്റെ ലളിതമായ വസ്ത്രധാരണം പോലും മറ്റുള്ളവർക്കു മാനക്കേടായി തോന്നി.

ഇതേപ്പറ്റി റീസിന്റെ ഓർമ്മകൾ ഇങ്ങനെ: "നാസീർ വ്രതസ്ഥനെപ്പോലെ മധ്യസ്ഥത ആരംഭിച്ച ആദ്യത്തെ രണ്ടാഴ്ച എനിക്കൊരു വിജയവും ലഭിച്ചില്ല. വീട്ടിൽ നിന്നിറങ്ങി പൊതുവഴിയിലൂടെ ജോലിക്കു പോകുന്നതു ഏറ്റവും വേദനാജനകമായ അനുഭവമായിരുന്നു. നേരത്തെ വിൽബാറ്ററിയോടൊപ്പം തെരുവിലൂടെ നടന്നു പോകുമ്പോൾ, വിൽബാറ്ററിയുടെ പ്രാകൃതരൂപം കണ്ട് ആളുകൾ തിരിഞ്ഞു നോക്കുമ്പോൾ ഞാനായിരുന്നു നാണിച്ചു ചൂളിയിരുന്നത്.കാരണം വിൽബാറ്ററിയെപ്പോലെ ഒരുവനെ പരിഷ്കൃതസമൂഹത്തിനു സഹിക്കാനാവുമായിരുന്നില്ല. വിൽബാറ്ററി ഷേവു ചെയ്യാറില്ല, മുടി നീണ്ടുവളർന്നു പ്രാകൃതമായ നിലയിൽ, ഷൂസിന്റെ ലേസ് കെട്ടിയിട്ടില്ല, വസ്ത്രധാരണത്തിൽ തികഞ്ഞ അശ്രദ്ധ. ലജ്ജയോടെയാണെങ്കിലും വിൽബാറ്ററിയോടൊപ്പം അന്നു നടന്നിരുന്നപ്പോൾ ഞാൻ ഓർത്തിട്ടുണ്ട് —"ഞാനിപ്പോൾ ഇദ്ദേഹത്തോടൊപ്പം നടക്കാൻ നാണിക്കുന്നു. എന്നാൽ എന്നെങ്കിലും ഞാൻ ഇദ്ദേഹത്തിന്റെ സ്ഥാനം എടുക്കേണ്ടി വന്നാലോ?"

അപ്പോൾ തന്നെ ഞാൻ ഓർത്തു. രക്ഷകൻ, ഈ സ്ഥാനം എടുത്തിട്ടുണ്ട്. അവിടുന്ന് വിൽബാറ്ററിയുടെ മരണം ഏറ്റെടുത്തു. അവനുവേണ്ടി അപമാനിതനായി. ഇതേ സമയം അവനോടൊപ്പം നടന്നുപോകാൻ തന്നെ ഞാൻ നാണിക്കുന്നു! പൊടുന്നനെ എന്റെ മനസ്സിലേക്കു വീണ്ടും ഒരു ചിന്ത ഇങ്ങനെ വന്നു— 'ഒരു ദിവസം നീയും ഇതുപോലെ നടന്നു പോകേണ്ടതുണ്ട്.'

ഇപ്പോൾ ആ സമയം വന്നിരിക്കുകയാണ്. ഞാൻ ഇപ്പോൾ ആരുടെയെങ്കിലും മുൻപിലൂടെ നടന്നുപോകുമ്പോൾ ലജ്ജിച്ചാൽ അവിടുന്ന് എന്നെ അതേ വ്യക്തികളുടെ മുൻപിലൂടെ വീണ്ടും നടത്തും. അവിടുന്ന് എന്റെ ഓരോ ചുവടിനെയും ശ്രദ്ധിച്ചു. ഞാൻ അക്ഷരാർത്ഥത്തിൽ തന്നെ മരിച്ച ഒരുവനെപ്പോലെ ആകുന്നതുവരെ അവിടുന്ന് എന്നെ ആളുകളുടെ മുൻപിലൂടെ അവഹേളനപാത്രമായി നടത്തി.നഷ്ടപ്പെട്ട ഒരാത്മാവിന്റെ വില കണ്ടതുകൊണ്ടാണ് ഞാനും ആ വഴിയിലൂടെ നടക്കാൻ തയ്യാറായത്."





ലോകത്തിലുള്ളവർ മാത്രമല്ല റീസിനെ വിമർശിച്ചത്. മതഭക്തരായ ആളുകളാണ് റീസിനെ ഏറ്റവും കൂടുതൽ പരിഹസിച്ചത്.തങ്ങൾ ഇതു നേരത്തെ പ്രതീക്ഷിച്ചിരുന്നതാണെന്ന് അവർ പറഞ്ഞു. 'ഈ കൊച്ചൻ, റീസ്, 'ഭക്തി കളിക്കാൻ' തുടങ്ങുകയും കാര്യങ്ങൾ വല്ലാതെ വലിച്ചു നീട്ടുകയും ചെയ്തപ്പോഴേ ഇങ്ങനെ എന്തെങ്കിലും സംഭവിക്കുമെന്നു ഞങ്ങൾ കണക്കുകൂട്ടി' — അവർ തമ്മിൽ പറഞ്ഞു ചിരിച്ചു.

സങ്കീർത്തനം 69:8 റീസിനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാകുകയായിരുന്നു—'എന്റെ സഹോദരന്മാർക്കു ഞാൻ അപരിചിതനും എന്റെ അമ്മയുടെ മക്കൾക്ക് അന്യനും ആയിത്തീർന്നിരിക്കുന്നു.'അതിന്റെ കാരണം തൊട്ടടുത്ത വാക്യത്തിൽ പറയുന്നുണ്ട് — "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു.നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണിരിക്കുന്നു."

അടുത്ത വൃത്തത്തിലുള്ള ചുരുക്കം ചിലർക്കു മാത്രമേ ഈ മധ്യസ്ഥ പ്രാർത്ഥനയുടെ വഴി റീസ് ബോധപൂർവ്വം തിരഞ്ഞെടുത്തതാണെന്ന് അറിയാമായിരുന്നുള്ളു. മറ്റുള്ളവർ വിചാരിച്ചത് റീസ് ഒരു സന്യാസിയെപ്പോലെ എന്തോ നിസ്സാരമായ ഒരാശയം തലയ്ക്കു പിടിച്ചു വെളിവുകെട്ടു നടക്കുകയാണെന്നാണ്. എന്തോ വെളിയിൽ പറയാൻ പറ്റാത്ത വലിയ തോൽവി ഉണ്ടായതിന്റെ പേരിലുള്ള സ്വയദണ്ഡനമാണെന്നു വേറെ ചിലർ കരുതി. ഇതൊന്നുമല്ല 'പാവം കൊച്ചനായിരുന്നു എന്തുചെയ്യാം! മനസ്സിന്റെ സമനിലതെറ്റിപ്പോയി.മനുഷ്യന്റെ കാര്യം ഇത്രയേയുള്ളു' എന്നാണു മൂന്നാമതൊരു കൂട്ടർ സഹതപിച്ചു മൂക്കിന്മേൽ വിരൽവച്ചത്!

ഇതിന്റെയെല്ലാം ആഘാതം റീസിനെക്കാൾ ഏറ്റുവാങ്ങിയത് മിസ് എലിസബത്ത് ജോൺസായിരുന്നു — റീസിന്റെ അടുത്ത ആത്മീയ അനുയായി. (എന്നെങ്കിലും വിവാഹിതരാകാമെന്ന ചിന്ത അവർ എന്നേ യാഗപീഠത്തിൽ വച്ചിരുന്നെങ്കിലും ഇരുവരും തമ്മിൽ അടുത്ത ആത്മബന്ധം ഉണ്ടായിരുന്നു.) ഒരു ദിവസം തമ്മിൽ കാണാൻ തീരുമാനിച്ചിരുന്ന സമയത്ത് എലിസബത്തിന് പെട്ടെന്നുണ്ടായ ചില അസൗകര്യമൂലം കൃത്യ നേരത്ത് എത്താൻ കഴിഞ്ഞില്ല. ഒടുവിൽ ഷേവുചെയ്യാത്ത താടിയും വളർന്ന മുടിയുമൊക്കെയായി കഴിയുന്ന ഈ പ്രാകൃതനെ സഹിക്കാനാവാതെ അവരും പിന്മാറിയെന്നു തന്നെ റീസ് മനസ്സിൽ ഉറച്ചു. പക്ഷേ ഒരിക്കൽ പോലും അവർ പിന്മാറിയിരുന്നില്ല. ആ പരീക്ഷണഘട്ടത്തിൽ റീസിനോടൊപ്പം എലിസബത്ത് അടിയുറച്ചു നിന്നു.

ഈ പരീക്ഷണത്തിന്റെ തുടക്കത്തിൽ ലോകം റീസിന്റെ മേൽ സ്വാധീനം ചെലുത്തിയെങ്കിൽ, നാസീർവ്രതം മുന്നോട്ടു പോകുന്തോറും റീസ് ലോകത്തിന്റെ മേൽ ഒരു സ്വാധീനം ചെലുത്താൻ തുടങ്ങി. റീസിൽ ഒരു ദൈവികചൈതന്യം ഉണ്ടെന്ന് ആളുകൾ തിരിച്ചറിഞ്ഞു. അവർ അതു പറയാനും തുടങ്ങി.മതപരമായ വിശ്വാസം ഇല്ലാത്തവർ പോലും റീസ് നടന്നുപോകുമ്പോൾ തലയിൽ നിന്നു തൊപ്പിയൂരി ആദരവു പ്രകടിപ്പിക്കാൻ തുടങ്ങി. ആ നാട്ടിലെ ഒരു വൃദ്ധൻ ജനങ്ങളോടു കൂടെക്കൂടെ റീസിനെ ചൂണ്ടി ഇങ്ങനെ പറയുമായിരുന്നു: "നിങ്ങൾ ഞാൻ പറയുന്നതു കുറിച്ചുവച്ചോ. ആ പോകുന്നത് ആധുനിക കാലത്തെ സ്നാപകയോഹന്നാനാണ്. അതിൽ കുറഞ്ഞ ഒരാളല്ല."

ആ ജില്ലയിൽ മുഴുവൻ റീസിനെ ഒരു ദൈവ മനുഷ്യനായാണ് അറിഞ്ഞിരുന്നത്.ഒരു ദിവസം റീസിനെ അന്വേഷിച്ച് ഒരാൾ റയിൽവേസ്റ്റേഷനിൽ വണ്ടിയിറങ്ങി. അയാൾക്കു റീസിന്റെ പേരോ വിലാസമോ അറിഞ്ഞുകൂടായിരുന്നു. അയാൾ

സ്റ്റേഷനിലെ ടിക്കറ്റ് കളക്ടറോട് ചോദിച്ചു: “പരിശുദ്ധാത്മാവുള്ള ഒരാൾ ഇവിടെയുണ്ടല്ലോ. അദ്ദേഹത്തിന്റെ വീട്ടിലേക്കുള്ള വഴി ഏതാണ്?” കേട്ടുനിന്ന ആർക്കും സംശയമുണ്ടായിരുന്നില്ല. അവർ അയാളെ നേരെ റീസിന്റെ വീട്ടിലേക്കു തന്നെ നയിച്ചു!

റീസ്, താൻ കടന്നുപോയ അഗ്നിപരീക്ഷണത്തെക്കുറിച്ചും ഒടുവിൽ ലഭ്യമായ വിജയത്തെക്കുറിച്ചും തുടർന്നു പറയുന്നതിങ്ങനെ: “രണ്ടാഴ്ചയ്ക്കുള്ളിൽ എനിക്കു വിജയം ലഭിച്ചു. ലോകത്തോടും അതിന്റെ അഭിപ്രായങ്ങളോടും മനുഷ്യമാനത്തോടും ഞാൻ തീർത്തും മരിച്ചവനായി തീർന്നു. “നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം തേജസ്സിന്റെ നിത്യഘനം കിട്ടുവാൻ ഹേതുവാകുന്നു.” എന്നു പൗലോസ് പറഞ്ഞതുപോലെയായി കാര്യങ്ങൾ (1 കോരി. 4:17). ആന്തരിക ജീവിതത്തിന്റെ മഹത്വം എത്രവലുത്! വൈകുന്നേരത്തെ മൂന്നു മണിക്കൂർ തേജസ്സേറിയ സമയമായിരുന്നു! വചനങ്ങൾ പരിശുദ്ധാത്മാവു പ്രകാശിതമാക്കുന്നു. ആത്മാവിൽ പൂർണ്ണസമാധാനത്തിന്റെ മണിക്കൂറുകളായിരുന്നു അവ.നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ചു വലിയ സ്നേഹവും ആ സമയത്തു ദൈവം തന്നു. അതുവരെ പരിശുദ്ധാത്മാവിന്റെ എന്നോടുള്ള ഇടപാടുകളെ ഞാൻ ഒരു പരിധിവരെ ഭയപ്പെട്ടിരുന്നു. പുതിയ മധ്യസ്ഥ പ്രാർത്ഥനയുടെ ഇടങ്ങൾ എനിക്കു കാണിച്ചു തന്ന് അതിൽ നിലനിൽക്കാൻ എന്നോടു പരിശുദ്ധാത്മാവ് ആവശ്യപ്പെടുമോ എന്നതായിരുന്നു എന്റെ പേടി. അങ്ങനെ പരിശുദ്ധാത്മാവ് ആവശ്യപ്പെട്ടാൽ അതെനിക്കു നിരസിക്കാനും ആവുകയില്ല. എന്നാൽ ഇക്കുറി ഒട്ടും ഭയമുണ്ടായിരുന്നില്ല.(വാസ്തവത്തിൽ ഭയമുള്ളപ്പോൾ സ്വാതന്ത്ര്യമില്ലല്ലോ).

പരിശോധിക്കപ്പെടാത്തപ്പോൾ ആളുകൾ കരുതും, തങ്ങൾക്ക് ഒരു ഭയവുമില്ലെന്ന്.ഞാനും നേരത്തെ കരുതിയിരുന്നത് ലോകത്തിനും അതിന്റെ അഭിപ്രായങ്ങൾക്കും എതിരെ നിൽക്കാൻ എനിക്ക് ഒരു ഭയവും ഇല്ലെന്നാണ്.അതിനു മരിക്കുന്നത് ഏറ്റവും എളുപ്പമുള്ള കാര്യമാണെന്നും ഞാൻ ചിന്തിച്ചിരുന്നു. എന്നാൽ അതു ശരിയല്ലെന്ന് എനിക്ക് മനസ്സിലായി.ലോകത്തിനും അതിന്റെ മതിപ്പിനും മരിക്കുന്നത് ഇഞ്ചിഞ്ചായ ഒരനുഭവമായിരുന്നു. വിശുദ്ധീകരണത്തിന്റെ ഒരു വഴിയായിരുന്നു അത്.സ്വയപ്രകൃതവും അതിന്റെ മോഹങ്ങളും മാറി ആ സ്ഥാനത്തു ദിവ്യസ്വഭാവം വരുന്ന അനുഭവം. (റോമർ 6:6; 2 പത്രൊ. 1:4). ദിനംതോറും ഞാൻ കുറയുകയും അവിടുന്ന് എന്നിൽ വളരുകയും ചെയ്തു.”

നാസീർവ്രതസ്ഥനെപ്പോലെ ആറു മാസം നടന്നു കഴിഞ്ഞപ്പോൾ മധ്യസ്ഥത വിജയിച്ചു എന്ന ഉറപ്പ് ദൈവത്തിൽ നിന്നു റീസിനു ലഭിച്ചു. ദൈവസാന്നിധ്യത്തിൽ അത്ഭുതകരമായ സ്വാതന്ത്ര്യത്തിലേക്ക് അവൻ വന്നു.ഉടനെ റീസ് ചെയ്തതു നേരെ ചെന്ന് അമ്മയോടു വിവരം പറയുകാണ്. താൻ നാസീർവ്രതസ്ഥന്റെ പരിമിതിയിൽ നിന്നു മോചിതനായെന്നും താൻ ഇനി ഷേവു ചെയ്യാൻ പോകുകയാണെന്നും റീസ് പറഞ്ഞപ്പോൾ അമ്മ കുറച്ചൊന്നുമല്ല സന്തോഷിച്ചത് — “ദൈവമേ, നന്ദി.” അവർ പലവട്ടം ദൈവത്തെ സ്തുതിച്ചു.

മധ്യസ്ഥതയിൽ ജയിച്ചു എന്ന റീസിന്റെ ഉറപ്പ് പിന്നീട് ഗോസറ്റുമായി റീസ് നടത്തിയ കത്തിടപാടുകളിൽ ആവർത്തിച്ചു വരുന്നതു നമുക്കു കാണാം.ഇതു സഫലമാകുന്നതിന്റെ ആദ്യ ലക്ഷണം ഗോസറ്റിന്റെ മകൻ സൈന്യത്തിലെ ജോലി അവസാനിപ്പിച്ചു കാനഡയിൽ പോയി വൻ തോതിൽ കൃഷികാര്യങ്ങളിൽ വ്യാപൃതനായി എന്നതാണ്. എന്നാൽ പന്ത്രണ്ടു വർഷം കഴിഞ്ഞാണു മധ്യസ്ഥത വിജയിച്ചു എന്നതു തീർത്തും വ്യക്തമായത്.

ഒരു വ്യാഴവട്ടം പിന്നിട്ടപ്പോൾ ഇതാ ദക്ഷിണാഫ്രിക്കയിലെ ജനറൽ മിഷന്റെ സെക്രട്ടറിയായ മിസ്റ്റർ എഡ്ഗർഫെയ്ത്ത്ഫുള്ളിൽ നിന്നു റീസിന് ഒരു കത്തു ലഭിക്കുന്നു. കേപ് ടൗണിൽ നിന്ന് 1921 ഓഗസ്റ്റ് മൂന്നിന് എഴുതിയ ആ കത്ത് ഇങ്ങനെ:

“പ്രിയപ്പെട്ട മിസ്റ്റർ ഹൊവൽസ്,

മാർച്ച് 12 ന് മിസ്റ്റർ ജോൺ ഗോസറ്റ് നിര്യാതനായ വിവരം അറിഞ്ഞുകാണുമല്ലോ. ഒരാഴ്ച ന്യുമോണിയ ബാധിതനായി കിടക്കയിലായിരുന്ന ശേഷമായിരുന്നു അന്ത്യം. ‘നമ്മുടെ കർത്താവു വരുന്നു’ — ഇതായിരുന്നു അദ്ദേഹത്തിന്റെ അന്ത്യമൊഴി. അദ്ദേഹത്തിന്റെ മകൻ റാൽഫ് ഗോസറ്റ് പറഞ്ഞ് മിസ്റ്റർ പ്യൂറ്റ് അറിഞ്ഞതാണ് ഈ വിവരം. റാൽഫ് ഗോസറ്റ് മാനസാന്തരപ്പെട്ട വിവരം അറിഞ്ഞുകാണുമല്ലോ.അത് ഇങ്ങനെയായിരുന്നു: ഒരു സുവിശേഷകൻ നടത്തിയ യോഗത്തിനു റാൽഫും ഭാര്യയും പോയി. മുടിയൻ പുത്രന്റെ കഥയായിരുന്നു പ്രസംഗവിഷയം. അതിൽ ‘അവനു സുബോധം വന്നു’ എന്ന വാക്യഭാഗം റാൽഫ് ഗോസറ്റിന്റെ ചെവികളിൽ മുഴങ്ങി. പിറ്റേന്ന് റാൽഫ് വയലിൽ ഉഴുതുകൊണ്ടിരുന്നപ്പോഴും ഈ വചനം അവനെ വേട്ടയാടി. ചില ദിവസങ്ങൾക്കുശേഷം റാൽഫും ഭാര്യയും മീറ്റിംഗിൽ എഴുന്നേറ്റു പരസ്യമായി സാക്ഷ്യം പ്രസ്താവിച്ചു. ഇതൊരു ഗംഭീര വാർത്തയാണ്. തീർച്ചയായും താങ്കൾക്ക് ഇതറിയുന്നതിൽ പ്രത്യേക സന്തോഷം ഉണ്ടെന്ന് എനിക്കറിയാം. വർഷങ്ങൾക്കുമുൻപ് താങ്കൾ അവനു വേണ്ടി മധ്യസ്ഥപ്രാർത്ഥന നടത്തിയതും അതു ഫലിച്ചെന്ന ഉറപ്പു ലഭിച്ചതിനെക്കുറിച്ചും ഞാൻ കേട്ടിട്ടുണ്ട്. റാൽഫ് ഗോസറ്റ് ഇപ്പോൾ കാനഡയിൽ എവിടെയോ ‘വയൽ പ്രദേശത്ത് അധ്വാനിക്കുന്നു’ എന്നാണറിയുന്നത്.”

കത്ത് ഇവിടെ അവസാനിക്കുന്നു. ഒരു പ്രാർത്ഥനയ്ക്ക് ഒരു വ്യാഴവട്ടത്തിനു ശേഷം ലഭിച്ച മറുപടി കത്തിൽ നിന്നു വ്യക്തം.

(തുടരും)

അടുത്തലക്കത്തിൽ:
**അങ്കിൾ ഡിക്കിനു ലഭിച്ച സൗഖ്യം.**





**Youth Section**




MEDITATIONS ON THE HOLY SPIRIT

# He wants unity

Sandeep Poonen

***Question:***

Can you please explain the Holy Spirit, how I might receive Him, and His role in my life?

***Answer:***

I want to start by talking about a verse in the Bible that even many serious Christians probably don't have a clear understanding about: John 14:12 – “*Truly, truly, I say to you, he who believes in Me, the works that I do, he will do also; and greater works than these he will do; because I go to the Father.*”

What this verse seems to clearly tell me is that true Christians today will do the works that Jesus did; but not only that, we will do even greater works than what Jesus did. I'm sure most of us will readily agree that it is pretty hard to think of "works" that we can do that can be greater than what Jesus did. If we go to a remote village and bring thousands of villagers to believe in Jesus Christ and be His disciples would that be a *greater* work than Jesus –because He had only 12 disciples, and we were able to draw 1000? I don't think so. I don't think numbers have EVER mattered in God's kingdom. God can do a whole lot through even a few (think David, Joshua and Caleb, Gideon and his mere 300, etc).

If Jesus meant what He said and that we truly can do a GREATER work than even Jesus did, then it must be something that is greater in God's eyes. This work that we do should be something that Jesus could NOT do as well as we can, and that also has true eternal weight.

So what then is this greater work? I will tell you what I have been taught about this verse, and that makes a lot of sense to me.

The first thing to recognize is that the reason we are able to do greater works than what Jesus did is mentioned at the end of this verse: "*because I am going to the Father*." It is only because Jesus went to the Father that we are capable of doing greater works than He did.

And what happened when Jesus went to the Father? Well, we know that it was only after He went that the Holy Spirit could dwell inside of us. So this underlines the reality that it is only through the ministry of the Holy Spirit that we are able to do an even greater work than what Jesus did.

But that's still not the full answer, because Jesus was ALWAYS full of the Holy Spirit, so we definitely do not have access to a greater Holy Spirit than He did. So if we have the same Holy Spirit, how do we get to do a greater work?

So I find the full answer in *John 17:20-23 - I do not ask on behalf of these alone, but for those also who believe in Me through their word; that they may all be one; even as You, Father, are in Me and I in You, that they also may be in Us, so that the world may believe that You sent Me. The glory which You have given Me I have given to them, that they may be one, just as We are one; I in them and You in Me, that they may be perfected in unity, so that the world may know that You sent Me, and loved them, even as You have loved Me*.

As Jesus neared the end of His life, the biggest burden of Jesus for His disciples as well as for all those who believed in His Name, was that we would be one with the Father and the Son, and with one another. **It was this unity in love that Jesus desired most of all. But it was this unity that Jesus simply could NOT accomplish while He was on this earth**.

Even at the last Supper, after Jesus had washed their feet, and after Jesus had said that He was going to offer up His body to be broken for them, the disciples even still began to argue about which of them was the greatest. And there was no enduring unity among the disciples when the soldiers came for Him. And the disciples were not united among themselves either. So even after listening to the greatest preacher for 3+ years revealing the greatest truths about God, they still could not be one with God or with one another.

But it was not purely their fault. Because of the deep-rooted selfishness that resides in every human heart, NO human being is able to truly unite with God or other





humans as God desires. It is only through the power of the Holy Spirit dwelling within us that we can be one with the Father and the Son, and that we can be united with the same kind of unity with other like-minded people. It is only the Holy Spirit within a believer Who can do the work of uniting the individual believer to the Father and the Son. And it is only the Holy Spirit within two believers Who can unite them with a divine bond as well.

**And it is with this core passion for UNITY (with God and one another) that the fruit and gifts of the Holy Spirit are best understood**.

**FRUIT OF THE HOLY SPIRIT:**

The primary passage that describes the fruit of the Holy Spirit is in *Galatians 5:22-23 – But the fruit of the Spirit is love, joy, peace, patience, kindness, goodness, faithfulness, gentleness, and self-control*.

Now picture for a minute how fruit grows on a tree. Do you see the branch groaning and sweating and trying to bear fruit? Not so much! If the branch simply remains connected (united) to the tree, it WILL bear fruit.

This is exactly what Jesus also says about how we would bear fruit. ***John 15:5 – I am the vine.*** This abiding – where I am in Him and He is in me, is what will cause me to bear much fruit. More and more, we will AUTOMATICALLY (instinctively) bear the fruit of the Holy Spirit as we stay united with Jesus. This is why it is so crucial to talk to God often (praying without ceasing), and always staying close to Him (Abide in Me).

The secret of the wonderful virtues that constitute the fruit of the Holy Spirit is NOT my own will-power and my own self-control. And let me make sure we understand this point.

The fruit of the Holy Spirit that is self-control is very different from a self-control that comes from my self-will. And here's the difference:

- ✦ Self-control that comes from my will-power is where I have a moral compass that tells me what is right and wrong. And since I desire to do what is right, I use my will-power to have self control in any area (not to commit adultery, not to retaliate, etc).
- ✦ Self-control that comes as the fruit of the Holy Spirit is where the Holy Spirit makes Jesus so enjoyable and magnificent in my eyes – that I don't want to do anything that will make Him sad, or will make me have to part ways with Him. The company of Jesus is so enjoyable that I long to always be close to Him. And as I walk every day with this as my primary desire, I find over time that I more naturally choose not to flirt with my co-worker or retaliate against my neighbor. **But it is all so that I can remain close to Jesus**.

So it is in the MOTIVE behind my choice that determines whether it is just my self-effort or whether it is the natural FRUIT of the Holy Spirit working in me (Remember as I mentioned last month, the Holy Spirit wants to make Jesus more and more enjoyable to me).

**GIFTS OF THE HOLY SPIRIT:**

The gifts of the Holy Spirit are mentioned in a few different passages – namely Romans 12:6-8, 1 Corinthians 12:27-30, and Ephesians 4:11-16. I don't want to go into a detailed description of each of these gifts. Rather, I want to remind you of the overall REASON why the gifts Holy Spirit are given in the first place to us: **SO THAT WE CAN BE UNITED WITH ONE ANOTHER**.

The passage in Ephesians 4:1-16 is very instructive in showing this. I will highlight certain phrases in this passage that stand out to me:

✦ *Verse 4a, 7 –There is one body and one Spirit… but grace was given to each one of us according to the measure of Christ's gift.*

✦ *Verse 12 – for the equipping of the saints for the work of service, to the building up of the body of Christ*

✦ *Verse 13 – until we all attain to the unity of the faith, and of the knowledge of the Son of God, to a mature man, to the measure of the stature which belongs to the fullness of Christ.*

✦ *Verse 15* - *but speaking the truth in love, we are to grow up in all aspects into Him who is the head, even Christ*

And here is how I would summarize these verses in my own words:

✦ God provides the overall leadership in the church (verse 11) so that EVERY MEMBER OF THE LOCAL CHURCH can be equipped for helping build the Body of Christ (verse 12).

✦ And every member must keep laboring until ALL attain the unity of the faith and are mature in the faith – even to the fullness of Christ (verse 13-14).

✦ Every member is to grow up IN EVERY WAY into Christ (verse 15).

✦ The Body of Christ (represented in the local church) is built up when EVERY MEMBER WORKS PROPERLY in its individual tasks (verse 16).

This is why the Holy Spirit has given us gifts. So every single member of the Body of Christ must seek God for the gift that God wants to give them. Nobody is excused from doing their part, because every member of the Body is precious and valuable. And the purpose of our individual gift is NOT to impress other people, or to start our own ministry. Sadly, this is what people think the gifts of the Holy Spirit are for. But this is incorrect. The Holy Spirit comes with gifts for each of us ONLY SO THAT we help BUILD UP OTHERS and UNITE THEM to Christ – even as we ourselves strive to be individually UNITED TO CHRIST in His Body.

I hope this makes sense.

✦ I hope that you will read this carefully and a few times over (if necessary), so that this \makes a makes a definite difference in the way we seek the fruit and the gifts of the Holy Spirit.

✦ I hope that we will be rooted and grounded in our love for Jesus that we will more and more naturally bear the fruit of the Holy Spirit that is also the character of Jesus.

✦ I hope that we will also seek to view our local church as the place to ACTIVELY use the gifts of the Holy Spirit to build OTHERS up. So we don't go to one extreme of trying to build our own name and reputation up in the church, and we also don't go to the other extreme of sitting in a corner and thinking that others will do most the work.

And throughout all of this, may we constantly remind ourselves that this is all so that this is a most holy calling (doing an EVEN GREATER WORK than what Jesus did). Because we get to increase our unity with the Father and the Son, and we also get to increase our unity with other likeminded people– ALL through the magnificent power of the Holy Spirit.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

വാല്യം 10 ഒക്ടോബർ 2011 ലക്കം 10



**എഡിറ്റോറിയൽ ബോർഡ്**

ജോജി ടി. സാമുവൽ
ജോസ് മാത്യു
മാത്യു ജോർജ്
ബേബി ചെറിയാൻ
സാജു ജോസഫ്
മാനേജർ
ജെയ്സൺ മാത്യു



**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686016,
ഫോൺ0481 - 2391519,
8281037519



**വിദേശപ്രതിനിധികൾ**

**U.S.A - Binoy James**
Phone 512900-2808(R)512836-5028(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-8485 287
E-mail: skuruvi@gmail.com


മൊഴിമുത്ത്

## സഭയുടെ അവസ്ഥ



ദൈവം തന്റെ സ്വന്തം സഭയെ ഇന്നു കേടുപാടുകൾ തീർത്തു ശുദ്ധീകരിച്ച് വൃത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അവിടുന്ന് ആദിയിലെ അന്ത്യം അറിയുന്നവനാകയാൽ അവിടുന്നു നമ്മെ ക്രിസ്തുവിൽ പൂർണമായി കാണുന്നു. നാം അവിടുത്തെപ്പോലെയാകുന്ന ദിവസം സമാഗതമാകുകയാണ്. അതിനു മുൻപുള്ള ഇടവേളയാണ് ഇപ്പോൾ. ഈ ഇടവേളയിൽ യഥാർത്ഥ സഭയുടെ പണി തീർക്കാനായി ദൈവം അതിനു ചുറ്റും ഉയർത്തിയിരിക്കുന്ന വെച്ചുകെട്ടുകൾ മാത്രമാണു ലോകം കാണുന്നത്? ഇതുകണ്ടു മടുത്തു പോകേണ്ട.

**റൂത്ത് ഗ്രഹാം.**

## എപ്പോഴും ജാഗ്രത...




'സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക' *(2 തിമൊ. 4:2)*

## "I HAVE NO HANDS BUT YOURS"

During World War II, a church building in Strasbourg, France was destroyed. After the bombing, the members surveyed the area to see what damage was done. They were pleased that a statue of Christ with outstretched hands was still standing. It had been sculpted centuries before by a great artist.

Taking a closer look, the people discovered both hands of Christ had been sheered off by a falling beam. Later, a sculptor in the town offered to replace the broken hands as a gift to the church. The church leaders met to consider the offer and decided not to accept it. They felt the statue without hands would be a great illustration that God's work is done through his people.

The church decided to put up a plaque at the base that states, "I have no hands but yours."

This is a reference to a poem by St. Teresa of Avila that begins: "Christ has no body now on earth but yours, no hands but yours, no feet but yours."

Dieter F. Uchtdorf, once quoted : "Disciples of Christ throughout all ages of the world have been distinguished by their compassion.... In the end, the number of prayers we say may contribute to our happiness, but the number of prayers we answer may be of even greater importance. Let us open our eyes and see the heavy hearts, notice the loneliness and despair, let us feel the silent prayers of others around us, and let us be an instrument in the hands of the Lord to answer those prayers".

Truly, in the church, we are the "hands of Christ". If Christ is to minister to the poor, it must be through our hands. If he is to take care of the sick, it must be through our hands. If he is to reach out to those who are lonely, it must be through our hands.

See something around you that Christ needs to take care of today? He has no hands........but your hands!

Dear Lord we thank You that we are Your hands. We pray that we would use them to help, show Your love. In Jesus' Name, Amen.

Now you are the body of Christ, and each one of you is a part of it.
1 Corinthians 12:27 (New International Version)

## *Just a minute*

'എന്റെ അടുക്കൽ വരുവിൻ ഞാൻ
നിങ്ങളെ ആശ്വസിപ്പിക്കും.....
നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം
കണ്ടെത്തും'
*(മത്തായി 11: 28,29)*



*Pheba Cleetus*